**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി V

# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (WORKS, TRANSPORT AND COMMUNICATIONS)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ 26-ാംതീയതി സമർപ്പിച്ചത്

(Presented on 26th June, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-◌ാ◌ം ചട്ടത്തിന്റെ (1)-◌ാ◌ം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

831/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 30 |

# വിഷയനിർണ്ണയ സമിതി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങള്</u>:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങള്</u>:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്)

ശ്രീമതി കെ. കെ. ലതിക

*ശ്രീ. സി. പി. മുഹമ്മദ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. സി. എഫ്. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി

ശ്രീ. കെ. മോഹൻദാസ്, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

---

*19-5-2014-ലെ 540-ാം നമ്പർ ബുള്ളറ്റിന്—ഭാഗം 2 പ്രകാരം ശ്രീ. സി. പി. മുഹമ്മദിനെ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V-ലെ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V (2011-2013)-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിന്— ഭാഗം 2 നമ്പർ 15 പ്രകാരം നിലവിൽവന്ന മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയിൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചെയർമാനും ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവർ എക്സ്-ഒഫീഷ്യോ അംഗങ്ങളും നിയമസഭാംഗങ്ങളായ സർവ്വശ്രീ കെ. വി. അബ്ദുൾ ഖാദർ , ബെന്നി ബെഹനാൻ , ജോസ് തെറ്റയിൽ , കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്), ശ്രീമതി കെ. കെ. ലതിക, ശ്രീ. കെ. മുരളീധരന്, ശ്രീ. കെ. രാജു, ശ്രീ. സി. എഫ്. തോമസ് എന്നിവർ സമിതി അംഗങ്ങളുമായിരുന്നു. 2013 ഡിസംബർ 27-ാം തീയതിയിലെ ബുള്ളറ്റിന്—ഭാഗം 2 നമ്പർ 463 പ്രകാരം പുനഃസംഘടിപ്പിച്ച സമിതിയിൽ പഴയ അംഗങ്ങൾ തന്നെ തുടർന്നു. 2014 ജനുവരി 29-ലെ 505-ാം നമ്പർ ബുള്ളറ്റിന്—ഭാഗം 2 പ്രകാരം എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിക്കു പകരം ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ നാമനിർദ്ദേശം ചെയ്തു. തുടർന്ന് 2014 ഏപ്രിൽ 29-ാം തീയതിയിലെ ബുള്ളറ്റിന്—ഭാഗം 2 നമ്പർ 534 പ്രകാരം സമിതി അംഗമായ ശ്രീ. ബെന്നി ബെഹനാൻ അംഗത്വം രാജിവയ്ക്കുകയും 2014 മേയ് 19-ാം തീയതിയിലെ ബുള്ളറ്റിന്—ഭാഗം 2 നമ്പർ 540 പ്രകാരം ശ്രീ. സി. പി. മുഹമ്മദിനെ സമിതി അംഗമായി നാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

റിപ്പോർട്ട് കാലയളവിൽ സമിതി 29-4-2013, 8-5-2013, 15-5-2013, 11-6-2013, 2-7-2013, 11-9-2013, 13-11-2013, 18-12-2013, 19-2-2014, 26-2-2014, 19-3-2014 എന്നീ തീയതികളിലായി 11 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 29-4-2013, 8-5-2013 എന്നീ തീയതി കളിലെ യോഗങ്ങൾ 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 15-5-2013-ലെ യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് , ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണനയ്ക്കുമാണ് ചേർന്നത്. സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിന്മേലുമുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണനയ്ക്കും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235

(എ) പ്രകാരമുള്ള ചർച്ചയ്ക്കുമായി 11-6-2013, 11-9-2013, 13-11-2013, 18-12-2013 എന്നീ തീയതികളിൽ യോഗം ചേർന്നു.
സമിതിയുടെ 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി 2-7-2013-ൽ സമിതി യോഗം ചേർന്നു. 19-2-2014, 26-2-2014 എന്നീ തീയതികളിലെ യോഗങ്ങൾ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 19-3-2014-ലെ യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയ്ക്കും ചേർന്നു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 50% ആയിരുന്നു.

ഈ റിപ്പോർട്ട് 3 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത് ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് വിഷയനിർണ്ണയ സമിതി V-ന്റെ പരിഗണനനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 17-6-2014-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2014 ജൂൺ 17.

# റിപ്പോർട്ട്

## ഭാഗം 1

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V 29-4-2013, 8-5-2013 എന്നീ തീയതികളിൽ യോഗംചേരുകയും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും 15-5-2013-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

19-2-2014, 26-2-2014 എന്നീ തീയതികളിലെ സമിതി യോഗങ്ങൾ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും 19-3-2014-ലെ യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. സമിതി പരിഗണിച്ച ധനാഭ്യർത്ഥനകൾ ചുവടെ ചേർക്കുന്നു :

ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL—തുറമുഖം

ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 10-6-2013-ന് സഭയിൽ സമർപ്പിച്ചു. സമിതിയുടെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 20-6-2013-നും സമിതിയുടെ 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-7-2013-നും സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ

## 2006-2007-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശിപാർശ

3055-00-004-96—ഭരണ നവീകരണ പദ്ധതിയുടെ കീഴിലുള്ള റോഡ് സുരക്ഷാ നടപടികൾ

റോഡ് സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ സമിതി രൂപീകരിക്കുക, സ്കൂളുകളിലും കോളേജുകളിലും റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുകയും അദ്ധ്യാപകരെ റോഡ് സുരക്ഷാ നടപടികളിൽ പരിശീലിപ്പിക്കുക, ദേശീയ ജില്ലാ പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രികളിൽ 6 ട്രോമാകെയർ യൂണിറ്റുകൾ സജ്ജീകരിക്കുക, ഹൈവേ പോലീസ് യൂണിറ്റുകൾക്ക്

ഫസ്റ്റ് എയ്ഡ് കിറ്റുകൾ നൽകുക, മോട്ടോർ ഡ്രൈവിംഗ് സ്കൂളുകളെ നിരീക്ഷിക്കാൻ മേഖലാ തലത്തിൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുക, ഡ്രൈവർമാർക്കുവേണ്ടി അവബോധ പരിപാടി സംഘടിപ്പിക്കുക, കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന സംവിധാനം ജില്ലാതലത്തിൽ ഏർപ്പെടുത്തുക, വിവിധ റോഡ് സുരക്ഷാ നടപടി കളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ പ്രചരണ പരിപാടി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരി ക്കുന്നത്. ഈ ശീർഷകത്തിൽ അനുവദിച്ച ഒരു ലക്ഷം രൂപ തികച്ചും അപര്യാപ്തമാ യതിനാൽ 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

2005-2006 സാമ്പത്തിക വർഷത്തിൽ ഭരണ നവീകരണ പദ്ധതിയുടെ കീഴിലുള്ള റോഡ് സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി 1 ലക്ഷം രൂപ മാത്രമാണ് വകകൊള്ളിച്ചിരുന്നത്. 307 ലക്ഷം രൂപ ചെലവുവരുന്ന പരിപാടികൾ ഈ പദ്ധതിയിൽ നടപ്പിലാക്കാൻ ആയിരുന്നു തീരുമാനം. ആയതിനാൽ അനുവദിച്ച 1 ലക്ഷം രൂപയ്ക്കു പുറമെ 307 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 22-2-2006-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.) നമ്പർ 1363/06/ജി.എ.ഡി. പ്രകാരം 209.5 ലക്ഷം രൂപ 3451-00-101-82—Other items approved for implementation from DIP under MGP (Plan) എന്ന കണക്കിനത്തിൽ അനുവദിച്ചിരുന്നു. 3055-00-004-96 എന്ന കണക്കിനത്തിന് പകരം 3451-00-101-82 എന്ന കണക്കിനത്തിലാണ് അധികം തുക അനുവദിച്ചത്. 209.5 ലക്ഷം രൂപയിൽനിന്ന് ഒൻപത് പ്രവർത്തനങ്ങൾ നടപ്പിലാക്കു ന്നതിനായി 149.27 ലക്ഷം ചെലവഴിക്കുകയും ബാക്കി തുകയായ 60.22 ലക്ഷം രൂപ 31-3-2006-ൽ തിരിച്ചടയ്ക്കുകയും ചെയ്തു. 3055-00-004-96-ൽ അനുവദിച്ച 1 ലക്ഷം രൂപ ചെലവഴിക്കാത്തതിനാൽ പ്രസ്തുത തുകയും തിരിച്ചടച്ചു. 2007-2008 സാമ്പ ത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയിൽ 158.83 ലക്ഷം (307 ലക്ഷം-149 ലക്ഷം) രൂപ അനുവദിക്കണമെന്ന നിർദ്ദേശപ്രകാരം 7-8-2007-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.) നമ്പർ 287/2007/ട്രാൻസ്. പ്രകാരം 3055-00-004-96 എന്ന ശീർഷകത്തിൽ 158.86 ലക്ഷം രൂപ അനുവദിക്കുകയും അതിൽനിന്ന് 142.16 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>ശിപാർശ</u>

3054-80-004-99—<u>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനുംവേണ്ടി

യുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. മോട്ടോർ വാഹനങ്ങൾ, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി 30 ലക്ഷം രൂപ കൂടി ആവശ്യമായി വരുന്നതിനാൽ ഉചിതമായ മാർഗ്ഗത്തിൽകൂടി 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

3054-80-004-99 എന്ന ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത് ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിനുമാണ്. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 150.57 ലക്ഷം രൂപയും ചെലവ് 111.33 ലക്ഷം രൂപയുമാണ്. ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിലായതിനാൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

5054-01-101-99—പാലങ്ങളും കലുങ്കുകളും

നാഷണൽ ഹൈവേ അർബൻ ലിങ്കുകളിലെ പാലങ്ങളുടെ പുനർനിർമ്മാണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 500 ലക്ഷം രൂപ ഈ ഹെഡ്ഡിലേക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല. അതിനാൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

5054-01-337-98—വികസനവും പരിഷ്കരണവും

നാഷണൽ ഹൈവേ അർബൻ ലിങ്കുകളിലെ റോഡുകളിലെ പരിഷ്കരണം കേശവദാസപുരം-പി.എം.ജി., മണ്ണന്തല-കേശവദാസപുരം റോഡുകൾ നാലുവരിയാക്കി വീതികൂട്ടുന്നതിന് അനുവദിച്ച തുക തീരെ അപര്യാപ്തമായതിനാൽ ടി ഇനത്തിൽ 335.25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല. അതിനാൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

5054-01-337-97—ഉപ പാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണം

ഉപ പാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിന് ഈ വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. നഗരങ്ങളിൽ വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് പരിഗണിച്ച് ദേശീയപാത വിഭാഗത്തിന് 400 ലക്ഷം രൂപയെങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

അധിക തുകയൊന്നും ആവശ്യമായി വന്നില്ല.

ശിപാർശ

5054-01-800-99—ദേശീയപാതയിലെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

ഈ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ഹെഡ്ഡിലേക്ക് 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യംവന്ന മുറയ്ക്ക് അനുവദിച്ചിട്ടുണ്ട്. ചെലവ് 77.46 ലക്ഷം രൂപയാണ്.

ശിപാർശ

5054-04-800-89 (01)—നബാർഡ് സഹായത്തോടെയുള്ള പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 7001.65 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല, റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുകയൊന്നും വകയിരുത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ 60 കോടി രൂപകൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശപ്രകാരം അനുവദിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു :

| *വർഷം* | *ശീർഷകം* | *ബഡ്ജറ്റ് തുക* | *അധികമായി അനുവദിച്ച തുക* | *ചെലവായ തുക* |
|---|---|---|---|---|
| 2007-2008 | 5054-04-800-89—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ | | | |
| | (1) റോഡുകളുടെ നിർമ്മാണവും വികസനവും | .. | 31,45,66,855 | 31,45,66,855 |
| | (2) പാലങ്ങളുടെ നിർമ്മാണവും വികസനവും | 70,01,65,000 | 1,48,51,110 | 71,50,16,110 |

<u>പൊതു ശിപാർശ</u>

CRF പണികൾക്ക് 10 കോടി രൂപയാണ് കേന്ദ്രം അനുവദിക്കുന്നത്. വർക്കിന്റെ എസ്റ്റിമേറ്റ് 12 കോടിയോ അതിൽ കൂടുതലോ ആകാറുണ്ട്. അനുവദിക്കുന്ന തുകയുടെ 10 ശതമാനം കൂടി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. ബാക്കിവരുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. എന്നാൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ അധികമായി വരുന്ന തുക അനുവദിക്കുന്നതിന് പലപ്പോഴും സംസ്ഥാന സർക്കാരിന് കഴിയുന്നില്ല. സംസ്ഥാന സർക്കാർ തുക അനുവദിക്കാത്തതിനാൽ പൂർത്തിയാകാതെ കിടക്കുന്ന CRF വർക്കുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. 2007-2008 സാമ്പത്തിക വർഷം CRF-ൽ അംഗീകാരം കിട്ടിയ 8 പ്രവർത്തനങ്ങളും ആരംഭിക്കുകയും 7 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഒരു പ്രവൃത്തി പുരോഗതിയിലാണ്. ഫണ്ട് ദൗർലഭ്യം കാരണം 2007-2008 വർഷത്തിൽ അനുമതി കിട്ടിയ പണികളൊന്നും പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടില്ല.

<u>പൊതു ശിപാർശ</u>

15 ലക്ഷം രൂപയിൽ താഴെ വരുന്ന റോഡ് പണികൾക്കായുള്ള ടാർ, വകുപ്പ് വാങ്ങി നൽകുകയും 15 ലക്ഷത്തിൽ കൂടുതൽ ഉള്ളത് കോൺട്രാക്ടർമാർ

വാങ്ങുകയുമാണ് ചെയ്യുന്നത്. എം.എൽ.എ./എം.പി. മാരുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന റോഡ് പണികളിൽ ടാറിന് എക്സസ് വന്നാൽ വകുപ്പ് അത് അനുവദിക്കാത്തതു കാരണം പല പണികളും മുടങ്ങിക്കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ടാർ വാങ്ങിയ ഇനത്തിൽ നിലവിലുള്ള എക്സസ് ബില്ലുകൾ നൽകുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

## സ്വീകരിച്ച നടപടി

എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന റോഡ് പണികളിൽ ടാറിന് അധികവില (എക്സസ്) നൽകേണ്ടിവരുന്ന സാഹചര്യത്തിൽ അത് ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അനുമതിയോടുകൂടി ടി ഫണ്ടിൽ നിന്നോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി/പദ്ധതിയേതര വിഹിതം/ തനത് ഫണ്ട് എന്നിവയിൽ നിന്നോ അനുവദിച്ചു നൽകാവുന്നതാണ് എന്ന് വ്യക്തമാക്കി സർക്കാർ 4-11-2013-ൽ 88/2013/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

# 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

## ശിപാർശ

കെ.എസ്.ആർ.ടി.സി.യുടെ വർദ്ധിച്ചുവരുന്ന പെൻഷൻബാധ്യത സർക്കാർ ഏറ്റെടുക്കുകയോ പെൻഷന് തുല്യമായ തുക സർക്കാർ ഗ്രാന്റായി നൽകുകയോ വേണമെന്ന വിഷയനിർണ്ണയ സമിതിയുടെ മുൻ ശിപാർശ താമസംവിനാ (2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് ഖണ്ഡിക 7) നടപ്പിലാക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

ഹഡ്കോയിൽ നിന്നും വായ്പയെടുത്ത് 440 ബസ്സുകൾ ഇതിനകംതന്നെ കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ട്. ഇതിനായി പ്രതിദിനം 5 ലക്ഷത്തോളം രൂപ മുതലും പലിശയുമായി നൽകേണ്ടതുണ്ട്. ആയതിനാൽ ഹഡ്കോ ലോണിന് പകരം സർക്കാർ പലിശരഹിത വായ്പ നൽകുകയോ അല്ലെങ്കിൽ വായ്പയ്ക്കുള്ള പലിശാ സഹായം നൽകുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സ്വീകരിച്ച നടപടി

വർഷാവർഷം ബഡ്ജറ്റിൽ വകയിരുത്തി തുക നൽകുന്നതിനു പുറമേ ഉപധനാഭ്യർത്ഥനയിലൂടെയും മറ്റും കോടിക്കണക്കിന് രൂപ സർക്കാർ കെ.എസ്.ആർ. ടി.സി.ക്ക് നൽകാറുണ്ട്. ഇതിനുപരിയായി ഏതെങ്കിലുമൊരു സാമ്പത്തിക ബാധ്യത ഏറ്റെടുക്കുക എന്നത് നടപ്പിലാക്കാൻ പ്രയാസമുള്ള കാര്യമാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ആകയാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കെ.എസ്.ആർ. ടി.സി.യുടെ പെൻഷൻബാധ്യതകൂടി ഏറ്റെടുക്കുന്നതിനും ഹഡ്കോ ലോണിനുപകരം പലിശരഹിത വായ്പ അനുവദിക്കുന്നതിനോ വായ്പയ്ക്കുള്ള പലിശാ സഹായം അനുവദിക്കുന്നതിനോ പര്യാപ്തമല്ല.

ശിപാർശ

2008 മാർച്ചോടെ കെ.ടി.ഡി.എഫ്.സി.ക്കുള്ള കടബാധ്യത 416 കോടി രൂപയാണെന്നും ഇതിന്റെ തിരിച്ചടവിനായി പ്രതിമാസം 17.5 കോടി രൂപ ആവശ്യമായി വരുന്നുവെന്നും സമിതി വിലയിരുത്തുന്നു. മന്ത്രിസഭാ ഉപസമിതിയുടെ പാക്കേജിൽ കെ.ടി.ഡി.എഫ്.സി.ക്കുള്ള വായ്പയെ സംബന്ധിച്ച് എത്രയുംവേഗം തീരുമാനമെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

1-8-2010-ൽ കെ.ടി.ഡി.എഫ്.സി.ക്ക് കെ.എസ്.ആർ.ടി.സി. നൽകാനുണ്ടായിരുന്ന കടബാധ്യതയായ 539.56 കോടി രൂപയുടെ തിരിച്ചടവ് 12-10-2010-ലെ G.O. (Rt.) നമ്പർ 440/2010/ഗതാഗതം എന്ന സർക്കാർ ഉത്തരവിൻപ്രകാരം 1-11-2010-ൽ പുനഃക്രമീകരിച്ചിട്ടുണ്ട്.

ശിപാർശ

സമാന്തര സർവ്വീസുകൾ കാരണം പല റൂട്ടുകളിലും വരുമാനം കുറയുകയാണെന്നും കെ.എസ്.ആർ.ടി.സി.ക്ക് ഫലപ്രദമായി സർവ്വീസ് നടത്താൻ കഴിയുന്ന റൂട്ടുകളിൽ നിന്നെങ്കിലും സമാന്തര സർവ്വീസ് പൂർണ്ണമായി ഒഴിവാക്കുന്നതിന് പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും കർശന ഇടപെടൽ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിൽ സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, കെ.എസ്.ആർ.ടി.സി. വകുപ്പിലെ ഉദ്യോഗസ്ഥർ സംയുക്തമായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിശോധന ഏർപ്പെടുത്തിയിരുന്നു. സമാന്തര സർവ്വീസ് നിയന്ത്രിക്കുന്നതിന് രൂപീകരിച്ച സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് അറിയിച്ചതിനെ തുടർന്ന്, ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർക്കും ആഭ്യന്തര വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

വിവിധ ഡിപ്പോകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാനേജ്മെന്റ് വിദഗ്ദ്ധരുടെയും സാങ്കേതിക ജോലികൾക്കായി എഞ്ചിനീയറിംഗ് വിദഗ്ദ്ധരുടെയും സേവനം അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 40%

ഹയർ ഡിവിഷൻ കാറ്റഗറിയുടെ ഒഴിവുകൾ നേരിട്ടുള്ള നിയമനങ്ങളിലൂടെ ആയിരിക്കണമെന്ന് നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

കോർപ്പറേഷൻ ഡിപ്പോകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് മാനേജ്മെന്റ് വിദഗ്ദ്ധരുടെയും സാങ്കേതിക ജോലികൾക്ക് എഞ്ചിനീയറിംഗ് വിദഗ്ദ്ധരുടെയും സേവനം അത്യന്താപേക്ഷിതമാണെന്ന ശിപാർശയിന്മേൽ നടപടികൾ സ്വീകരിക്കുകയും കോർപ്പറേഷനിലെ ഉയർന്ന തസ്തികകളിലെ ഉദ്യോഗസ്ഥരുടെ 40% ഒഴിവുകൾ പി.എസ്.സി. മുഖേന തിരഞ്ഞെടുപ്പ് നടത്തി നികത്തുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കെ.എസ്.ആർ.ടി.സി. (Qualification and Method of Appointment of Higher Division Officers) റഗുലേഷൻസ്, 2012-ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ റഗുലേഷൻ പ്രകാരം ആകെ ഓഫീസർമാരുടെ 25% ഒഴിവുകൾ ജനറൽ വിഭാഗത്തിൽനിന്നും 15% ഒഴിവുകൾ തസ്തികമാറ്റംവഴിയും നികത്തുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 60% ഒഴിവുകൾ DPC തെരഞ്ഞെടുപ്പ് പട്ടിക പ്രകാരം നികത്തുന്നതാണ്.

ഈ റഗുലേഷൻസ് പ്രകാരം, ഓപ്പറേഷൻസ് വിഭാഗത്തിലെ 20 എ.റ്റി.ഒ.മാരെയും ഭരണ വിഭാഗത്തിലെ 11 എ.ഒ.മാരെയും തെരഞ്ഞെടുക്കുവാൻ പി.എസ്.സി.യോട് 27-11-2012-ൽ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ

മന്ത്രിസഭാ ഉപസമിതിയുടെ ശിപാർശയനുസരിച്ച് ഓയിൽ കമ്പനികൾക്ക് കെ.എസ്.ആർ.ടി.സി. കൊടുത്തു തീർക്കാനുള്ള 160 കോടി രൂപയുടെ ബാധ്യത ട്രാൻസ്പോർട്ട് ബോണ്ടായി ഇറക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ഇന്ത്യൻ ഓയിൽ കോർപ്പറേഷന് കുടിശ്ശിക തീർക്കുന്നതിനായി 2008-2009, 2009-2010, 2010-2011 വർഷങ്ങളിലായി സർക്കാർ 100 കോടി രൂപ വായ്പ അനുവദിച്ചിട്ടുള്ളതും ടി തുക മുഴുവൻ വിനിയോഗിച്ച് കുടിശ്ശിക തീർത്തിട്ടുള്ളതുമാണ്.

ശിപാർശ

3075-60-001-98—മറ്റ് ഗതാഗത സർവ്വീസുകൾ—ഭരണവും നടത്തിപ്പും—മേൽനോട്ടം

കൊല്ലത്ത് പ്രവർത്തിക്കുന്ന ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ തുടങ്ങിയവയിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്കുപുറമെ 34—മറ്റ് ചെലവുകൾ എന്ന കണക്കിനത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ തുടങ്ങിയവയിൽ അനുവദിച്ചിരുന്ന തുകയ്ക്കുപുറമെ 34—മറ്റ് ചെലവുകൾ എന്ന കണക്കിനത്തിൽ അധികമായി ആവശ്യമുള്ള 50,000 രൂപ ഉപധനാഭ്യർത്ഥനകളിലൂടെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

3075-60-800-97—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ

സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനായി നടപ്പു സാമ്പത്തിക വർഷത്തേക്ക് 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 31-3-2007 വരെയുള്ള കുടിശ്ശികത്തുക കൊടുത്തു തീർക്കുന്നതിന് 90 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ പ്രസ്തുത തുക ഉചിത മാർഗ്ഗത്തിൽകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപയാണ് ഈ കണക്കിനത്തിൽ അനുവദിച്ചിരുന്നത്. ഇതിനു പുറമേ ഉപധനാഭ്യർത്ഥനയിലൂടെ 156.57 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

5075-60-800-96—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് (ഉൾനാടൻ ജലഗതാഗതം—കേന്ദ്രാവിഷ്കൃതം)

പാർവ്വതീ പുത്തനാറിന്റെ റിവൈവൽ, വേളി-ആക്കുളം തടാകത്തിന്റെ പരിസ്ഥിതി പുനർനിർമ്മാണം, വർക്കലയിലുള്ള രണ്ട് ടണലുകളുടെ വികസനം തുടങ്ങിയവയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2008–2009 സാമ്പത്തിക വർഷത്തിൽ 2.71 ലക്ഷം രൂപ മാത്രമേ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചിട്ടുള്ളൂ. ഈ തുക സി.എസ്.എസ്.എ. അഡ്ജസ്റ്റ് ചെയ്യുന്നതിനു വേണ്ടിയുള്ളതാണ്.

ശിപാർശ

5075-60-800-94—(ഉൾനാടൻ ജലഗതാഗതം സ്റ്റേറ്റ് ആവിഷ്കൃതം)

കനാലുകളുടെ വശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ ഭിത്തികളുടെ നിർമ്മാണം, ഡ്രെഡ്ജിംഗ്, ഡീസിൽറ്റിംഗ് എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ഉചിതമായ മാർഗ്ഗത്തിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2008-2009 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപ (ഷെയർ ഡെബിറ്റ് ഉൾപ്പെടെ) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിനു പുറമെ 40 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കുകയുണ്ടായി.

ശിപാർശ

3054-01-001-99—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ—നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ഇതിൽ ഓഫീസ് ചെലവ് പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക 69,000-ൽ നിന്നും 1 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

അധികതുക ആവശ്യമായി വരാത്തതിനാൽ തുക അനുവദിച്ചില്ല.

ശിപാർശ

3054-01-001-98—മേൽനോട്ടവും നിർവ്വഹണവും

ദേശീയപാതകളുടെ നീളത്തിലും എണ്ണത്തിലും വർദ്ധനവ് വന്നതിനാൽ വിവിധ തരം പരിശോധനകൾക്കും അടിയന്തര ആവശ്യങ്ങൾക്കുമായി ഡിവിഷണൽ എഞ്ചിനീയർമാർ കൂടുതൽ യാത്ര ചെയ്യേണ്ടതായിവരുന്നു. ആയതിനാൽ ഓഫീസ് ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ., മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നിവയിൽ 10,10,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

അധികതുക ആവശ്യമായി വരാത്തതിനാൽ തുക അനുവദിച്ചില്ല.

ശിപാർശ

3054-01-104-800—നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണം

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണത്തിന് 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി ഉചിതമായ മാർഗ്ഗങ്ങളിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

അധികതുക ആവശ്യമായി വരാത്തതിനാൽ തുക അനുവദിച്ചില്ല.

ശിപാർശ

3054-01-800-99—മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന എൻ.എച്ച്-ന്റെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന നാഷണൽ ഹൈവേകളുടെ സംരക്ഷണത്തിന് അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

ആവശ്യമായ അധികതുക അനുവദിച്ചു. ചെലവ് 25.99 ലക്ഷം രൂപയാണ്.

ശിപാർശ

3054-05-102-99—സി.ആർ.എഫ്. പാലങ്ങൾ

നാഷണൽ ഹൈവേകളുടെ കീഴിൽവരുന്ന 'ആഴൂർക്കടവ്' പാലത്തിന്റെ ഈ വർഷത്തെ തുടർന്നുള്ള ജോലികൾക്കായി അനുവദിച്ചിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ ഈ തുക 6 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

അധികതുക ആവശ്യമായി വന്നില്ല. ചെലവ് 99.49 ലക്ഷം രൂപയാണ്.

ശിപാർശ

3054-05-337-99—സി. ആർ. എഫ്. റോഡുകൾ സാധാരണ വിഹിതം

നാഷണൽ ഹൈവേയുടെ കീഴിൽ വരുന്ന റോഡുകൾ, കടപ്ര-വീയപുരം റോഡ് എന്നിവയ്ക്കായി മൊത്തം 5,16,08,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അനുമതി ലഭിച്ച പ്രവൃത്തികൾക്കും പുതിയ പ്രവൃത്തികൾക്കുമായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 137 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല. ചെലവ് 5062.08 ലക്ഷം രൂപയാണ്.

ശിപാർശ

3054-05-800-99—സി. ആർ. എഫ്. റോഡുകളും പാലങ്ങളും

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം, അമരവിള-പെരുങ്കടവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികളുടെ അടുത്തഘട്ടം എന്നിവ അടിയന്തരമായി പൂർത്തീകരിക്കേണ്ടതിനാൽ 2008-09 വർഷത്തേയ്ക്ക് അനുവദിച്ച 1 ലക്ഷം രൂപ, 2 കോടി 25 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

അധികതുക ആവശ്യമായി വരാത്തതിനാൽ തുക അനുവദിച്ചില്ല.

ശിപാർശ

5054-01-337-98—എൻ. എച്ച്. അർബൻ ലിങ്ക് റോഡുകളിലെ പരിഷ്ക്കരണം.

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

അധികമായി ആവശ്യം വന്ന തുക അനുവദിച്ചിട്ടുണ്ട്. ചെലവ് 21.11 ലക്ഷം രൂപയാണ്.

ശിപാർശ

5054-01-337-97—ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണം

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. നഗരങ്ങളിൽ വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്ക് പരിഗണിച്ച് ദേശീയപാത വിഭാഗത്തിന് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

തുക ആവശ്യമായി വന്നില്ല.

ശിപാർശ

5054-01-800-99—ദേശീയപാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

അധികമായി ആവശ്യം വന്ന തുക അനുവദിച്ചിട്ടുണ്ട്. ചെലവ് 9.96 ലക്ഷം രൂപയാണ്.

ശിപാർശ

5054-05-337-99 (2)—റോഡുകളും പാലങ്ങളും സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ (50% കേന്ദ്രസഹായമുള്ളത്)

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമായതിനാൽ 137 കോടി രൂപ ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരാത്തതിനാൽ തുക അനുവദിച്ചില്ല.

പൊതുശിപാർശ

കേരളത്തിൽ നിന്ന് മറ്റു സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങൾ ഇടയ്ക്ക് നിറുത്തി യാത്രക്കാരെ മറ്റു ബസ്സുകളിൽ കയറ്റി വിടുന്നതുമൂലം യാത്രക്കാർക്ക് ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയാസമയങ്ങളിൽ

വാഹന പരിശോധന നടത്താനുള്ള നടപടി സ്വീകരിക്കണമെന്നും അനധികൃതമായി ഇന്റർ സ്റ്റേറ്റ് റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത് നിയന്ത്രിക്കുവാൻ ഡ്രൈവിംഗ് ലൈസൻസും പെർമിറ്റും മറ്റു രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും പരിശോധന കർശനമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സ്വീകരിച്ച നടപടി</u>

മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ക്വാഡുകൾ അന്തർസംസ്ഥാന റൂട്ടുകളിൽ ഇടക്കിടെ വാഹന പരിശോധന നടത്താറുണ്ട്. അനധികൃതമായ സർവ്വീസ് തടയുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ പെർമിറ്റ്, ലൈസൻസ് എന്നിവയും കർശനമായ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇപ്രകാരമുള്ള പരിശോധനകളെ തുടർന്ന് കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങൾ ഇടയ്ക്ക് നിർത്തി യാത്രക്കാരെ മറ്റ് ബസ്സുകളിൽ കയറ്റി വിടുന്നത് സംബന്ധിച്ച് ഇപ്പോൾ പരാതികളൊന്നും ലഭിക്കാറില്ല. അന്തർസംസ്ഥാന റൂട്ടുകളിൽ പരിശോധന കർശനമാക്കുവാൻ ഗതാഗത കമ്മീഷണർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ഇക്കാര്യം നിരീക്ഷണ വിധേയമാക്കി വരുന്നതുമാണ്.

## 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

<u>ശിപാർശ</u>

മുടങ്ങിക്കിടക്കുന്ന 9 റെയിൽവേ മേൽപ്പാലങ്ങളുടെ പണിപൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 17 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

<u>സ്വീകരിച്ച നടപടി</u>

മുടങ്ങിക്കിടക്കുന്ന 9 റെയിൽവേ മേൽപ്പാലങ്ങളുടെ പൂർത്തീകരണ പ്രവർത്തികൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് ഏറ്റെടുത്ത് നടത്തുന്നത്. എന്നാൽ അധികതുക റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് 5054-80-190-99, 7075-01-190-99, 7075-01-190-98 എന്നീ ശീർഷകങ്ങളിൽ അനുവദിച്ചു നൽകിയതിനാൽ 5054-80-800-74 എന്ന ശീർഷകത്തിൽ അധികതുക അനുവദിച്ചു നല്കിയിട്ടില്ല.

ശിപാർശ

5054-80-800-73—റോഡുകളും പാലങ്ങളും—മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

കേന്ദ്ര ഗവൺമെന്റ് പുതുതായി അനുമതി നൽകിയ 9 റെയിൽവേ മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കാൻ വേണ്ടി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

5054-80-800-73-എന്ന ശീർഷകത്തിൽ കേന്ദ്ര ഗവൺമെന്റ് പുതുതായി അനുമതി നൽകിയ 9 റെയിൽവേ മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കാൻവേണ്ടി വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികതുക അനുവദിക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക അധികാരപ്പെടുത്തൽ മുഖേന ടി പ്രവൃത്തിക്കാവശ്യമായ തുക അനുവദിച്ചു നൽകുകയുണ്ടായി. ഈ ശീർഷകത്തിൽ 2009-10 വർഷത്തെ മൊത്തം ചെലവ് 34 കോടി രൂപയാണ്.

ശിപാർശ

5054-80-800-78—റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണവും പുനരധിവാസവും (സുനാമി അടിയന്തര സഹായ പദ്ധതി)

കേന്ദ്ര സഹായത്തോടെയുള്ള സുനാമി അടിയന്തര പദ്ധതിയ്ക്ക് വേണ്ടിയുള്ള മരാമത്ത് പണികൾക്കായി നടപ്പു സാമ്പത്തിക വർഷത്തേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

5054-80-800-78-എന്ന ശീർഷകത്തിൽ ചെലവു വന്ന തുക 21.65 കോടി രൂപ അധിക അധികാരപ്പെടുത്തൽ മുഖേന അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

ശിപാർശ

5054-80-800-75—റോഡുകളുടെ പുനർനിർമ്മാണവും പുനരധിവാസവും (സുനാമി പദ്ധതി)

കേന്ദ്ര സഹായത്തോടെ നടക്കുന്ന സുനാമി പുനരധിവാസ പദ്ധതികൾക്കു വേണ്ടിയുള്ള ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

### സ്വീകരിച്ച നടപടി

5054-80-800-75-എന്ന ശീർഷകത്തിൽ ചെലവുവന്ന തുക 2.30 കോടി രൂപ അധിക അധികാരപ്പെടുത്തൽ മുഖേന അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

## 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശിപാർശ

3054-05-337-99—സി.ആർ.എഫ്. റോഡുകൾ സാധാരണ വിഹിതം

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന റോഡുകൾ കടപ്ര-വിയപുരം എന്നീ റോഡുകൾ, മറ്റു റോഡുകൾ എന്നിവയുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

### സ്വീകരിച്ച നടപടി

വിവിധ സി.ആർ.എഫ്. റോഡു പണികൾക്കായി 21.21 കോടി രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ

5054-01-052—റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ.

ഈ ശീർഷകത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. റോഡ് പണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

### സ്വീകരിച്ച നടപടി

5054-01-052-ഈ ശീർഷകത്തിൽ തുകയൊന്നും ആവശ്യമായി വരാത്തതിനാൽ വകയിരുത്തിയിട്ടില്ല.

### ശിപാർശ

5054-05-800-99—സി.ആർ.എഫ്. റോഡുകളും—പാലങ്ങളും (സാധാരണ വിഹിതം)

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് ഒരു ലക്ഷം രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുക അനുവദിച്ചു. 6.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

<u>പൊതുശിപാർശ</u>

സംസ്ഥാനത്തെ വിവിധ റോഡ് സുരക്ഷാ പദ്ധതികളുടെ ഭാഗമായുള്ള റോഡ് നവീകരണത്തിന് റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും പരമാവധി തുക കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ പ്രകാരം 2011-12 വർഷം റോഡ് സുരക്ഷ ഫണ്ടിൽനിന്നും തുക അനുവദിക്കാൻ പൊതുമരാമത്ത് വകുപ്പ് 10 വർഷത്തെ ഒരു റോഡ് സുരക്ഷാ പ്ലാൻ തയ്യാറാക്കി നൽകുകയുണ്ടായി. ഇതിൻപ്രകാരം 2011-12 വർഷം 306 കോടി രൂപയും, വരുന്ന മൂന്ന് വർഷത്തേയ്ക്കായി 1330 കോടി രൂപയും പത്ത് വർഷത്തേയ്ക്ക് 6636 കോടി രൂപയുടെ ആവശ്യകത അറിയിക്കുകയുണ്ടായി. എന്നാൽ 2011-12 വർഷം റോഡ് സുരക്ഷാ ഫണ്ടിൽ നിന്നു തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

<u>പൊതുശിപാർശ</u>

5054-03 എന്ന ശീർഷകത്തിലെ സംസ്ഥാന രാജപാതകൾ എന്ന വാക്കിന് പകരം ഭാവിയിൽ സംസ്ഥാന പാതകൾ എന്ന് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

<u>സ്വീകരിച്ച നടപടി</u>

5054-03 എന്ന ശീർഷകത്തെ 'സംസ്ഥാന രാജപാതകൾ' എന്ന വാക്കുകൾക്ക് പകരം 'സംസ്ഥാന പാതകൾ' എന്ന് മാറ്റാൻ 2013-14 വർഷത്തെ ബഡ്ജറ്റിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

5055-00-800-84—<u>ട്രക്ക് ടെർമിനൽ, കൊച്ചി</u>

എറണാകുളത്ത് കളമശ്ശേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രക്ക് പാർക്കിംഗ് ഏരിയയുടെ നിർമ്മാണത്തിനായി 7 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

സ്വീകരിച്ച നടപടി

കൊച്ചി ട്രക്ക് ടെർമിനൽ നിർമ്മാണം 2011-12 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഡിമാന്റ് XLI-യിൽ 5055-00-800-84 എന്ന ശീർഷകത്തിൽ ഗതാഗത വകുപ്പിന്റെ ശിപാർശ അനുസരിച്ചുവന്ന പുതിയ പദ്ധതിയാണ്. പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് 5055-00-800-84-(പ്ലാൻ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്നതല്ല. ആയതിനാൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് യാതൊരുവിധ നടപടികളും പൊതുമരാമത്ത് വകുപ്പിൽ നിന്ന് സ്വീകരിച്ചിട്ടില്ല.

ശിപാർശ

3075-60-800-96—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിലേക്ക് 25.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾക്കായും സ്ഥലമെടുപ്പിനായും കേന്ദ്ര ഗവൺമെന്റ് പദ്ധതിയ്ക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന 15% സംസ്ഥാന സർക്കാർ ഓഹരി കമ്പനിയ്ക്ക് നൽകുന്നതിനും മറ്റുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിലേക്ക് 200 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്കായി "3075-60-80-96 (PV)" ശീർഷകത്തിൽ 50 ലക്ഷം രൂപയാണ് ബഡ്ജറ്റ് പ്രൊവിഷനായി ആദ്യം വകയിരുത്തിയിരുന്നത്. തുടർന്ന് ബഡ്ജറ്റ് പ്രൊവിഷനുപുറമെ ടി ശീർഷകത്തിൽ അധികധനവിനിയോഗം പ്രകാരം 2.5 കോടി രൂപയും ഉപധനാഭ്യർത്ഥന-1 പ്രകാരം 25 കോടി രൂപയും അനുവദിച്ചിരുന്നു. കൂടാതെ "5075-60-800-83 (PV)" ശീർഷകത്തിൽ ഭേദഗതി പത്രിക പ്രകാരം 25 കോടി രൂപയും അനുവദിച്ചിരുന്നു. മേൽ രണ്ട് ശീർഷകങ്ങളിലുമായി ആകെ 53 കോടി രൂപ 2011-12 സാമ്പത്തിക വർഷം വകയിരുത്തുകയും ആയത് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

3054-04-105-97—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റെടുത്ത 8575 കി. മീ. റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി 2012-13 സാമ്പത്തികവർഷത്തിൽ പുതുതായി ആരംഭിച്ചതാണ് ഈ ശീർഷകമെന്ന് സമിതി

മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച 1000 രൂപയ്ക്കു പുറമേ 645 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത 8570 കി.മീ റോഡുകൾ നവീകരിക്കുന്നതിനും വേണ്ടി 2012-13 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനുപരിയായി നോൺപ്ലാൻ ഫണ്ടിൽ നിന്നും 150 കോടി രൂപ അധികവിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 50 കോടി രൂപയിൽ കവിയാത്ത വിഹിതം ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കേണ്ട താണെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുശിപാർശ

കൊച്ചി-മധുര ഹൈവേയുടെ വർക്ക് കൊച്ചിയിൽ നിന്നും നേര്യമംഗലം വരെയും നേര്യമംഗലം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള രണ്ട് റീച്ചായിട്ടാണ് ചെയ്യേണ്ട തെന്ന് സമിതി മനസ്സിലാക്കുന്നു. കൊച്ചി മുതൽ നേര്യമംഗലം വരെയുള്ള റീച്ച് BOT അടിസ്ഥാനത്തിൽ ചെയ്യുന്നതിന് കാബിനറ്റ് തീരുമാനമെടുത്ത് ടെണ്ടർ വിളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

കൊച്ചി-മധുര ഹൈവേ എൻ.എച്ച്.-49 ദേശീയപാതയിൽ ഉൾപ്പെടുന്നതാണ്. എൻ.എച്ച്.-49 ഉൾപ്പെടെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട അഞ്ച് ദേശീയപാതകൾ (എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടപ്രകാരം ദേശീയപാത വികസന പദ്ധതിയിൽ നിന്നും വേർപെടുത്തി കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവയുടെ വികസനം കേന്ദ്ര സർക്കാരിന്റെ വാർഷിക ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

പൊതുശിപാർശ

എം.എൽ.എ.മാർക്കുള്ള മുൻഗണനാ മൂലധന പ്രവൃത്തികൾ എന്ന പദ്ധതി അനുസരിച്ച് എം.എൽ.എ.മാർക്ക് ഈ പദ്ധതി പ്രകാരം ഏതെല്ലാം വകുപ്പിൻ കീഴിൽ വരുന്ന മൂലധന നിക്ഷേപ പ്രോജക്ടുകൾ നിർദ്ദേശിക്കാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച കാര്യത്തിൽ വ്യക്തത വരുത്തി അതനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉടനടി പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതിയുടെ പൊതുശിപാർശ 6-ൽ പരാമർശിക്കുന്ന എം.എൽ.എ.മാർക്കുള്ള മുൻഗണനാ മൂലധനപ്രവൃത്തികൾ എന്ന പദ്ധതി നിയമസഭാ മണ്ഡല ആസ്തി വികസന ഫണ്ട് എന്ന രൂപത്തിൽ നടപ്പിലാക്കി വരികയാണ്.

2012-13 വർഷത്തിലാണ് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന് തുടക്കമിട്ടത്. ഈ പദ്ധതിപ്രകാരം ഒരു എം.എൽ.എ.ക്ക് 5 കോടി രൂപ വീതം മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം മണ്ഡലവികസനത്തിനായി വകയിരുത്തുന്നത്. ഓരോ എം.എൽ.എ.ക്കും അവരവരുടെ നിയോജകമണ്ഡലത്തിൽ 25 ലക്ഷം രൂപയിൽ കുറയാത്ത 15 പ്രവൃത്തികൾ ഒരു സാമ്പത്തിക വർഷത്തിൽ നിർദ്ദേശിക്കാവുന്നതാണ്. പ്രധാനമായും മൂലധന സ്വഭാവമുള്ളതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ ആസ്തികളാണ് ആസ്തി വികസന ഫണ്ടിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ നിർദ്ദേശങ്ങളെല്ലാം ഉൾപ്പെടുത്തി സർക്കാർ എം.എൽ.എ.മാർക്കുള്ള ആസ്തി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ 11-6-2012-ലെ ജി.ഒ. (പി) 332/12/ഫിൻ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ അറിവിലേക്കായി സമർപ്പിക്കുന്നു.

ശിപാർശ

തിരുവനന്തപുരത്ത് മംഗലാപുരം മുതൽ നെയ്യാറ്റിൻകര വരെ മോണോറെയിൽ ഗതാഗത സമ്പ്രദായം ഏർപ്പെടുത്തുവാനും അതിനായി KTDFC യെ നോഡൽ ഏജൻസിയായും, NATPAC-നെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുവാനും നിയമിച്ചിട്ടുണ്ട്. NATPAC സമർപ്പിച്ചിട്ടുള്ള കരട് റിപ്പോർട്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് മൊത്തം 479 കോടി രൂപ ആവശ്യമുണ്ട്. ആയതിനാൽ ടി പദ്ധതിക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ആയതിലേക്ക് 100 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സ്വീകരിച്ച നടപടി

തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതിയ്ക്കായി 5075-60-190-95 എന്ന പേരിൽ ഒരു പ്ലാൻ ശിർഷകം ആരംഭിക്കുകയും പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി അനുസരിച്ച് കൂടുതൽ തുക അനുവദിക്കാമെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. Flagship പദ്ധതികൾക്കായി ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടുള്ളതിൽ മോണോറെയിൽ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സമിതിയുടെ 100 കോടി രൂപ വകയിരുത്തണമെന്ന ശിപാർശയിന്മേൽ നടപടിയെടുക്കേണ്ടിവന്നില്ല.

# II. യോഗനടപടിക്കുറിപ്പുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി

## 8-3-2007-ലെ യോഗനടപടിക്കുറിപ്പ്

### ശിപാർശ

ചങ്ങനാശ്ശേരിയിൽ ബോട്ടുജെട്ടി കെട്ടിടം പൊളിച്ചിട്ട് മൂന്ന് വർഷമായിട്ടും അതിന്റെ പണി ഇതുവരെ തുടങ്ങിയിട്ടില്ല എന്ന് സമിതി ചൂണ്ടിക്കാട്ടി. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആക്ഷൻ പ്ലാൻ തയ്യാറാക്കി വേൾഡ് ബാങ്കിന് കൊടുത്തിട്ടുണ്ടെന്നും ഉടൻ ടെണ്ടർ ചെയ്യുന്നതാണെന്നും കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ, മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ചങ്ങനാശ്ശേരി ബോട്ടുജെട്ടി കെട്ടിടത്തിന്റെ പണി ഉടനെ പുനർ ടെണ്ടർ ചെയ്യണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### സ്വീകരിച്ച നടപടി

ചങ്ങനാശ്ശേരി ബോട്ടുജെട്ടി പൂർണ്ണമായും ജലഗതാഗത വകുപ്പിന്റെ അധീനതയിലും, നിയന്ത്രണത്തിലും ഉള്ളതാണ്. ബോട്ടുജെട്ടിയിൽ മുമ്പ് നിലവിലുണ്ടായിരുന്ന സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, സ്റ്റാഫ് റൂം, ഇറിഗേഷൻ വകുപ്പിന്റെ കനാൽ ഓഫീസ് എന്നിവ പൊളിച്ചുനീക്കിയശേഷം ബോട്ടുജെട്ടി, സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ റൂം, കനാൽ ഓഫീസ്, ടോയ്‌ലറ്റുകൾ എന്നിവ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ബോട്ടു ടെർമിനൽ ബിൽഡിംഗ് എന്ന പേരിൽ പണി പൂർത്തിയാക്കി 2010-ൽ ജലഗതാഗത വകുപ്പിന് കൈമാറിയിട്ടുണ്ട്.

## 22-4-2008-ലെ യോഗനടപടിക്കുറിപ്പ്

### ശിപാർശ

ദേശീയപാത 47ഉം 17ഉം വികസിപ്പിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഇളവ് അനുവദിക്കാൻ പ്രായോഗികമായ സാദ്ധ്യമല്ലെന്നും ദേശീയ പാതയിലൂടെയുള്ള ബൈപ്പാസ് റോഡുകൾ സ്റ്റേറ്റ് ഹൈവേയുടെ രീതിയിൽ പുനഃക്രമീകരിക്കാമെന്നും ദേശീയപാതയെ രണ്ടു കാറ്റഗറിയാക്കി അതിൽ കാറ്റഗറി ഒന്നിൽ ദേശീയപാത 47, 17, 213 എന്നിവയും ബൈപ്പാസും ഉൾപ്പെടുത്താമെന്നും ബാക്കിയുള്ളവ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്താമെന്നും സ്റ്റേറ്റ് ഹൈവേക്കുവേണ്ടി നിശ്ചയിക്കുന്ന കൺട്രോൾ ലൈനും ബിൽഡിംഗ് ലൈനും ബാധകമാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. ഭൂമിയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും നിലവിലുള്ള ജനസാന്ദ്രതയും കണക്കിലെടുത്ത് സംസ്ഥാന പാതകളുടെ ബിൽഡിംഗ് ലൈൻ 20 മീറ്റർ എന്നത് 18 മീറ്ററായും കൺട്രോൾലൈൻ 25 മീറ്റർ എന്നത് 23 മീറ്ററായും എം.ഡി.ആർ.ന്റെ ബിൽഡിംഗ് ലൈൻ 15 മീറ്റർ എന്നത് 12 മീറ്ററായും കൺട്രോൾ ലൈൻ 20 മീറ്റർ എന്നത് 17 മീറ്ററായും പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## സ്വീകരിച്ച നടപടി

കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999-ൽ എല്ലാ കാറ്റഗറിയിലുമുള്ള റോഡുകളിലെ ബിൽഡിംഗ്/കൺട്രോൾ ലൈനിനെ കുറിച്ച് പ്രതിപാദിക്കുന്നു. ഇത് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റി ബിൽഡിംഗ് ലൈനും കൺട്രോൾ ലൈനും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഗസറ്റിലും രണ്ട് ദിനപ്പത്രത്തിലും പ്രസ്തുത ഉത്തരവ് പരസ്യപ്പെടുത്തേണ്ടതുമാണ്. ഇതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

## 7-2-2011-ലെ യോഗനടപടിക്കുറിപ്പ്

## ശിപാർശ

ഡ്രൈവിംഗ് ടെസ്റ്റ് നടത്താനും പിടിച്ചെടുത്ത വാഹനങ്ങൾ ഇടാനും സ്ഥല സൗകര്യമില്ലാത്തതുമൂലം ഗതാഗത വകുപ്പ് ഏറെ വിഷമതകൾ നേരിടുന്നതായി സമിതി മനസ്സിലാക്കിയതിനാൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ട്രാക്കുകൾ ഉണ്ടാക്കാനുള്ള സ്ഥലവും ജില്ലകളിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ വാഹനങ്ങൾ പിടിച്ചിടാനുള്ള സ്ഥലവും ഗതാഗതവകുപ്പിന് ലഭ്യമാക്കണമെന്നും, ജില്ലാതലത്തിലുള്ള റോഡ് സേഫ്റ്റിക്ക് മുൻഗണന കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്തു.

## സ്വീകരിച്ച നടപടി

ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ഡ്രൈവർ ടെസ്റ്റ് ട്രാക്ക് തിരുവനന്തപുരത്തുള്ള മുട്ടത്തറയിലും എറണാകുളം ജില്ലയിലെ തൂതിയൂരിലും സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 11-6-2013-ലെ സ.ഉ. (ആർടി.) 286/13/ഗതാ. പ്രകാരം നൽകി കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ട്രാക്കുകളുടെ നിർമ്മാണത്തോടനുബന്ധിച്ച് ഭൂമി നിരപ്പാക്കുന്ന ജോലികൾ എറണാകുളം ജില്ലയിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിനും തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനും കൈമാറിയിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള സാങ്കേതിക ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എല്ലാ ജില്ലകളിലും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ ഘട്ടംഘട്ടമായി നിർമ്മിക്കുമെന്ന സർക്കാരിന്റെ നടത്തിപ്പിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തുകയും അനുമതിക്കായി പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനും ഇക്കാര്യത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി മോട്ടോർവാഹന വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

ജില്ലാതലത്തിൽ റോഡ് സുരക്ഷയ്ക്ക് മുൻഗണന കൊടുക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാകളക്ടർ ചെയർമാനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും റോഡ് സുരക്ഷാപരമായ കാര്യങ്ങൾ ചർച്ച ചെയ്യാനും തീരുമാനമെടുക്കുവാനുമുള്ള അധികാരം ഈ കൗൺസിലിനുണ്ട്.

റോഡ് സുരക്ഷ മുൻനിർത്തി കേരള റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ച Decade of Action Plan പ്രകാരം എല്ലാ ജില്ലകളിലും റോഡു സുരക്ഷാ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എല്ലാ ജില്ലകളിലും പ്രത്യേക മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റെ സ്ക്വാഡിന്റെ അംഗബലം വർദ്ധിപ്പിച്ചു കൊണ്ട് മോട്ടോർ വാഹന നിയമങ്ങൾ കർശനമായി പാലിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

## 27-10-2011-ലെ യോഗനടപടിക്കുറിപ്പ്

### ശിപാർശ

2041-00-102-86-06—വാടക, കരം, നികുതി

2010-11 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിലെ സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതിചെയ്യുന്ന 38 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും 13 മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ 30 ലക്ഷം രൂപ അനുവദിക്കണെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും റീ-അപ്രോപ്രിയേഷനിലൂടെ 8 ലക്ഷം രൂപ മാത്രം അനുവദിച്ചതിനാൽ വാടകയിനത്തിൽ വീണ്ടും കുടിശ്ശിക വരുമെന്നതിനാൽ വാടകയ്ക്ക് കെട്ടിടം ലഭിക്കാത്ത സ്ഥിതിയുണ്ടാകുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആകയാൽ വാടക പൂർണ്ണമായും നൽകുന്നതിനു വേണ്ട തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

### സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ കെട്ടിടങ്ങളുടെ വാടകയിനത്തിൽ അധികമായി തുക ആവശ്യമായി വന്നിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 23 ലക്ഷം രൂപയ്ക്ക് പുറമെ 8 ലക്ഷം രൂപ റീ-അപ്രോപ്രിയേഷനിലൂടെ കണ്ടെത്തുകയും ആകെ 31 ലക്ഷം രൂപ വാടകയിനത്തിൽ ഉപയോഗിക്കുകയും ചെയ്തു.

### ശിപാർശ

5055-00-888-96 (പി) വേഗത നിയന്ത്രിക്കുന്നതിനുള്ള കൈറഡാറുകളും വയർലെസ് സെറ്റുകളും ആർജ്ജിക്കുകയും റഡാർ സർവൈലൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യൽ.

പ്രസ്തുത ശിപാർശകൾക്കുള്ള മറുപടി പരിഗണിക്കവെ മേൽപ്പറഞ്ഞ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തടസ്സം ഇതുസംബന്ധിച്ച ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാത്തതാണെന്ന് വിലയിരുത്തിയ സമിതി യഥാസമയം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് യോഗം ചേരണമെന്ന് ശിപാർശ ചെയ്തു. കൂടാതെ സമിതിയുടെ ശിപാർശയിന്മേലുള്ള വകുപ്പിന്റെ തീരുമാനം അടുത്ത യോഗത്തിൽ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിപ്രകാരം 150 ലക്ഷം രൂപ അനുവദിച്ച വകയിൽ 3 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങുവാനും റഡാർ സർവൈലൻസ് സംവിധാനം ഏർപ്പെടുത്തുവാനും മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചു. ഇന്റർസെപ്റ്ററുകൾ വാങ്ങുന്നതിനുള്ള ടെൻഡർ ക്ഷണിച്ചുവെങ്കിലും സാങ്കേതിക കമ്മിറ്റി രൂപീകരിക്കുവാൻ യഥാസമയം കഴിയാത്തതിനാൽ ടി ഉപകരണങ്ങൾ വാങ്ങുകയുണ്ടായില്ല. അതുപോലെ, യഥാസമയം യുക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ റഡാർ സർവൈലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഭരണാനുമതിയും നൽകാൻ സാധിച്ചിട്ടില്ല. ആയതിനാൽ ആ പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിൽ റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരേയും പോലീസ് വകുപ്പിൽനിന്ന് ഒരു ഉയർന്ന ഉദ്യോഗസ്ഥനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

### ശിപാർശ

ഫാൻസി നമ്പർ അനുവദിക്കുന്നതിലെ അനാവശ്യ പ്രവണത ഒഴിവാക്കുന്നതിനായി മോട്ടോർ വാഹന നിയമത്തിലെ ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്ന മറുപടി സമിതി അംഗീകരിക്കുകയും ചട്ടത്തിൽ ഭേദഗതി വരുത്തിയതിനു മുൻപും അതിനു ശേഷവും വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ്/വർദ്ധനവ് സംബന്ധിച്ച സ്റ്റാറ്റിക്സ് സമിതിക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

### സ്വീകരിച്ച നടപടി

ഫാൻസി നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 95 ഭേദഗതി ചെയ്തുകൊണ്ട് SRO No.77/2011 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചതിനു മുൻപും ശേഷവുമുള്ള ഒരു വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

1-3-2010 മുതൽ 28-2-2011 വരെ 14,63,35,246 രൂപ (ചട്ടഭേദഗതിക്ക് മുൻപ്)

1-3-2011-മുതൽ 29-2-2012 വരെ 17,73,16,321 രൂപ (ചട്ടഭേദഗതിക്ക് ശേഷം)

### ശിപാർശ

കെ.എസ്.ആർ.റ്റി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സമിതി ശിപാർശ ചെയ്തതിനേക്കാൾ കൂടുതൽ തുക പ്രതിമാസം പ്രസ്തുത ആവശ്യത്തിലേക്കുവേണ്ടി വരുമെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും പെൻഷൻ നൽകുന്നത് മൂലമുണ്ടാകുന്ന അധിക ബാധ്യത കണക്കിലെടുത്ത് ഭാവിയിൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

### സ്വീകരിച്ച നടപടി

2013 ഏപ്രിൽ 1 മുതൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് സർക്കാരിലേതിന് സമാനമായി പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ നൽകാൻ കോർപ്പറേഷൻ തീരുമാനം എടുത്തുകഴിഞ്ഞു.

### ശിപാർശ

വിഷയനിർണ്ണയ സമിതി IX (തദ്ദേശ സ്വയംഭരണവും സഹകരണവും) 2010-11 വർഷത്തെ 5-ാമത് റിപ്പോർട്ടിലെ വിഴിഞ്ഞം കാർഗോ വികസനം സംബന്ധിച്ച 30-ാം ഖണ്ഡികയിലെ ശുപാർശയ്ക്ക് കൂടുതൽ സ്പഷ്ടീകരണത്തോടുകൂടി വിശദമായ മറുപടി സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

### സ്വീകരിച്ച നടപടി

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി ടെണ്ടറിൽ പുതിയ നിബന്ധനകൾ ഉൾപ്പെടുത്തുവാൻ തുറമുഖ വകുപ്പിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്ന ഏജൻസിയായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് തുറമുഖ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പി.ഡബ്ല്യൂ.ഡി. കോഡ്/മാന്വൽ എന്നിവ പ്രകാരം മാത്രമേ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ടെണ്ടർ നടത്താൻ/നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്ന് കണ്ടെത്തിയതിനാൽ തുറമുഖ ഡയറക്ടർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ ഒഴിവാക്കി നിലവിലെ ചട്ടങ്ങൾ അനുസരിച്ച് മാത്രം പണികൾ ചെയ്താൽ മതിയെന്ന് ചീഫ് എഞ്ചിനീയർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോർട്ട് ഡയറക്ടർ ഓപ്പറേറ്റ് ചെയ്യുന്ന കണക്ക് ശീർഷകത്തിലെ പ്രവൃത്തികൾ ക്രമീകരിക്കാതിരുന്നു. അതിനെ തുടർന്ന് സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് വിഴിഞ്ഞം കാർഗോ വികസനത്തിനായി അനുവദിച്ച തുക ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

### 12-6-2012-ലെ യോഗനടപടിക്കുറിപ്പ്

### ശിപാർശ

(വേഗത നിയന്ത്രിക്കുന്നതിനുള്ള വയർലെസ്സ് സെറ്റുകളും കൈ റഡാറുകളും ആർജിക്കൽ)

പ്രസ്തുത ശിപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും റഡാറുകൾ റിപ്പയർ ചെയ്യുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റിയെ ഏൽപ്പിക്കാമെന്നും ഇതിനാവശ്യമായ തുക അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ച് പാസ്സാക്കി ചെലവഴിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. കൂടാതെ മണ്ണുത്തി-ചേർത്തല, ചേർത്തല-പാറശ്ശാല, ചേർത്തല-കാസർഗോഡ് വരെയുള്ള നാഷണൽ ഹൈവേകളിൽ റഡാറുകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ സ്ഥാപിക്കണമെന്നും ഇവയ്ക്കുവേണ്ടി തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള കൺട്രോൾ റൂമുകൾക്ക് പുറമേ എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിക്കണമെന്നും ആവശ്യമായ സ്റ്റാഫിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കൂടാതെ എല്ലാ ജില്ലകളിലും ഡ്രൈവിംഗ് ടെസ്റ്റിനും വെഹിക്കിൾ ടെസ്റ്റിനും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തണമെന്നും അതിനാവശ്യമായ പണം അതോറിറ്റിയുടെ ഫണ്ടിൽനിന്നും കണ്ടെത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്വീകരിച്ച നടപടി

റഡാറുകൾ റിപ്പയർ ചെയ്യുന്നതിനുള്ള തുക അനുവദിക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കുന്നതാണ്. മണ്ണുത്തി-ചേർത്തല റോഡിലുടനീളം നിരീക്ഷണ ക്യാമറകൾ വിന്യസിക്കുകയും അതിന്റെ കൺട്രോൾ റൂം എറണാകുളത്ത് സ്ഥാപിച്ചുകൊണ്ട് ടി കൺട്രോൾ റൂമിന്റെ പരിപാലനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെയുള്ള റോഡിൽ റഡാർ സർവൈലൻസ് സംവിധാനം നടപ്പിലാക്കുന്നതിന് 17 കോടി രൂപ യുടെ ഒരു പദ്ധതി റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിക്കുകയും ഇതിലേക്കായി കെൽട്രോണുമായി ഒരു ധാരണാപത്രം (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഡ്രൈവിംഗ് ടെസ്റ്റും വെഹിക്കിൾ ടെസ്റ്റും കമ്പ്യൂട്ടർവൽക്കരിച്ചുകൊണ്ട് നടപ്പിലാക്കുന്ന തിനാവശ്യമായ ഭൂമി മോട്ടോർ വാഹന വകുപ്പിന് ലഭ്യമാകാതിരുന്നതിനാൽ 2012-13 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ എറണാകുളത്തും തിരുവനന്തപുരത്തും സ്ഥലം ലഭ്യമായിട്ടുണ്ട്. എറണാകുളത്ത് ലഭ്യമായ സ്ഥലം നികത്തുന്നതിന് രണ്ട് കോടി രൂപ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ഡ്രൈവിംഗ് ട്രാക്ക് തിരുവനന്തപുരത്തുള്ള മുട്ടത്തറയിലും എറണാകുളം ജില്ലയിലെ തൂതിയൂരിലും സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 11-6-2013-ലെ സ.ഉ. (ആർടി.) 286/13/ഗതാ. പ്രകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ട്രാക്കുകളുടെ നിർമ്മാണത്തോടനുബന്ധിച്ച് ഭൂമി നിരപ്പാക്കുന്ന ജോലികൾ എറണാകുളം ജില്ലയിൽ ജില്ലാ നിർമ്മിതികേന്ദ്രത്തിനും തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിനും നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള സാങ്കേതിക ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള ടെൻഡർ നടപടികളും പൂർത്തിയായിട്ടുണ്ട്. എല്ലാ ജില്ലകളിലും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ ഘട്ടംഘട്ടമായി നിർമ്മിക്കുമെന്ന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി 2014-15 സാമ്പത്തികവർഷത്തെ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തുകയും അനുമതിക്കായി പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

(മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം)

പ്രസ്തുത ശിപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും ടി വിഷയം സംബന്ധിച്ച് ഗതാഗതവകുപ്പ് സെക്രട്ടറിയുടെ വിശദീകരണം സമിതി ആരാഞ്ഞതിന് ഇലക്ട്രോണിക്സ് വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുവേണ്ടി സിവിൽ വർക്കും കൂടി ഉൾപ്പെടുത്തിയാണ് ടെൻഡർ ക്ഷണിച്ചതെന്നും ടെൻഡറിന് വേണ്ടത്ര പ്രതികരണ മുണ്ടായില്ലെന്നും സെക്രട്ടറി മറുപടി പറഞ്ഞു. സിവിൽ വർക്കും ടെക്നിക്കൽ വർക്കും പ്രത്യേകമായി രണ്ടാമത് ടെൻഡർ ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

21-7-2011-ലെ സർക്കാർ ഉത്തരവ് G.O. (Rt.) No. 319/2011/Tran. പ്രകാരം കാസർഗോഡ് ജില്ലയിലെ പെർള ചെക്ക് പോസ്റ്റിൽ 100 ടൺ ശേഷിയുള്ള ഒരു ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നു. ഇതിനായി 23-8-2011-ൽ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും ദർഘാസ് നൽകുകയുണ്ടായില്ല. അതിനാൽ 2-12-2011-ൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയുണ്ടായി. ഇതിലും കമ്പനികൾ ഒന്നുംതന്നെ പങ്കെടുത്തിരുന്നില്ല. വെയിംഗ് ബ്രിഡ്ജിനുപകരം പോർട്ടബിൾ വെയിംഗ് ബ്രിഡ്ജ് ഉപയോഗിക്കാം എന്നതിനാലും പദ്ധതിവിഹിതം ലാപ്സാകാതെ ഉപയോഗിക്കേണ്ടതിനാലും പോർട്ടബിൾ വെയിംഗ് ബ്രിഡ്ജ് വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി മോട്ടോർ വാഹനവകുപ്പ് സർക്കാരിലേക്ക് പുതിയ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 14-2-2012-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 79/2012/ഗതാ. പ്രകാരം 60 ടൺ ശേഷിയുള്ള രണ്ട് പോർട്ടബിൾ വെയിംഗ് ബ്രിഡ്ജുകൾ 40 ലക്ഷം രൂപയ്ക്ക് വാങ്ങിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയുണ്ടായി. പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മേൽ ഉപകരണങ്ങൾ നൽകുന്നതിനായി ഒരു നിർദ്ദേശം സമർപ്പിക്കുകയും, സാമ്പത്തികവർഷത്തിന്റെ സമയ പരിധിക്കുള്ളിൽ ഫണ്ട് വിനിയോഗിക്കേണ്ടതിനാൽ ഇവ പ്രസ്തുത സ്ഥാപനത്തിൽനിന്നും വാങ്ങിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം 2 പോർട്ടബിൾ വെയിംഗ് ബ്രിഡ്ജുകൾ 39.87 ലക്ഷം രൂപയ്ക്ക് കെൽട്രോണിൽനിന്ന് 15-3-2012-ന് മോട്ടോർ വാഹന വകുപ്പ് വാങ്ങിക്കുകയുണ്ടായി. ഇവയിലൊന്ന് ആര്യങ്കാവ് ചെക്ക് പോസ്റ്റിലും മറ്റൊന്ന് പെർള ചെക്ക് പോസ്റ്റിലും സ്ഥാപിച്ചിട്ടുണ്ട്.

ശിപാർശ

(സ്ഥിരമായ ഡ്രൈവിംഗ് ടെസ്റ്റ് യാർഡ്)

പ്രസ്തുത ശിപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും എല്ലാ ജില്ലകളിലും ഡ്രൈവിംഗ് ടെസ്റ്റ് യാർഡ് സ്ഥാപിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതിന്റെ ചെലവിലേക്ക് ആവശ്യമായി വരുന്ന തുക റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽനിന്നും കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

2011-12 വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് കോഴിക്കോട് ചേവായൂരിലും കണ്ണൂരിലെ ഇളയാവൂരിലും ഓരോ എൽ.എം.വി. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുകയുണ്ടായി. ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിന് ഒരേക്കർ സ്ഥലമെങ്കിലും ആവശ്യമുണ്ട്. 2012-13 വർഷത്തെ ബഡ്ജറ്റിൽ 3 ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിന് പണം അനുവദിച്ചിരുന്നെങ്കിലും മോട്ടോർ വാഹന വകുപ്പിന് ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ ആയത് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ തിരുവനന്തപുരത്ത് മുട്ടത്തറയിലും എറണാകുളത്ത് തൂതിയൂരിലും സ്ഥലം ലഭ്യമായിട്ടുണ്ട്. ഇവിടങ്ങളിൽ ട്രാക്കുകൾ സ്ഥാപിക്കുന്നതിനുള്ള തുക ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എറണാകുളത്ത് ലഭ്യമായ സ്ഥലം

നികത്തുന്നതിന് 2 കോടി രൂപ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. ട്രാക്കുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും മറ്റും പൂർത്തിയായിട്ടുണ്ട്. ഈ നടപ്പുസാമ്പത്തിക വർഷത്തിൽത്തന്നെ പ്രസ്തുത സ്ഥലങ്ങളിൽ ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുവാൻ കഴിയും. മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

17-7-2012-ലെ യോഗനടപടിക്കുറിപ്പ്

ശിപാർശ

എം.ഡി.ആർ.-നുവേണ്ടി 250 കോടി രൂപ അധികം ആവശ്യപ്പെടുന്നതിന് സമിതി തീരുമാനിച്ചു.

സ്വീകരിച്ച നടപടി

മേജർ ഡിസ്ട്രിക്ട് റോഡിനുവേണ്ടി സമിതി ശിപാർശ പ്രകാരം അധികതുക അധിക അധികാരപ്പെടുത്തൽ ഉത്തരവു മുഖേന അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

ശിപാർശ

പൊതുമരാമത്ത് വകുപ്പിന് ബജറ്റിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ സറണ്ടർ ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എല്ലാ വർഷവും ജനുവരി മാസം ആദ്യ ആഴ്ചയിൽ എക്സ്പെന്റിച്ചറിനെക്കുറിച്ച് വകുപ്പുതലത്തിൽ അവലോകനം നടത്തണമെന്നും ചെലവഴിക്കാൻ സാധിക്കാതെവരുന്ന തുക/ഫണ്ട് ആവശ്യമായ മറ്റ് വർക്കുകൾക്ക് നൽകുന്നകാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സ്വീകരിച്ച നടപടി

പൊതുമരാമത്ത് വിഭാഗത്തിലെ ഭൂരിപക്ഷം ശീർഷകങ്ങളിലും സറണ്ടർ ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ചില ശീർഷകങ്ങളിൽ പ്രവൃത്തികൾ തീർപ്പാക്കാനുള്ള കാലതാമസം കാരണം സറണ്ടർ ചെയ്യാൻ ചെറിയ തുകകൾ ഉണ്ടാകാറുണ്ട്. ചെലവഴിക്കാനാകാത്ത തുക ആവശ്യമായ മറ്റ് ശീർഷകങ്ങളിലേക്ക് റീ-അപ്രോപ്രിയേഷൻ വഴി മാറ്റാനുള്ള നടപടി സ്വീകരിക്കുന്നതാണ്. എക്സ്പെന്റിച്ചറിനെക്കുറിച്ച് അവലോകനം നടത്തിവരുന്നുണ്ട്.

ശിപാർശ

എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് പൊതുകാര്യങ്ങൾക്ക് വേണ്ടി വരുന്ന ലാന്റ് അക്വിസിഷനുകൂടി ഉപയോഗിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതിനു സമിതി തീരുമാനിച്ചു.

സ്വീകരിച്ച നടപടി

9-4-2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 161/13/ഫിൻ. പ്രകാരം എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് പൊതുകാര്യങ്ങൾക്ക് വേണ്ടിവരുന്ന ലാന്റ് അക്വിസിഷനുകൂടി ഉപയോഗിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഭാഗം 3**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം പൊതുമരാമത്ത്, ഗതാഗതം, തുറമുഖം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 2012-13 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ 8-7-2013, 21-1-2014 എന്നീ തീയതികളിൽ സഭയിൽ സമർപ്പിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2014 ജൂൺ 17.

## അനുബന്ധം

## 29-4-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി V 2013 ഏപ്രിൽ മാസം 29-ാം തീയതി നിയമസഭാ കോംപ്ലക്സിലെ '5 ബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബെന്നി ബെഹനാൻ
2. ശ്രീ. ജോസ് തെറ്റയിൽ
3. ശ്രീമതി കെ. കെ. ലതിക
4. ശ്രീ. സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ബി. സുരേഷ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ഏലിയാസ് ജോർജ്ജ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ.
3. ശ്രീ. പി. വിജയാനന്ദ്, ട്രാൻസ്പോർട്ട് കമ്മീഷണർ.
4. ശ്രീ. കെ. ജി. മോഹൻലാൽ, സി.എം.ഡി, കെ.എസ്.ആർ.ടി.സി.
5. ശ്രീമതി ഉഷാദേവി, എം.ഡി, കെ.ടി.ഡി.എഫ്.സി.
6. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, എസ്.ഡബ്ല്യൂ.ടി.ഡി.
7. ശ്രീ. ബി. ജ്യോതികുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ, കെ.എസ്.ഐ.ഡി.സി.
8. ശ്രീ. എം. റ്റി. ബിനിൽകുമാർ, എ.ജി.എം., കെ.എസ്.ഐ.ഡി.സി.
9. ശ്രീ. എ. നിർമ്മല കുമാർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ), കാലിക്കട്ട് എയർപോർട്ട്.

10. ശ്രീമതി കെ. എസ്. പത്മകുമാരിയമ്മ, ഡെപ്യൂട്ടി കളക്ടർ(എൽ.എ), തിരുവനന്തപുരം.

11. ശ്രീ. സി. എം. സെയ്ദ് മുഹമ്മദ്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.

12. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.

13. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

14. ശ്രീ. എൻ. കെ. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

15. ശ്രീ. വി. എസ്. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

16. ശ്രീ. എം. കെ. രവി, സീനിയർ ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, മലപ്പുറം.

17. ശ്രീ. കെ. രാജേഷ്, ഫിനാൻസ് മാനേജർ, കെ.എസ്.ഐ.എൻ.സി.

18. ശ്രീ. എസ്. ജയകൃഷ്ണൻ, ഫിനാൻസ് മാനേജർ, കണ്ണൂർ എയർപോർട്ട്.

19. ശ്രീ. എസ്. സോമശേഖരൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ വകുപ്പ്.

20. ശ്രീമതി എസ്. വി. കല, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

21. ശ്രീ. അനീഷ് കുര്യൻ, സെക്രട്ടറി, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ IX—വാഹന നികുതികൾ, XLI—ഗതാഗതം എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന ഗതാഗതം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതി മുൻപാകെ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും അധിക വിവരങ്ങൾ ആരായുകയും താഴെക്കൊടുത്തിരിക്കുന്ന ശുപാർശകൾക്ക് രൂപം നൽകുകയും ചെയ്തു.

2041-00-001-99-17—വാഹനനികുതികൾ—നടത്തിപ്പും ഭരണവും—ഭരണച്ചെലവുകൾ—ചെറുകിട മരാമത്തുപണികൾ

മോട്ടോർ വാഹനവകുപ്പിൽ, സർക്കാരിന്റെ പ്രത്യേക അനുമതിയുള്ള ചെറുകിട മരാമത്ത് പണികൾക്കും ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുമുള്ള ചെലവുകൾക്കുമായി 2013-14 വർഷത്തേക്ക് പ്രസ്തുത ശീർഷകത്തിൽ ഒരു ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകുപ്പിന്റെ പ്രധാന പദ്ധതികളായ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക്, ചെക്ക് പോസ്റ്റുകളുടെ നവീകരണം എന്നിവയ്ക്കും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള ഉപകരണങ്ങളുടെ റിപ്പയറുകൾക്കും മറ്റും തുക അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ 49 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2041-00-001-99-21-2—വാഹനനികുതികൾ—ഭരണവും നടത്തിപ്പും—ഭരണച്ചെലവുകൾ—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഹെഡ് ക്വാർട്ടേഴ്സിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2013-14 വർഷത്തേക്ക് 2.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2.18 ലക്ഷം രൂപ പൂർണ്ണമായും ടി സാമ്പത്തികവർഷം പൂർത്തിയാകുന്നതിനുമുമ്പ് തന്നെ ചെലവാകുകയും ചെയ്തു. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 2.50 ലക്ഷം രൂപ യാണ്. ഈ തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 50,000 രൂപ അധിക മായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2041-00-001-99-28—വാഹനനികുതികൾ—നടത്തിപ്പും ഭരണവും—ഭരണച്ചെലവുകൾ—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

നിയമോപദേശത്തിനും അപ്പലേറ്റ് ട്രൈബ്യൂണൽ, റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുടെയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും സ്റ്റാൻഡിംഗ് കൗൺസിലിനുമുള്ള ഫീസ്, അനുബന്ധ ചെലവുകൾ മുതലായവയ്ക്ക് വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 2 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞസാമ്പത്തികവർഷം ഈയിനത്തിൽ 2 ലക്ഷം രൂപ വകയി രുത്തിയിരുന്നുവെങ്കിലും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പരിശീലന ചെലവിനത്തിൽ വലിയതുക ചെലവഴിക്കേണ്ടിവന്നതിനാൽ അധികതുക കണ്ടെത്തുന്നതിനായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴി മൊത്തം തുക 5.22 ലക്ഷമായി വർദ്ധിപ്പിക്കുകയും ഇതിൽ 4.86 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, നടപ്പുവർഷവും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ പരിശീലനത്തിനും കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സ്റ്റാൻഡിംഗ് കൗൺസിലിനുള്ള ഫീസിനത്തിലും വലിയതുക ചെലവാകുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2 ലക്ഷം രൂപയ്ക്കുപുറമേ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2041-00-001-98—വാഹനനികുതികൾ-നടത്തിപ്പും ഭരണവും—ഫെയർ റിവിഷൻ കമ്മിറ്റി

ഗതാഗതമേഖലയിലെ നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവിനങ്ങളിലേക്കായി നടപ്പുസാമ്പത്തികവർഷം 13 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ, കഴിഞ്ഞ സാമ്പത്തിക വർഷം ഫെയർ റിവിഷൻ കമ്മിറ്റിയുടെ ചെലവുകൾക്കായി കൂടുതൽ തുക ആവശ്യമായി വന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി 16 ലക്ഷമായി ഉയർത്തുകയും അതിൽ 15.44 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കി. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 13 ലക്ഷം രൂപയ്ക്ക് പുറമേ 3 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2041-00-102-99-18—വാഹനനികുതികൾ—മോട്ടോർ വാഹനങ്ങളുടെ പരിശോധന—സംരക്ഷണം

അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള വെയ്ബ്രിഡ്ജുകളുടെ സംരക്ഷണ ചുമതലയ്ക്കായി, തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 25,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മോട്ടോർ വാഹനവകുപ്പിന്റെ എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ, ഫോട്ടോ കോപ്പിയറുകൾ, ഫ്രാങ്കിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3053-02-190-99—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി ഫണ്ട് സമാഹരിക്കുന്നതിന് രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കുവേണ്ടി പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3055-00-800-95—കേരള റോഡ് സുരക്ഷാഫണ്ടിലേക്ക് മാറ്റൽ

സംസ്ഥാനത്ത് റോഡ് സുരക്ഷാപദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 2007-ലെ റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം രൂപീകരിച്ച കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്നും പ്രസ്തുത ആക്ടിലെ 11-ാം വകുപ്പുപ്രകാരം മോട്ടോർ വാഹന സെസ്സ് ഇനത്തിൽ പൊതുജനങ്ങളിൽനിന്നും ഈടാക്കുന്ന തുക, മോട്ടോർ വാഹന ആക്ട് പ്രകാരമുള്ള രാജിയാക്കൽ ഫീസിന്റെ 50% എന്നിവയാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തന മൂലധനമെന്നും പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും വാർഷികബജറ്റിൽ ഈ ശീർഷകത്തിൽ നിക്ഷിപ്തമാക്കേണ്ടതാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. ഇപ്രകാരം ഫണ്ടിന്റെ ഭാഗമാകുന്ന തുക ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതാണെന്ന് പ്രസ്തുത ആക്ടിന്റെ 11(3)-ാം വകുപ്പ് അനുശാസിക്കുന്നുണ്ടെന്നും സമിതി വ്യക്തമാക്കുകയും ചെയ്തു.

2012-13 സാമ്പത്തികവർഷം, സർക്കാർ പ്രസ്തുത ഫണ്ടിലേക്ക് അനുവദിച്ച 15 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളതായി സമിതി വിലയിരുത്തി. 2008-09 വർഷം മുതൽ 2012-13 വർഷം വരെ അതോറിറ്റിക്ക് ലഭിക്കേണ്ട 144,41,90,157 രൂപയിൽ 84,41,00,000 രൂപ മാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും ബാക്കിയുള്ള 60,00,90,157 രൂപയിൽ നടപ്പുസാമ്പത്തികവർഷം 34.71 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തി.

ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ സംയോജിതമായി ഏകോപിപ്പിക്കുന്നതിന് കഴിയാത്ത അവസ്ഥയാണുള്ളതെന്ന് സമിതി വിലയിരുത്തുകയും 2007-ലെ റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 10(6), 11 എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലുള്ളതും റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിക്കാൻ ബാക്കിയുള്ളതുമായ 25.29 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

3056-00-001-99-01-4—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—മാനേജ്മെന്റ് ശമ്പളം—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജലഗതാഗത വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ സമർപ്പിച്ച മുഴുവൻ മെഡിക്കൽ ബില്ലുകളും നൽകുന്നതിന് 2013-14 വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-01-4—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻസ്—ശമ്പളം—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജലഗതാഗത വകുപ്പിലെ ഓപ്പറേഷൻസ്/സാങ്കേതികവിഭാഗം ജീവനക്കാർ സമർപ്പിച്ച മുഴുവൻ മെഡിക്കൽ ബില്ലുകളും നൽകുന്നതിന് നടപ്പുവർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3056-00-001-98-34—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ മറ്റു ചെലവുകൾ

ജലഗതാഗത വകുപ്പിന്റെ സർവ്വീസ് ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസലിന്റെ അടിക്കടിയുള്ള വിലവർദ്ധനവുമൂലമുണ്ടാകുന്ന അധികചെലവ് നേരിടാനും സർവ്വീസ് മുടക്കം ഒഴിവാക്കാനും പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—അറ്റകുറ്റപ്പണികളും സംരക്ഷണവും—യന്ത്രോപകരണങ്ങൾ

ജലഗതാഗത വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സ്പെയർപാർട്സുകൾ വാങ്ങുന്നതിനും ഇത് സംബന്ധിച്ച പെൻഡിംഗ് ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കൊച്ചി മൊബിലിറ്റി ഹബ്ബിനോട് ചേർന്ന് രൂപീകരിക്കാനുദ്ദേശിക്കുന്ന വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ പുരോഗതി ഏത് ഘട്ടം വരെയായി എന്ന് സമിതി ആരാഞ്ഞതിന് കൊച്ചി മൊബിലിറ്റി ഹബ്ബിന്റെ ഭാഗമായി ഇപ്പോൾ വൈറ്റിലയിൽ

ബോട്ട് ജെട്ടിയില്ലെന്നും മൈനർ ഇറിഗേഷൻ വകുപ്പാണ് ആയതിന്റെ നിർമ്മാണം നടത്തുന്നതെന്നും ഗതാഗതവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ മറുകരയിൽ എത്തിക്കുന്നതിന് വേണ്ടി രണ്ട് ബോട്ടുകളുടെ നിർമ്മാണം നടക്കുകയാണെന്നും രണ്ടും മേയ് അവസാനം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ഗതാഗതവകുപ്പ് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു. കാക്കനാട് വരെയുള്ള കനാലിന്റെ പണി പൂർത്തിയായിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചതിന് കാക്കനാട് ബോട്ട് ജെട്ടിയുണ്ടെന്നും പ്രധാനമായും വേണ്ടത് വൈറ്റില ഹബ്ബിലുള്ള ബോട്ട് ജെട്ടിയാണെന്നും ജൂൺ പകുതിയാകുമ്പോൾ വൈറ്റില മുതൽ കാക്കനാട് വരെയുള്ള ബോട്ട് സർവ്വീസ് ആരംഭിക്കാൻ സാധിക്കുമെന്നും ഗതാഗതവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ബോട്ടുകൾക്ക് വേഗത കുറവായതുകാരണം കാക്കനാട് ആളുകൾ ബസ് സർവ്വീസിനെ യാണ് കൂടുതൽ ആശ്രയിക്കുന്നതെന്നും ആയതിനാൽ വേഗതയുള്ള ബോട്ടുകളാണ് സർവ്വീസ് നടത്താൻ ആവശ്യമെന്നും സമിതി ചൂണ്ടിക്കാണിച്ചു. കൂടാതെ മിനിമം യാത്രാക്കൂലി വർദ്ധിപ്പിച്ച് നാലു രൂപയാക്കണമെന്നും ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന രണ്ട് ബോട്ടുകൾക്ക് പുറമെ രണ്ട് ബോട്ടുകൾ കൂടി വാങ്ങുന്നതിനുള്ള തുക അനുവദി ക്കണമെന്നും ശുപാർശചെയ്യുന്നതിന് സമിതി തീരുമാനിച്ചു. ജലാശയങ്ങളും മറ്റും മലിനമാകാതിരിക്കാനായി ഓയിൽ പൊല്യൂഷൻ വരാത്തരീതിയിൽ ബാറ്ററി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എൻജിൻ ഉപയോഗിച്ചുള്ള ബോട്ടുകളാണ് അഭികാമ്യമെന്ന് സമിതി അഭിപ്രായപ്പെട്ടു.

3075-60-800-97—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റുചെലവുകൾ—ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 1.825 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ജലഗതാഗത കനാലുകളുടെ സംരക്ഷണത്തിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3075-60-800-96—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചിയിൽ മെട്രോ റെയിൽ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള അഞ്ച് പ്രാരംഭപ്രവൃത്തികൾക്കായി 158.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ചതിനാൽ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതിനാലും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഡി.എം.ആർ.സി. 110 കോടി രൂപ അധികമായി ആവശ്യപ്പെട്ടിട്ടുള്ളതിനാലും കൊച്ചി മെട്രോയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 110 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3075-60-800-93—ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാപഠനം

നിർദ്ദിഷ്ട ഇടുക്കി വിമാനത്താവള പദ്ധതിയുടെ സാധ്യതാപഠനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2013-14 വർഷം കെ.എസ്.ഐ.ഡി.സി.-ക്ക് ഈ ശീർഷകത്തിൽ 350 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3075-60-800-92—നിർദ്ദിഷ്ട വയനാട് എയർപോർട്ടിനായുള്ള സാധ്യതാപഠനം

കെ.എസ്.ഐ.ഡി.സി.-യുടെ ചുമതലയിൽ നടത്തിവരുന്ന നിർദ്ദിഷ്ട വയനാട് വിമാനത്താവളത്തിന്റെ സാധ്യതാപഠനങ്ങൾക്കും നടപടികൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കൂടാതെ ഇടുക്കി-വയനാട് പ്രദേശങ്ങളിൽ എയർപോർട്ടിനേക്കാൾ എയർസ്ട്രിപ്പ് കൊണ്ടുവരുന്നതാണ് പ്രയോജനകരമെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, പ്രസ്തുത എയർപോർട്ടുകളുടെ സാദ്ധ്യതാപഠനത്തിനു വേണ്ടിയുള്ള തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും സാദ്ധ്യതാപഠനത്തിനുശേഷം മാത്രമേ ഇതു സംബന്ധിച്ച തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഗതാഗതവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ—മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നോഡൽ ഏജൻസിയായ കിൻഫ്രയാണ് നടത്തുന്നതെന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ബാങ്ക് വായ്പ മുഖേനയാണ് കണ്ടെത്തുന്നതെന്നും കണ്ണൂർ എയർപോർട്ട് ഫിനാൻസ് മാനേജർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട LAR കേസുകൾ തീർപ്പാക്കുന്നതിന് അഞ്ചുകോടി രൂപയും വിമാനത്താവളത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തന്നതിനായി 155.89 കോടി രൂപയും പ്രസ്തുത വിമാനത്താവളത്തിന് ഫണ്ട് സമാഹരിക്കുന്നതിന് രൂപീകരിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റി (KIAPS)-ക്ക് ഫണ്ട് സമാഹരണത്തിനായി KIALന്റെ ഓഹരികൾ വാങ്ങുന്നതിന് നടപ്പുവർഷം 33.5 കോടി രൂപയും ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള ഒരു ലക്ഷം രൂപയ്ക്കുപുറമേ 194.38 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5053-02-190-93—കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ

കോഴിക്കോട് എയർപോർട്ട് വികസനത്തിനായി, ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുകൾമൂലം സർവ്വേ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും ഇതിന്റെ പുനരധിവാസ പാക്കേജ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയും പ്രസ്തുത പദ്ധതിക്കുള്ള സ്ഥലമെടുപ്പിന് 185 കോടി രൂപയും പുനരധിവാസത്തിന് 20 കോടി രൂപയും ചേർത്ത് 205 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

5055-00-800-91—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്—മറ്റുചെലവുകൾ—റോഡ് സുരക്ഷാക്രമീകരണങ്ങൾ

റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി എറണാകുളത്തും തിരുവനന്തപുരത്തും മോട്ടോർ വാഹനവകുപ്പിന്റെ കീഴിൽ കമ്പ്യൂട്ടർവൽക്കൃത ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുന്നതിന് ലഭ്യമായിട്ടുള്ള സ്ഥലത്ത് ഭൂമി നികത്തുന്നതിനും വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് കൈറഡാറുകൾ വാങ്ങുന്നതിനും ദേശീയ സംസ്ഥാനപാത കളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ തിരുവനന്തപുരം നഗരത്തിലേ തുപോലെ നിരീക്ഷണക്യാമറകൾ സ്ഥാപിച്ച് ഗതാഗതലംഘനം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം നാലുജില്ലകളിൽ ഏർപ്പെടുത്തുന്നതിനും നൂതനപദ്ധതിയായ ജി.പി.എസ്. അധിഷ്ഠിത വാഹനനിരീക്ഷണ സംവിധാനം സംബന്ധിച്ച വിശദപഠന ത്തിനും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7 കോടി രൂപ അപര്യാപ്ത മാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5056-00-104-90—സാഗരറാണി-3-ന്റെ നിർമ്മാണം

കെ.എസ്.ഐ.എൻ.സി. കഴിഞ്ഞ എട്ടുവർഷമായി സാഗരറാണി എന്ന പേരിൽ ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തിവരുന്നു. ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന കൊച്ചി യിലെ വിനോദസഞ്ചാരസാധ്യതകൾ മുതലെടുക്കുന്നതിനും ഇത്തരം ബോട്ട് സർവ്വീസ് നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള മത്സരം നേരിടുന്നതിനും കൂടുതൽ വലിപ്പമുള്ളതും വിദേശരാജ്യങ്ങളിലുള്ളതുപോലെ പ്രത്യേക വിഷയങ്ങളെ ആസ്പദ മാക്കിയുള്ളതുമായ യാത്രകൾ നടത്തുന്നതിന് ഉതകുന്ന രീതിയിലുള്ളതും ആകർഷകവുമായ ഒരു ഉല്ലാസനൗക നിർമ്മിക്കാൻ കെ.എസ്.ഐ.എൻ.സി.-ക്ക് പദ്ധതിയുള്ളതായും ആയതിന്റെ നിർമ്മാണത്തിനുള്ള മതിപ്പുചെലവ് 10 കോടി രൂപയാണെന്നും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ജലവാഹനത്തിന്റെ നിർമ്മാണത്തിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 8.5 കോടി രൂപ യാണ് വകയിരുത്തിയിട്ടുള്ളതെന്നതിനാൽ 1.5 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5056-00-104-89—കടത്ത് സർവ്വീസ് ടെർമിനലിന്റെ പുനർനിർമ്മാണം

കൊച്ചിയിലെ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിനോദസഞ്ചാര സർവ്വീസുകൾ പ്രവർത്തിക്കുന്ന ഹൈക്കോടതിക്ക് സമീപമുള്ള ഫെറി ടെർമിനലിന്റെ നിർമ്മാണത്തിനും ജെട്ടി പുനരുദ്ധരിക്കുന്നതിനുമായി 1.50 കോടി രൂപ ചെലവുവരുമെന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയ്ക്കുപുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5075-60-190-96—കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രവർത്തനച്ചെലവിനായി സംസ്ഥാന സർക്കാരിന്റെ ഓഹരിയായി നൽകേണ്ടത് 570 കോടി രൂപയായതിനാൽ പ്രസ്തുത

ശീർഷകത്തിൽ 2013-14 വർഷത്തേക്കുള്ള തുക 570 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു. നടപ്പുസാമ്പത്തികവർഷം ടോക്കൺ പ്രൊവിഷൻ മാത്രം അനുവദിച്ചതു സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തിനനുസരിച്ചാണ് തുക വകയിരുത്തുന്നതെന്ന് ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊച്ചി മെട്രോയുടെ നിർമ്മാണം തുടങ്ങുമ്പോൾ നഗരത്തിൽ ഉണ്ടാകാവുന്ന ഗതാഗതതടസ്സം പരിഹരിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇതിനായി ഒരു ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വിപുലമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും ഗതാഗതതടസ്സം ഉണ്ടാകാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ഗതാഗത വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ കൊച്ചി മെട്രോയുടെ അനുബന്ധ പ്രവർത്തനങ്ങൾക്ക് തുക ആവശ്യമാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

5075-60-800-83—കെ.എം.ആർ.എൽ.—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയപ്പോൾ മുന്നോട്ടുവച്ച വ്യവസ്ഥയനുസരിച്ച് പദ്ധതിക്കുവേണ്ട സ്ഥലം ഏറ്റെടുത്ത് നൽകേണ്ടത് കേരള സർക്കാരാണ്. ഇതിനുവേണ്ടി പദ്ധതിയുടെ ഡി.പി.ആർ.-ൽ കാണിച്ചിരിക്കുന്ന തുക 672 കോടി രൂപയാണെങ്കിലും പാർക്കിംഗ്, പ്രോപ്പർട്ടി ഡെവലപ്മെന്റ് തുടങ്ങിയ ആവശ്യങ്ങൾക്ക് ഇപ്പോൾ കണക്കാക്കിയിരിക്കുന്ന ചെലവ് 1100 കോടി രൂപയാണെന്നും ഇതിൽ 209.25 കോടി രൂപ 2012-13 സാമ്പത്തികവർഷത്തിൽ അനുവദിച്ചതാണെന്നും ആയത് ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതി കാര്യക്ഷമമായി ഉദ്ദേശിച്ച നിർമ്മാണ കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ബാക്കി തുക ഈ സാമ്പത്തികവർഷം അനുവദിക്കേണ്ടത് അനിവാര്യമാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി. 2013-14 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ 890.75 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5075-60-800-81—മറ്റുഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്—ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി

ആലപ്പുഴ കനാൽ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 11.04 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് ഈ ശീർഷകത്തിൽ 2.5 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

7053-02-190-99—തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 18.92 ഏക്കർ സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക്

നൽകുന്നതിന് 200 കോടി രൂപ ആവശ്യമാണ്. പ്രസ്തുത വിമാനത്താവളത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR കേസുകളിൽ ഡിക്രിയും ജഡ്ജ്മെന്റും ലഭിച്ച 16 കേസുകളിൽ കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി 3.5 കോടി രൂപയും കൂടാതെ ജഡ്ജ്മെന്റ് ലഭിക്കാനുള്ള 15 കേസുകൾക്ക് വേണ്ടിവരുന്ന തുകയും ഉൾപ്പെടെ 10 കോടി രൂപയും ആവശ്യമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ ആകെ 210 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**കെ.എസ്.ആർ.ടി.സി.**

2013-14 വർഷത്തെ ബജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പയായി 125 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും 59 കോടി രൂപ പ്ലാൻ ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. കൂടാതെ, കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി 200 കോടി രൂപ അധികധനസഹായം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും വായ്പയായി 360 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ കോർപ്പറേഷൻ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നുപോകുകയാണെന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും വായ്പ തിരിച്ചടവിനും ഡീസൽ ചെലവിനുമുള്ള തുക നിലവിലുള്ള സാമ്പത്തിക സാഹചര്യത്തിൽ റവന്യൂ വരുമാനത്തിൽനിന്നും കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും സമിതി വിലയിരുത്തി. 2013-14 സാമ്പത്തികവർഷത്തെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം 974.37 കോടി രൂപയാണ്. നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയും സർക്കാർ പ്രഖ്യാപിച്ച ധനസഹായവും കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള ലോണും ഉൾപ്പെടെയുള്ള തുകകൂടി ചേർന്നാലും 289.37 കോടി രൂപയുടെ അന്തരം ചെലവും വരുമാനവും തമ്മിൽ നിലനിൽക്കുന്നതായി സമിതി ചൂണ്ടിക്കാണിച്ചു. ഇതിൽ 89 കോടി രൂപ പ്രവർത്തനം മെച്ചപ്പെടുത്തിയും ചെലവ് ചുരുക്കിയും കെ.എസ്.ആർ.ടി.സി. തന്നെ കണ്ടെത്തുന്നതാണെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിനായി 200 കോടി രൂപകൂടി സർക്കാർ ധനസഹായമായി നൽകണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സി.എൻ.ജി. കൺവേർഷൻ

കെ.എസ്.ആർ.ടി.സി. രൂക്ഷമായ സാമ്പത്തികപ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് ബസുകളുടെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന് ഡീസൽ ഇന്ധനത്തിൽനിന്നും സി.എൻ.ജി. (സമ്മർദ്ദിതപ്രകൃതിവാതകം)യിലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കൊച്ചിയിൽ സി.എൻ.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിന് 100 കോടി രൂപയുടെ കേന്ദ്രസഹായം ലഭിക്കുന്നതാണ്. എന്നാൽ ബസ്സുകളിൽ സി.എൻ.ജി. കിറ്റ് സ്ഥാപിക്കുന്നതിനും ബസുകളിൽ ഇന്ധനം നിറയ്ക്കുന്നതിന് ആവശ്യമായ സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും വേണ്ടിവരുന്ന തുക കെ.എസ്.ആർ.ടി.സി. കണ്ടെത്തേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസുകളുടെ സി.എൻ.ജി. കൺവേർഷനുവേണ്ട തുക വകയിരുത്തുന്നതിന് ബജറ്റിൽ ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ഇതിനുവേണ്ടി 5 കോടി രൂപ അനുവദിക്കണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതി ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം പിരിഞ്ഞു.

## 8-5-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V, 2013 മേയ് മാസം 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ബെന്നി ബെഹനാൻ
3. ശ്രീ. ജോസ് തെറ്റയിൽ
4. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
5. ശ്രീമതി കെ. കെ. ലതിക
6. ശ്രീ. കെ. രാജു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റുദ്യോഗസ്ഥർ</u> :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖവകുപ്പ്
2. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ഡോ. ജേക്കബ് തോമസ്, ഡയറക്ടർ ഓഫ് പോർട്സ്
4. ശ്രീ. എ. ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ശങ്കരൻ സുമ, കമ്പനി സെക്രട്ടറി, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വി.ഐ.എസ്.എൽ.)
6. ശ്രീ. എസ്. മാധവൻ നമ്പൂതിരി, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ, എൻ.എച്ച്., പൊതുമരാമത്ത് വകുപ്പ്

8. ശ്രീ. സി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്)

9. ശ്രീമതി പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്)

10. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ (ഡിസൈൻ&അഡ്മിനിസ്ട്രേഷൻ)

11. ശ്രീ. പി. സി. ഹരികേശ്, സി.ഇ.ഒ., കേരള റോഡ് ഫണ്ട് ബോർഡ്

12. ശ്രീ. കെ. എസ്. രാജു, എം.ഡി., കെ.എസ്.സി.സി.

13. ശ്രീ. ആർ. ശ്രീനാരായണൻ, ജനറൽ മാനേജർ, കെ.എസ്.സി.സി.

14. ശ്രീ. എ. എസ്. സുരേഷ്ബാബു, എം.ഡി. വി.ഐ.എസ്.എൽ.

15. ശ്രീ. റ്റി. ബാബുരാജ്, എം.ഡി, ആർ.ഐ.സി.കെ.

16. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ

17. ശ്രീ. കെ. ജോസഫ് മാത്യു, പ്രോജക്ട് ഡയറക്ടർ, കെ.എസ്.ടി.പി.

18. ശ്രീമതി കെ. എം. ലീലാമണി, ജോയിന്റ് സെക്രട്ടറി, ഫിഷറീസ്& പോർട്ട്സ് ഡിപ്പാർട്ട്മെന്റ്.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബജറ്റിലെ XV—പൊതുമരാമത്ത്, XL—തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന പ്രസ്തുത വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതിമുമ്പാകെ ഹാജരായ ഉദ്യോഗസ്ഥരിൽനിന്നും അധിക വിവരങ്ങൾ ആരായുകയും ശുപാർശകൾക്ക് രൂപംനൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XV സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള കുറിപ്പിൽ നാല് മേജർ ഹെഡ്ഡുകളായിട്ടാണ് ധനാഭ്യർത്ഥനകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും പൊതുമരാമത്ത് വകുപ്പിന്റെ വിവിധ പദ്ധതികളുടെ വിശദമായ കുറിപ്പ്, മേജർ, സബ്മേജർ, മൈനർ, സബ് ഡീറ്റെയിൽഡ് ഹെഡുകളിൽ നടപ്പുവർഷം ആവശ്യപ്പെട്ടിരിക്കുന്ന തുക, കഴിഞ്ഞവർഷം ചെലവഴിച്ച തുക, 2013-14 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക ആയതിന്റെ പര്യാപ്തത, അപര്യാപ്തത എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പൊതുമരാമത്തു വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു.

2059-01-051—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം.

വിവിധ വകുപ്പുകളുടെ 41.27 ലക്ഷം ചതുരശ്ര വിസ്തീർണ്ണം വരുന്ന 6351 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെന്നും ഇതിൽ ഓഫീസ്

വികസനത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾക്കായി 425.20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുകയും പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷക ത്തിൽ 266.20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് പൊതുമരാമത്ത് വകുപ്പാണെന്നും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് വിട്ടുകൊടുത്ത സ്കൂൾ കെട്ടിടങ്ങളോടുചേർന്ന് പ്രവർത്തിക്കുന്ന എ.ഇ.ഒ. ഓഫീസുകളുടെയും ഡി.ഇ.ഒ. ഓഫീസുകളുടെയും അറ്റകുറ്റപ്പണി നടത്താൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കില്ലെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത സ്കൂളുകളുടെ അറ്റകുറ്റപ്പണികൾപോലും ചെയ്യാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഫണ്ടില്ലാത്ത സാഹചര്യമുള്ളപ്പോൾ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളുടെ അറ്റകുറ്റപ്പണി നടത്താൻ കഴിയാതെ വരുമെന്നും പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് അസറ്റ് മെയിന്റനൻസ് ഫണ്ട് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും സമിതി നിർദ്ദേശിച്ചു. അസറ്റ് മെയിന്റനൻസ് ഫണ്ട് പഞ്ചായത്തിനു മാത്രമേ ചെലവാക്കാൻ കഴിയുകയുള്ളൂവെന്നും റെസ്റ്റ് ഹൗസുകൾ, ആശുപത്രികൾ എന്നിവയുടെ അറ്റകുറ്റപ്പണി കളും നടത്തുന്നത് പ്രസ്തുത ഫണ്ടിൽ നിന്നാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകൾ പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ ഓഫീസ് ആയി പരിഗണിക്കാനും അവയുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാനും സമിതി ശുപാർശ ചെയ്തു.

2059-01-053—<u>പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 72.60 കോടി രൂപ അനുവദിക്കണ മെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 35.69 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2059-60-051—<u>പൊതുമരാമത്ത്—മറ്റ്—കെട്ടിടങ്ങൾ—നിർമ്മാണം</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി എന്നീ വകുപ്പുകളുടെ മറ്റു കെട്ടിടങ്ങളുടെയും ന്യൂഡൽഹിയിലെ കേരള ഹൗസിന്റേയും ചെറുകിട മരാമത്തു പണികൾക്കുള്ള തുകയും വി.ഐ.പി. വിസിറ്റിന് ആവശ്യംവരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 6,25,00,000 രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2059-60-053—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുംവേണ്ടിവരുന്ന തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 53,76,20,000 രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2059-80-001-99-001—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, കെട്ടിടങ്ങളും ലോക്കൽ പണികളും—02—ചീഫ് ആർക്കിടെക്റ്റ്

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമാണെന്നും ആയതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്നും പൊതുമരാമത്തുവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ചീഫ് ആർക്കിടെക്റ്റ് ബിൽഡിംഗ് ഡിസൈൻ അംഗീകരിക്കുന്നതു സംബന്ധിച്ച് പോരായ്മകളുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതു സംബന്ധിച്ച് നിയമസഭയിലും പരാതികൾ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. ആയതിനാൽ പ്രസ്തുത പ്രവൃത്തി ഔട്ട്സോഴ്സ് ചെയ്യുകയാണ് നല്ലതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഔട്ട്സോഴ്സ് ചെയ്യാൻ തീരുമാനിക്കുകയും ഇതിന്റെ പത്രപരസ്യം നൽകി എം.പാനൽ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുള്ളതായി സമിതി നിരീക്ഷിച്ചു. ഔട്ട്സോഴ്സിംഗ് സംബന്ധിച്ച വിശദമായ വിവരങ്ങൾ സമിതി ആരാഞ്ഞതിന് അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഔട്ട് സോഴ്സിംഗ് നടത്തിവരികയാണെന്നും എം.പാനൽ ലിസ്റ്റ് പൂർത്തിയാക്കാനുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഡിസൈൻ ആന്റ് അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു. എം.പാനൽ ലിസ്റ്റ് പത്തുദിവസത്തിനകം പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച പരാതികൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് സമിതി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

2059-80-053—പൊതുമരാമത്ത്—ജനറൽ—സംരക്ഷണവും അറ്റകുറ്റപ്പണികളും

കേരള ഹൗസിന്റെ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 37.50 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 20.38 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ട്രാവൻകൂർ ഹൗസിന്റെ നിർമ്മാണപ്രവൃത്തികൾ ഒന്നും നടക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ട്രാവൻകൂർ ഹൗസിന്റെ നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എല്ലാ ഗസ്റ്റ് ഹൗസുകളും ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലാണ് വരുന്നതെന്നും കേരള ഹൗസും ടൂറിസം വകുപ്പിന്റെ കീഴിൽ വരേണ്ടതാണെന്നും സമിതി

അഭിപ്രായപ്പെട്ടു. ട്രാവൻകൂർ ഹൗസിന്റെ നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞതിന് ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രണ്ടു മൂന്ന് മീറ്റിംഗ് നടന്നുവെന്നും ഇതിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇത് നടപ്പിലാക്കണമെങ്കിൽ വിവിധ ഏജൻസികളുടെ ക്ലിയറൻസ് വാങ്ങേണ്ടിവരുമെന്നും ക്ലിയറൻസ് കിട്ടാൻ ബുദ്ധിമുട്ടാണെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. എ.ആർ.സി.തന്നെ നേരിട്ട് അംഗീകാരം വാങ്ങി നൽകാമെന്ന് ഉറപ്പുതന്നതിനാൽ ഇത് മുഴുവൻ കൈമാറിയതായും ചീഫ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. എന്നാൽ ട്രാവൻകൂർ ഹൗസിന്റെ വികസനത്തിനുവേണ്ടി ആകെ കണ്ടെത്തേണ്ടത് 80 കോടി രൂപയാണെന്നും ആയത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്നും ഇതിന്റെ നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചാൽതന്നെയും പ്രസ്തുത തുക ഉണ്ടെങ്കിൽ മാത്രമേ നിർമ്മാണവുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ സമിതിയിൽ വെളിപ്പെടുത്തി. കൂടാതെ റെസിഡൻഷ്യൽ സോൺ എന്നുള്ളത് കൊമേഴ്സ്യൽ സോൺ ആക്കേണ്ടിവരുമെന്നും ആയത് വളരെ ഭാരിച്ച ജോലിയാണെന്നും ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

3054-01-001-99—<u>റോഡുകളും പാലങ്ങളും—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ</u>

1-4-2013 മുതൽ സബ് ഓഫീസുകളുടെ കറണ്ട് ചാർജ്ജ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും നൽകണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും അതിന് ആവശ്യമായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-01-001-98—<u>റോഡുകളും പാലങ്ങളും—മേൽനോട്ടവും നിർവ്വഹണവും</u>

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 42.43 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുകയും ഇതിൽ 06—വാടക, കരം, നികുതി എന്ന ഇനത്തിലുള്ള തുക വളരെക്കുറവായതിനാൽ ആയതിൽ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും 12—സ്കോളർഷിപ്പ് സ്റ്റൈപ്പെന്റ് എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക 2.50 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

3054-01-800-99—<u>റോഡുകളും പാലങ്ങളും—മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽവരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം</u>

നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടുള്ള റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായാണ് പ്രസ്തുത തുക ഉപയോഗിക്കുന്നതെന്നും പ്രസ്തുത ശീർഷകത്തിൽ നിന്നും നിലവിൽ 95 ലക്ഷം രൂപയുടെ ബില്ല് കൊടുക്കാനുണ്ടെന്നും കൂടാതെ മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന നാഷണൽ ഹൈവേയിൽ ധാരാളം

അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വന്നിരിക്കുകയാണെന്നും ചീഫ് എഞ്ചിനീയർ (എൻ.എച്ച്.) സമിതിയെ ധരിപ്പിക്കുകയും ആയതിനാൽ, ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 5 കോടി രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

3054-03-103-98—റോഡുകളും പാലങ്ങളും—സംസ്ഥാന രാജപാതകൾ

പ്രസ്തുത ഹെഡ്ഡിൽ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക പൊതുമരാമത്ത് വകുപ്പിൽ സംസ്ഥാന രാജപാതയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 13-ാം ധനകാര്യ കമ്മീഷന്റെ തുകയാണെന്നും സ്റ്റേറ്റ് ഹൈവേയ്ക്കുള്ള നടപ്പു വർഷത്തെ അലോക്കേഷൻ 81 കോടി രൂപയാണെന്നും പ്രസ്തുത തുക പര്യാപ്തമാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3054-03-337-99—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—സാധാരണ അറ്റകുറ്റപ്പണികൾ

ഒരു വർഷം ശരാശരി 5000 കി.മീ. റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണെന്നും ഇപ്പോഴത്തെ കണക്കനുസരിച്ച് ചെയ്താൽപോലും 2200 കോടി രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതെന്നും കരാറുകാരുടെ ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി പ്രസ്തുത ശീർഷകത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള 118 കോടി രൂപ അപര്യാപ്തമാണെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്) സമിതിയെ അറിയിച്ചു. ആകെ 31811 കി.മീ. അറ്റകുറ്റപ്പണികൾ ഈ വർഷം നടത്തേണ്ടതാണെന്നും അതിൽ കിലോമീറ്ററിന് 1 ലക്ഷം രൂപ കണക്കാക്കിയാൽപോലും 300 കോടി രൂപ വേണ്ടി വരുമെന്നും ആയതിനാൽ പ്രസ്തുത തുക അനുവദിക്കുന്നതിന് സമിതി ശക്തമായി ശുപാർശ ചെയ്യണമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അഭ്യർത്ഥിക്കുകയും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 300 കോടി രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3054-03-337-98—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 118 കോടി രൂപയാണെന്നും ആകെയുള്ള 31000 കിലോമീറ്ററിൽ 20% വരുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾ ഒരു വർഷം നടത്തണമെന്നാണ് നിയമമെന്നും ഇതനുസരിച്ച് 6362 കിലോ മീറ്ററോളം റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യേണ്ടതാണെന്നും ആയത് ചെയ്യണമെങ്കിൽ ആയിരം കോടി രൂപയോളം വേണ്ടിവരുമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. 10% വരുന്ന റോഡിന്റെ അറ്റകുറ്റപ്പണി ചെയ്യണമെങ്കിൽതന്നെയും 500 കോടി രൂപ വേണ്ടിവരുമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 500 കോടി രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3054-03-337-97—റോഡുകളും പാലങ്ങളും—സംസ്ഥാനഹൈവേകൾ—റോഡുപണികൾ—ഗതാഗതസൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുളള തുക 200 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-96—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡ് പണികൾ—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 18.70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-03-337-95—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ —വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത തുക 6.6 കോടിയിൽനിന്നും 10 കോടിരൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-03-337-94—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 3.96 കോടിയിൽനിന്നും 10 കോടി രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

3054-03-337-93—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ശബരിമല വർക്കുകൾ

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി നോൺ പ്ലാൻ ഇനത്തിൽ 7.92 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതെന്നും 85 കോടി രൂപയുടെ ഭരണാനുമതി കിട്ടിയ ഹെവി മെയിന്റനൻസിന്റെ പണി ശബരിമലയിൽ ആരംഭിച്ചിട്ടുണ്ടെന്നും അടുത്ത സീസണിനു മുൻപ് പ്രസ്തുത പ്രവൃത്തി പൂർത്തി യാക്കാൻ സാധിക്കുമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇത് 7.92 കോടിയിൽനിന്നും 25 കോടി രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-05-337-99—റോഡ് പണികൾ—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

സി.ആർ.എഫ്. ഇപ്പോൾ ലഭിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കഴിഞ്ഞ വർഷം 49 കോടി രൂപയുടെ 4 വർക്കുകൾക്കാണ് അനുമതി ലഭിച്ചതെന്നും നടപ്പു

വർഷത്തെ പ്രൊപ്പോസൽ അയച്ചിട്ടുണ്ടെന്നും 120 കോടി രൂപയുടെ വർക്കാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇപ്പോൾ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്ന തുക നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തികൾക്കു വേണ്ടിയുള്ളതാണോയെന്ന് സമിതി ആരാഞ്ഞതിന് മുൻപ് തീർന്നു കഴിഞ്ഞ വർക്കിനുളള ഫണ്ട് കൊടുക്കുന്നതിനുവേണ്ടിയുളളതാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-001-99—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ്

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്ന പ്രസ്തുത ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിനു വേണ്ടി അനുവദിച്ചിട്ടുള്ള തുക 4,00,000 രൂപയായും വൈദ്യുതി ചെലവിനുള്ള തുക 8,50,000 രൂപയായും ടെലഫോൺ ചെലവിനുള്ള തുക 4,50,000 രൂപയായും മറ്റ് ചെലവുകൾക്കുള്ള തുക 15,00,000 രൂപയായും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള തുക 4,00,000 രൂപയായും പി.ഒ.എൽ. ഇനത്തിലുള്ള തുക 6,00,000 രൂപയായും വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-001-98—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ മറ്റിനങ്ങൾക്കുള്ള തുക 8,50,000 രൂപയായും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലുള്ള തുക 5,00,000 രൂപയായും പി.ഒ.എൽ. ഇനത്തിലുളള തുക 7,00,000 രൂപയായും വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-001-97—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. ഇതിൽ, ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് അനുവദിച്ചിട്ടുള്ള തുക 10,00,000 രൂപയായും വൈദ്യുതി ചെലവിനുള്ള തുക 15,00,000 രൂപയായും ടെലഫോൺ ചെലവിനുള്ള തുക 10,00,000 രൂപയായും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലുള്ള തുക 10,00,000 രൂപയായും വാടക, കരം, നികുതി എന്ന ഇനത്തിലുള്ള തുക 20,00,000 രൂപയായും പി.ഒ.എൽ. ഇനത്തിൽ തുക 34,14,000 രൂപയായും വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-001-05—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ്

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി

3054-80-004-99—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്ക്കരണവും—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചീഫ് എഞ്ചിനീയർ, ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലെ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് അനുവദിച്ചിട്ടുള്ള തുക 25,000 രൂപയായും വൈദ്യുതി ചെലവിനുള്ള തുക 50,000 രൂപയായും വർദ്ധിപ്പിക്കണമെന്നും ടെലഫോൺ ചെലവിനത്തിൽ 25,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും അധികമായി അനുവദിക്കണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-004-98—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കും വേണ്ടിവരുന്ന തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക 50,000 രൂപയായി ഉയർത്തണമെന്നും പി.ഒ.എൽ. ഇനത്തിൽ 40,000 രൂപയും ഓഫീസ് ചെലവിന് ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-004-96—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം

പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായ പഠനം നടത്താൻ വേണ്ടിയുള്ള തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-052-98—റോഡുകളും പാലങ്ങളും—ജനറൽ—യന്ത്രോപകരണങ്ങൾ—വാഹനങ്ങളും അറ്റകുറ്റപ്പണികളും

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. അറ്റകുറ്റപ്പണികൾ കഴിഞ്ഞ റോളറുകൾക്ക് പെയ്മെന്റ് നൽകാൻ 10 ലക്ഷം രൂപ വേണ്ടി

വരുമെന്നതിനാലും വിവിധ വർക്ക്ഷോപ്പുകളിൽ പണി ചെയ്യാൻ കിടക്കുന്ന റോളറുകൾക്ക് 50 ലക്ഷം രൂപ വേണ്ടിവരുമെന്നതിനാലും ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-107-97—റോഡുകളും പാലങ്ങളും—ജനറൽ—റയിൽവേ സുരക്ഷിതത്വ പണികൾ—കാവൽക്കാർ ഇല്ലാത്ത ലവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിനു നൽകേണ്ട കുടിശ്ശികത്തുക ഏകദേശം 4.50 കോടി രൂപയായതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3054-80-800-92-10—റോഡുകളും പാലങ്ങളും—ജനറൽ—കേരള റോഡ് ഫണ്ട്—സംഭാവന

കേരള റോഡ് ഫണ്ട് ബോർഡ് ആക്ട് പ്രകാരം മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിലേക്ക് സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ഈയിനത്തിൽ 31-3-2013 വരെയുള്ള കാലയളവിൽ കുടിശ്ശികയിനത്തിൽ ബോർഡിന് ലഭിക്കേണ്ട 170.39 കോടി രൂപ ബോർഡിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

കേരള റോഡ് ഫണ്ട് ബോർഡ് ആദ്യ പദ്ധതിയായി ഏറ്റെടുത്തത് തിരുവനന്തപുരം സിറ്റി റോഡ് ഡെവലപ്മെന്റാണെന്നും രണ്ടാമതായി കോഴിക്കോടും പിന്നീട് കൊച്ചിയിലും പദ്ധതി ഏറ്റെടുത്തെങ്കിലും കൊച്ചിയിൽ ലാൻഡ് അക്വിസിഷനുവേണ്ടി മാത്രം 1000 കോടി രൂപ ചെലവു വരുമെന്നതുകൊണ്ട് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണെന്നും ഇടപ്പള്ളി മേൽപ്പാലവും വൈറ്റില ഫ്ളൈ ഓവറും നിർമ്മിക്കുന്നത് റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ട് ഉപയോഗിച്ചാണെന്നും കൂടാതെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി 15 സ്പെഷ്യൽ പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ അന്തിമഘട്ടത്തിലാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കോർപ്പറേഷന്റെ റോഡുകളോട് ചേർന്നുവരുന്ന മറ്റു റോഡുകളുടെ ഭാഗങ്ങളിലും പണി നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മോട്ടോർ വെഹിക്കിൾ സെസ്സിന്റെ വിഹിതമായി കിട്ടുന്ന തുക പൂർണ്ണമായും ലഭിച്ചാൽ റോഡ് ഫണ്ട് ബോർഡിന്റെ പദ്ധതികൾ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാൻ സാധിക്കുമെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

മോട്ടോർ വാഹന നികുതിവരവിന്റെ 10%-ന് തുല്യമായ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത വിഹിതം 10%-ൽനിന്ന് 25% ആയി വർദ്ധിപ്പിക്കണമെന്ന് മുൻവർഷങ്ങളിലെ സമിതിയുടെ ശുപാർശ ആവർത്തിക്കുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-99—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയുടെ പരിഷ്ക്കരണ ജോലികൾ വേഗതയിലും പുരോഗതിയിലുമാണെന്ന് സമിതി മനസ്സിലാക്കുകയും നവീകരണ പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

4059-01-051-98—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം നീതിന്യായ നിർവ്വഹണം.

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി സംസ്ഥാന പദ്ധതി പ്രകാരം ബഡ്ജറ്റ് വിഹിതം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും പണി പുരോഗമിച്ചു കൊണ്ടിരിക്കുന്ന എറണാകുളം കോർട്ട് കോംപ്ലക്സ്, ആലപ്പുഴ കോടതിയുടെ 'എ' ബ്ലോക്ക് എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവിനും വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതിനാലും ആയതിന് ഒരു നിശ്ചിത തുക മാത്രമാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത് എന്നതിനാലും ഈ ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

4059-01-051-97-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ഇലക്ഷൻ—വൻകിട മരാമത്ത് പണികൾ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്നതിനുള്ള ഈ ശീർഷകത്തിൽ നടപ്പുവർഷം 2 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുകയും പ്രസ്തുത മന്ദിരം നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിച്ച് കിട്ടുകയും നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്യുന്നമുറയ്ക്ക് പ്രസ്തുത ശീർഷകത്തിൽ അധികം ആവശ്യമായിവരുന്ന തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

4059-01-051-96-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ഭൂനികുതി—വൻകിട മരാമത്ത് പണികൾ

ഭൂനികുതി വകുപ്പിലെ വിവിധ താലൂക്ക് റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി പ്രസ്തുത ശീർഷകത്തിലേക്ക് 2.5 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാണിച്ചു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-95-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—മുദ്രപ്പത്രങ്ങൾ രജിസ്ട്രേഷൻ—വൻകിട മരാമത്തുപണികൾ

രജിസ്ട്രേഷൻ വകുപ്പിലെ പണികൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൽ 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2.5 കോടി രൂപമാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കി. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടങ്ങൾക്ക് ആകെ 9.0969 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിലേക്ക് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-94-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സ്റ്റേറ്റ് എക്സൈസ്—വൻകിട മരാമത്തുപണികൾ

എക്സൈസ് വകുപ്പിലെ വിവിധ പണികൾക്കായി നടപ്പു സാമ്പത്തിക വർഷത്തേക്ക് 3.5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2 കോടി രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതെന്നതിനാലും എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ എന്നിവയുടെ പല മേജർ പണികളും പൂർത്തിയാക്കേണ്ടതിനാലും തൃശൂർ അക്കാഡമിയുടെ പണി പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിലേയ്ക്ക് 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-93-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വിൽപനനികുതി—വൻകിട മരാമത്തു പണികൾ

വാണിജ്യനികുതി വകുപ്പിലെ പല പണികളും വളരെ വേഗത്തിൽ നടന്നുവരുന്നതിനാലും കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കേണ്ടതിനാലും പ്രസ്തുത ശീർഷകത്തിലേക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-92-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പബ്ലിക് സർവ്വീസ് കമ്മീഷൻ—വൻകിട മരാമത്തു പണികൾ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് 1 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പണികൾ ഏറ്റെടുക്കാനുള്ളതിനാലും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-91-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്—വൻകിട മരാമത്തുപണികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 30 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 2 കോടി രൂപമാത്രമാണ് വകയിരുത്തിയിട്ടുളളത്. സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 30 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

4059-01-051-90-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ട്രഷറിയും അക്കൗണ്ട് ഭരണവും—വൻകിട മരാമത്തുപണികൾ

സംസ്ഥാനത്ത് ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷത്തേക്ക് 2.5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുളളത്. ആയതിനാൽ 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-89-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പോലീസ്—വൻകിട മരാമത്തുപണികൾ

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണി ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുളളത്. 25 ലക്ഷം രൂപ മതിപ്പു ചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണികൾ ചെയ്യാനുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-88-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ജയിൽ—വൻകിട മരാമത്തുപണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുളള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുളളത് 5 ലക്ഷം രൂപയാണെന്ന് സമിതി മനസ്സിലാക്കുകയും എന്നാൽ പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുള്ളതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

4059-01-051-87—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സ്റ്റേഷനറിയും അച്ചടിയും—വൻകിട മരാമത്തുപണികൾ

സ്റ്റേഷനറിയും അച്ചടിയും വകുപ്പിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുളളതിനാൽ നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുളള 4 ലക്ഷം രൂപയ്ക്കുപുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-86-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്തുപണികൾ (സിവിൽ ജോലികൾ)—വൻകിട മരാമത്തുപണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും നടപ്പു സാമ്പത്തിക വർഷത്തേക്ക് 40 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പ്രസ്തുത ശീർഷ കത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-85-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—അഗ്നിപ്രതിരോധവും നിയന്ത്രണവും—വൻകിട മരാമത്തുപണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തുനടത്താനുണ്ടെന്ന് സമിതി മനസ്സി ലാക്കുന്നതിനാൽ നടപ്പുപണികൾക്കും പുതിയ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-82-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്—വൻകിട മരാമത്ത് പണികൾ

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പുതിയ ലിഫ്റ്റ് സ്ഥാപിക്കൽ ജോലി പുരോഗതിയിലായതിനാലും പ്ലാനിംഗ് ബോർഡിന്റെ വിവിധ നവീകരണ ജോലി കൾക്കുവേണ്ടിയും വൈസ് ചെയർമാന്റെ വസതിയുടെ പണി ഏറ്റെടുക്കേണ്ട തിനാലും നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപയ്ക്കു പുറമേ 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-75-16—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ്—കെട്ടിടങ്ങൾ നിർമ്മാണം—വാണിജ്യ നികുതി വകുപ്പ്—വൻകിട മരാമത്ത് പണികൾ

വാണിജ്യനികുതി വകുപ്പിന്റെ പണികൾക്കായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ പര്യാപ്തമാണെങ്കിലും നടപ്പുവർഷം പ്ലാൻ ഇനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ, പ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-72—പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വില്ലേജാഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജാഫീസുകൾക്കുവേണ്ടിയുള്ള പ്രസ്തുത പുതിയ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 5 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 4.40 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 195 ലക്ഷം രൂപയ്ക്കുള്ള വിവിധ വില്ലേജ് ആഫീസുകളുടെ പണി നടക്കുന്നതിനാൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-71-16—പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്തുപണികൾ (കെട്ടിടങ്ങൾ)—വൻകിട മരാമത്തുപണികൾ

മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിലെ പണികൾക്കുള്ള നോൺ പ്ലാൻ വിഹിതമായി 5 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പാക്കേജിലെ 242 പണികൾക്കായി 471 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുള്ളവയിൽ 60 കോടിയോളം രൂപയ്ക്ക് പണി പൂർത്തിയാക്കിയിട്ടുള്ളതായും പ്രസ്തുത പാക്കേജിലെ മറ്റുള്ള പണികൾ വളരെ പുരോഗതിയിലാണെന്നും സമിതി വിലയിരുത്തി. കൂടാതെ, എല്ലാ വകുപ്പുകളുടെയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 125 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-69—പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പഴയകെട്ടിടത്തിന്റെ അധികനില നിർമ്മാണം

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ആവശ്യമായിവരുന്ന മുറയ്ക്ക് തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-68—പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പ്രോസിക്യൂഷൻ ജനറൽ ഓഫീസ് കെട്ടിടനിർമ്മാണം

പുതുതായി ആരംഭിച്ച ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 75 ലക്ഷം രൂപയ്ക്കുപുറമേ ആവശ്യമായി വരുന്നമുറയ്ക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-01-051-67—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടം—നിർമ്മാണം—സർക്കാരിന്റെ കീഴിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം

ഹെറിറ്റേജ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ആരംഭിച്ച ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഗവൺമെന്റ് വിക്ടോറിയ കോളേജ്,

പാലക്കാട്, ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി, മഹാരാജാസ് കോളേജ്, എറണാകുളം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, എറണാകുളം ലാ കോളേജിലുള്ള കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം, കെ.എൻ.എം. ഗവൺമെന്റ് വിമൻസ് കോളേജ്, കണ്ണൂർ, ഗവൺമെന്റ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തിരുവനന്തപുരം, തലശ്ശേരി, സ്വാതിതിരുനാൾ സംഗീത കോളേജ്, തിരുവനന്തപുരം എന്നിവ പ്രസ്തുത പൈതൃക പദ്ധതിയിൽ ഉൾപ്പെടുന്നു. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുവാൻ 50 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-60-051-99-16—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—സംസ്ഥാന നിയമസഭ—വൻകിട മരാമത്തുപണികൾ

സംസ്ഥാന നിയമസഭയിലെ പണികൾക്കായി അനുവദിച്ച ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ ഹാളിനകത്തെ ഇലക്ട്രോണിക്സ് സിസ്റ്റം മാറ്റിസ്ഥാപിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-60-051-98—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—നീതിന്യായനിർവ്വഹണം—ഹൈക്കോടതിയുടെയും ജില്ലാ കോടതിയുടെയും കെട്ടിടനിർമ്മാണം—50% കേന്ദ്രസഹായം

50% കേന്ദ്രസഹായം ലഭിക്കുന്ന ഈ ശീർഷകത്തിൽ 2013-14 മുതൽ കേന്ദ്ര സഹായം 75% ആക്കുകയും ആയത് 4059-60-051-73 എന്ന ശീർഷകത്തിൽ ആക്കുകയും ചെയ്തു. കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. കേന്ദ്രസഹായം ലഭിക്കുന്നതുവരെ സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് തുക ലഭ്യമാക്കേണ്ടതെന്നതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-60-051-88-16—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—ജയിൽ—വൻകിട മരാമത്തുപണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-60-051-86-16—പൊതുമരാമത്ത്—മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ)— വൻകിടമരാമത്തുപണികൾ

സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും പണികൾക്ക് നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

ആയതിനാൽ, നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-60-051-85-16—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റുകെട്ടിടങ്ങൾ—നിർമ്മാണം—അഗ്നിപ്രതിരോധവും നിയന്ത്രണവും—വൻകിട മരാമത്തുപണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി നടപ്പുസാമ്പത്തികവർഷം 4 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും നടപ്പു പണികൾക്കും പുതിയ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ രണ്ടുകോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-60-051-77-16—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം—വൻകിട മരാമത്തുപണികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 82,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുളളതെന്ന് സമിതി മനസ്സിലാക്കുകയും ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി പ്രഖ്യാപിച്ച 10 കോടി രൂപയുടെ പണികൾ ആരംഭിക്കുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

4059-60-051-74—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—ആറ്റിപ്ര വില്ലേജിൽ ബഹുനില ഓഫീസ് സമുച്ചയ നിർമ്മാണം

പൊതുമരാമത്ത് വകുപ്പ് നേരിട്ട് ചെയ്യുന്നതല്ലാത്ത പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായിവരുന്നമുറയ്ക്ക് തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-73—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—കോടതികെട്ടിടങ്ങൾ—ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം (75% സി.എസ്.എസ്.)

75% കേന്ദ്ര സഹായമുളള ഈ ശീർഷകത്തിൽ ആവശ്യമായിവരുന്നമുറയ്ക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-72-16—പൊതുമരാമത്ത് മൂലധനച്ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന് കീഴിലുളള പദ്ധതികൾ—വൻകിട മരാമത്തുപണികൾ

വിവിധ പണികളുടെ പുരോഗതിയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-001-99—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—ഭരണവും നടത്തിപ്പും—2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

2059 എന്ന കണക്കിനത്തിൽനിന്നും വകമാറ്റിയ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിന്റെ വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ മറ്റു ശീർഷകങ്ങളിലെ തുകയ്ക്ക് ആനുപാതികമായി വർദ്ധനവരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-80-001-98—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—ഭരണവും നടത്തിപ്പും—2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം (50% കേന്ദ്രസഹായം)

പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-001-97—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—ഭരണവും നടത്തിപ്പും—2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം (100% സി.എസ്.എസ്.)

പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-051-79—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—നിർമ്മാണം—ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം.

പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 2.8830 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2010-11 വർഷം 2 കോടി രൂപയുടെയും 2011-12 വർഷം 1.94 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത പണികൾ ചെയ്തുതീർക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-80-051-78-16—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—നിർമ്മാണം—സൈനിക സ്കൂൾ—വൻകിട മരാമത്തുപണികൾ

സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4059-80-051-77-16—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—നിർമ്മാണം—മുൻഗണനാ പ്രവൃത്തികൾ—വൻകിട മരാമത്തുപണികൾ

പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടിയുള്ള തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് അധികതുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-052-99—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—യന്ത്രോപകരണങ്ങൾ—2059—പൊതുമരാമത്ത് എന്നതിൽ നിന്ന് പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-052-98—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—യന്ത്രോപകരണങ്ങൾ—2059—പൊതുമരാമത്ത് എന്നതിൽ നിന്ന് പണിയായുധങ്ങൾക്കും യന്ത്ര സാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം (50% കേന്ദ്രസഹായം)

50% കേന്ദ്രവിഹിതം ഉൾപ്പെടുന്നതും 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം ഉൾപ്പെടുന്നതുമായ ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-052-97—പൊതുമരാമത്ത് മൂലധനച്ചെലവ്—ജനറൽ—യന്ത്രോപകരണങ്ങൾ—2059—പൊതുമരാമത്ത് എന്നതിൽ നിന്ന് പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം (100% കേന്ദ്രസഹായം)

100% കേന്ദ്ര വിഹിതം ഉൾപ്പെടുന്നതും 2059 പൊതുമരാമത്ത് എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം ഉൾപ്പെടുന്നതുമായ ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—നാഷണൽ ഹൈവേകൾ—നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന് റോഡുപണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിന് വിനിയോഗിക്കുന്നതിനുമുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കുറ്റിപ്പുറം, പുതുപൊന്നാനി റോഡ്, താഴെചൊവ്വാ ഭാഗത്തെ വീതികൂട്ടൽ തുടങ്ങിയ പണികൾ ഉടൻ ആരംഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—നാഷണൽ ഹൈവേകൾ—നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന് ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം—വൻകിട മരാമത്തുപണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി പ്രസ്തുത

ശീർഷകത്തിൽ നിന്നുമാണ് തുക വിനിയോഗിക്കുന്നത്. ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ പ്രസ്തുത ഭാഗങ്ങളിൽ കൂടുതൽ വികസനപ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. മാത്രമല്ല, നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുളള തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു. കരമന-കളിയിക്കാവിള റോഡിനു വേണ്ടിയുള്ള ലാൻഡ് അക്വിസിഷനു വേണ്ടി 100 കോടി രൂപ അനുവദിക്കുന്നതാണെന്ന് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഉറപ്പുനൽകിയിട്ടുള്ള താണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ചെയ്തു.

5054-01-337-96—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—നാഷണൽ ഹൈവേകൾ—നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—ദേശീയപാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ സംസ്ഥാനവിഹിതം, കോഴിക്കോട് ബൈപ്പാസിന്റെ ബാക്കിഭാഗം, തലശ്ശേരി-മാഹി ബൈപ്പാസ് തുടങ്ങിയവയ്ക്ക് തുക ആവശ്യമായതിനാലും ഈ ശീർഷകത്തിൽ 200 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-01-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—നാഷണൽ ഹൈവേകൾ—മറ്റു ചെലവുകൾ—ദേശീയപാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത്, ദേശീയ പാതയിലേക്ക് ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ നടപ്പാക്കുവാൻ വേണ്ടിയുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നു പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. റോഡുകളിലെ വീതികുറഞ്ഞ ഭാഗത്ത് വീതികൂട്ടുന്നതിനും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത് പൊതുമരാമത്തു വകുപ്പാണോയെന്നു സമിതി ആരാഞ്ഞതിന് പോലീസ് വകുപ്പ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, പൊതുമരാമത്ത് വകുപ്പ് എന്നീ മൂന്ന് ഏജൻസികളാണ് ഇത് നടപ്പിലാക്കുന്ന തെന്നും പൊതുമരാമത്തു വകുപ്പ് ക്യാമറ സ്ഥാപിച്ചതിനുശേഷം അപകടങ്ങളുടെ എണ്ണവും അമിതവേഗതയും വളരെ കുറഞ്ഞിട്ടുണ്ടെന്നും ആയതിനാണ് മുൻഗണന നൽകിയതെന്നും പൊതുമരാമത്തു വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു. മേൽപ്പറഞ്ഞ ജോലികൾക്കായി 10 കോടി രൂപയാണ് വകുപ്പിന് അനുവദിച്ച തെന്നും ബാക്കിത്തുക മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ജോലികൾക്കായി നൽകിയെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

ഗതാഗതം നിയന്ത്രിക്കുന്നത് പോലീസ് വകുപ്പാണെന്നും അടുത്തടുത്തുവരുന്ന ട്രാഫിക് സിഗ്നലുകൾ സിങ്ക്രണൈസ് ചെയ്യുന്നതിനുവേണ്ട നടപടികൾ

എടുക്കുന്നതിന് പ്രസ്തുത വിഷയം റോഡ് സേഫ്റ്റി അതോറിറ്റിയിൽ അവതരിപ്പിക്കുന്ന താണെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ദേശീയപാതയിലേക്ക് ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ നടപ്പാക്കാൻ വേണ്ടിയുള്ള ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—പാലങ്ങൾ—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്തുപണികൾ

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾ ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ 57.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6.59 കോടി രൂപയാണ് വകയിരുത്തിയിട്ടുളളത്. നിലവിലുള്ള സംസ്ഥാന രാജപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി ബാക്കി തുകയായ 50.91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—റോഡുപണികൾ—വികസനവും പരിഷ്കരണവും—വൻകിട മരാമത്തുപണികൾ

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കുള്ള തുക ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ 402.50 കോടി രൂപ യാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 20.5931 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന രാജപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാനും 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും 381.91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന രാജപാതകൾ—റോഡുപണികൾ—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന രാജപാതകളുടെ ഉപരിതല പുനരുദ്ധാരണ പരിപാടി എന്ന പുതിയ പദ്ധതി നടപ്പുസാമ്പത്തികവർഷം ആരംഭിക്കുമെന്ന് സമിതി മനസ്സിലാക്കുകയും സംസ്ഥാനത്തെ 4342 കി.മീ. രാജപാതകളുടെ ഉപരിതല പുനരുദ്ധാരണം 20% വരെ ഒരു വർഷം ചെയ്യുകയാണെങ്കിൽ അധിക തുക ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാ തല റോഡുകളും മറ്റു റോഡുകളും—പാലംപണികൾ പ്രധാന ജില്ലാതല റോഡുകൾ (പാലങ്ങളും കലുങ്കുകളും)—വൻകിട മരാമത്തുപണികൾ

പ്രധാന ജില്ലാതല റോഡുകളിൽവരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾ ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ 86.25 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 12.3558 കോടിയാണ് അനുവദിച്ചിട്ടുള്ളത്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2013-14 വർഷം പുതുതായി ഭരണാനുമതി നൽകുന്നതിനും പ്രസ്തുത ശീർഷകത്തിൽ 73.89 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-101-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—മറ്റു ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും

മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾ ഉൾപ്പെടുന്ന പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലംപണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്തു പണികൾ (പാലങ്ങൾ)

മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി സ്റ്റേഷൻ കടവ് പാലം, തിരുനാവായ പാലം, അഴിമാവ് കടവുപാലം, കുമാരനെല്ലൂർ റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും വൻകിട മരാമത്തുപണികൾ

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 300 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 61.78 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2013-14 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 238.22 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—മറ്റു ജില്ലാതല റോഡുകൾ—പുതിയ പണികൾ

ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത തിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—മറ്റു ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും

ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടി ല്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 1 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—തീരദേശ ഹൈവേ

തീരദേശ ഹൈവേയുടെ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷക ത്തിൽ 122 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റുറോഡുകളും—റോഡുപണികൾ—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം—വൻകിട മരാമത്തുപണികൾ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കുവേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 172.50 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 3.2949 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2013-14 വർഷം പുതുതായി ഭരണാനുമതി നൽകാനും ബാക്കി തുകയായ 169.21 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-88—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും സംബന്ധിച്ച മൂലധനച്ചെലവ്—റോഡുപണികൾ—ശബരിമല മാസ്റ്റർ പ്ലാൻ

ശബരിമലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള റോഡുപണികൾക്ക് പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാലും 2013-14 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയും ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (പാതകൾ)

പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ—ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-04-337-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—പൊന്നാനി—വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം

പൊന്നാനി-വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിനുവേണ്ടി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-05-337-99-01—റോഡുകളും പാലങ്ങളും—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—സാമ്പത്തികമായോ സംസ്ഥാനാന്തരമായോ പ്രാധാന്യമുള്ള റോഡുകൾ (100% കേന്ദ്ര സഹായ പദ്ധതി)

പ്രധാന സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പുതിയ റോഡുകളുടെ നിർമ്മാണത്തിനായി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-05-337-99-02—റോഡുകളും പാലങ്ങളും—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡുപണികൾ—സാമ്പത്തിക പ്രാധാന്യമുള്ള റോഡുകൾ (50% കേന്ദ്രസഹായ പദ്ധതി)

50% കേന്ദ്രസഹായമുള്ള പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയ റോഡുകളുടെ നിർമ്മാണനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നതിനാൽ, ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—റോഡുപണികൾ—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)—വൻകിട മരാമത്ത് പണികൾ

പ്രസ്തുത ശീർഷകത്തിൽ 2013-14 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 50.11 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജോലികൾക്കും പുതിയ ജോലികൾക്കുമായി 120 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. സി.ആർ.എഫി.-ന് പ്രൊപ്പോസൽ അയയ്ക്കുമ്പോൾ സമിതിയുടെ ശുപാർശകൂടി ചേർക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

5054-05-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും മറ്റു ചെലവുകൾ—സി.ആർ.എഫ്. റോഡുകളും പാലങ്ങളും (സാധാരണ കരുതൽ)

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-001-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—ഭരണവും നടത്തിപ്പും—3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വിഹിതം

3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-004-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—ഗവേഷണം—ഡ്രിക് ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവും ശക്തിപ്പെടുത്തലും ആധുനികവൽക്കരണവും

പൊതുമരാമത്തു വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം നടത്തുന്നതിനുവേണ്ടി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-052-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—യന്ത്രോപകരണങ്ങൾ—റോഡുകളും പാലങ്ങളും 3054 എന്ന കണക്കിനത്തിൽനിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം

3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽനിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുംവേണ്ടി മാറ്റിയ വിഹിതം ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ആനുപാതികമായി തുക വകകൊള്ളിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-800-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവ്—പൊതുമരാമത്തുവകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

പൊതുമരാമത്തു വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് ജനറൽ—മറ്റു ചെലവുകൾ—റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ കണക്കിനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത് 10 കോടി രൂപയാണ്. 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട പുതിയ 40 റയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച 55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മേൽപ്പാലങ്ങളുടെ പൂർത്തീകരണം

മുടങ്ങിക്കിടന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാൻവേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർമ്മാണം നടന്നുക്കൊണ്ടിരിക്കുന്ന 16 മേൽപ്പാലങ്ങളിൽ 13 എണ്ണം നടപ്പുവർഷം പണിതീർത്ത് ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിന്

റെയിൽവേ വിഹിതത്തിന് പുറമേ ഏകദേശം 50 കോടി രൂപ ആവശ്യമായി വരുമെന്നതിനാൽ ഈ ശീർഷകത്തിൽ 49 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—ഒൻപത് മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

കേന്ദ്ര ഗവൺമെന്റ് പുതുതായി അനുമതി നൽകിയ 9 റെയിൽവേ മേൽപ്പാലങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായിവരുന്ന തുക വകയിരുത്തുന്നതിനുവേണ്ടി തുടങ്ങിയ ഈ ശീർഷകത്തിൽ 1 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത്. കുഞ്ഞിപ്പള്ളി, അങ്ങാടിപ്പുറം, എരൂർ, ഫറൂക്ക് എന്നീ ആർ.ഒ.ബി.-കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നതിനാൽ, 24.50 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 23.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം

കൊച്ചിയിൽ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനു വേണ്ടി തുക വകയിരുത്തുന്നതിന് പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 20.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെ നിലവിലുള്ള 2 ലെയിൻ സീപോർട്ട്-എയർപോർട്ട് റോഡ് 4 വരിയാക്കുന്നതിന് 213 കോടി രൂപയും പ്രസ്തുത റോഡു നിർമ്മാണത്തിന്റെ രണ്ടാംഘട്ടത്തിന്റെ ഈ വർഷത്തെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 80 കോടി രൂപയും ഉൾപ്പെടെ 293 കോടി രൂപ നടപ്പുവർഷം ആവശ്യമാണെന്നും കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുംകൂടി മേൽപ്പറഞ്ഞ തുക വിനിയോഗിക്കേണ്ടതാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ, മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി പ്രസ്തുത ശീർഷകത്തിൽ 272.4069 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-800-70—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മുൻഗണനാ പ്രവൃത്തികൾ

മുൻഗണന നൽകി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്കു വേണ്ടി തുക വകയിരുത്തുന്നതിന് പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ വർഷം100 കോടി രൂപയുടെയെങ്കിലും ഭരണാനുമതി നൽകുവാൻ ഉദ്ദേശിക്കുന്നതിനാൽ 75 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5054-80-800-69—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

2013-14 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 170 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-68—റോഡുകളും പാലങ്ങളും—ജനറൽ—മറ്റു ചെലവുകൾ—പി.പി.പി. (ആന്വിറ്റി) നടപ്പാക്കൽ—റോഡു സംരക്ഷണം

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 460 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2010-ലെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ അനുവദിച്ചതുപോലെ 4059-80-190-99—കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഷെയർ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ വരുന്ന കോടനാട്-മലയാറ്റൂർ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച വിശദീകരണം ആരായുകയും ചെയ്തതിന് പ്രസ്തുത പാലത്തിന്റെ ഫൗണ്ടേഷൻ ചെയ്യാൻ സമയമെടുത്തെന്നും ഡിസംബർ മാസത്തിൽ പണി പൂർത്തിയാക്കുന്നതിന് പരിശ്രമിക്കുന്നതാണെന്നും ചീഫ് എൻജിനീയർ (റോഡ്സ് & ബ്രിഡ്ജസ്) സമിതിയെ അറിയിച്ചു. പ്രസ്തുത പണിയുടെ കരാറുകാരന് നോട്ടീസ് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടതിന് എഗ്രിമെന്റ് അതോറിറ്റിയുടെ നോട്ടീസ് തന്നെ നൽകുന്നതാണെന്ന് ചീഫ് എൻജിനീയർ സമിതിയെ അറിയിച്ചു.

റോഡുകളുടെ വീതികൂട്ടുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടിവരുന്ന അത്യാവശ്യ സന്ദർശങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ 10%-ൽ കവിയാത്ത തുക ആവശ്യമെങ്കിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കാലടി പാലത്തിന്റെ അലൈൻമെന്റിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അലൈൻമെന്റ് സംബന്ധിച്ചു അവസാന തീരുമാനമായില്ലെന്നും എത്രയുംവേഗം ഇത് പൂർത്തിയാക്കുന്നതാണെന്നും പൊതുമരാമത്തു വകുപ്പ് ചീഫ് എൻജിനീയർ സമിതിയെ അറിയിച്ചു.

ഭരണാനുമതി ലഭിച്ച് 15 മാസമായിട്ടും അലൈൻമെന്റ് തീരുമാനിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി എയർപോർട്ട് റോഡിൽ നിന്നുള്ള ബൈപ്പാസാണിതെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് എത്രയുംവേഗം തീരുമാനമെടുക്കുന്നതാണെന്ന് പൊതുമരാമത്തു വകുപ്പുസെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

ഹിൽ ഹൈവേയുടെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ (റോഡ്സ് & ബ്രിഡ്ജസ്) സമിതിയെ അറിയിച്ചു.

## ധനാഭ്യർത്ഥന XL—തുറമുഖങ്ങൾ

3051-02-001-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—പോർട്ട് ഡയറക്റേറ്റ്

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി ഈ ശീർഷകത്തിൽ 164.60 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 171.74 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പുതുതായി അനുവദിച്ച കാറുകൾ, മോട്ടോർ സൈക്കിൾ എന്നിവയ്ക്കുള്ള ഇന്ധനത്തിന് 3 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 4 ലക്ഷം രൂപയും കൂടാതെ 05-4 അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ നിത്യനിദാന ചെലവുകൾക്കായി 2 ലക്ഷം രൂപയും ഉൾപ്പെടെ 9 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-001-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഹാർബർ എൻജിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശമ്പളം മുതലായ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 18.8 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-001-98-21-1—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

പ്രസ്തുത ശീർഷകത്തിൽ 2013-14 സാമ്പത്തികവർഷം ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുളളത്. പുതിയ വാഹനം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-001-93—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷിവികസനവും

കേരള സംസ്ഥാനത്തെ കപ്പലോട്ട വിജ്ഞാന വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുളളത്. നീണ്ടകരയിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കുകയും കൊടുങ്ങല്ലൂരിൽ ഇതിന്റെ സബ്സെന്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 6.9 കോടി രൂപ അപര്യാപ്തമായതിനാൽ 12.65 കോടി രൂപ അധികമായി അനുദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-001-92—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—കേരള ഉൾനാടൻ ജലഗതാഗത നിയമം നടപ്പാക്കൽ

പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഒരു കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-001-91—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—സമുദ്ര, ജലഗതാഗത വ്യാപനംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തലും അവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-102-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖ കാര്യാന്വേഷണം—പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ പോർട്ടാഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടെയും, ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രയിനുകൾ എന്നിവ പ്രവർത്തിപ്പിക്കുന്ന ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 7.25 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 7.03 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. പുതുതായി വാങ്ങിയ മൂന്ന് കാറുകൾക്കും ഒരു മോട്ടോർ സൈക്കിളിനും ഇന്ധനച്ചെലവിനായി 4.15 ലക്ഷം രൂപയും മെയിന്റനൻസിനായി 0.50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-102-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖകാര്യാന്വേഷണം—അന്വേഷണവും രക്ഷാനടപടിയും

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാച്ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ നടത്തിപ്പിനുള്ള ചെലവ്, മറ്റ് ചെലവുകൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 1.1382 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 65.22 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടഗ്ഗുകൾക്കും ബാർജ്ജുകൾക്കും ഇന്ധന ചെലവിനായി 2 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-103-93—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഡ്രെഡ്ജിംഗും സർവ്വേയിംഗും—ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട്

കൊച്ചിയിൽ സ്ഥാപിച്ചിരിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രാഫിക് സർവ്വേ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യം, വാഹനസൗകര്യം, ഓഫീസ് ചെലവുകൾ, ജീവനക്കാരുടെ വേതനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 25 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1.2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസ് ചെലവുകൾ കരാർ വ്യവസ്ഥയിലും പാർട്ട്ടൈം ആയും ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിന് വേണ്ടിവരുന്ന ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 23.84 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 1.3 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 23.84 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3051-02-103-92—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഡ്രെഡ്ജിംഗും സർവ്വേയിംഗും—കേരളത്തിലെ നോൺ മേജർ പോർട്ടുകളിൽ ഹൈഡ്രോഗ്രാഫിക് ഡാറ്റാ സെന്റർ സ്ഥാപിക്കൽ

ഡാറ്റാ, വെബ് ഡാറ്റാ, വിൻഡ് ഡേറ്റാ, കറന്റ് ഡേറ്റാ മുതലായവ ശേഖരിക്കുന്നതിനുവേണ്ടി തുറമുഖങ്ങളിൽ സ്ഥാപിക്കുന്ന ഡാറ്റാ സെന്ററുകളുടെ ചെലവുകൾക്ക് ആവശ്യമായ തുക വകകൊള്ളിച്ചിരിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 14 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-01-001-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—വൻകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—വിഴിഞ്ഞം ആഴക്കടൽ വികസനം—അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖകൾ അംഗീകരിച്ചു കഴിഞ്ഞതായും സംസ്ഥാന സർക്കാർ വലിയതോതിലുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി മുതൽമുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സമിതി വിലയിരുത്തി.

2013-14 വർഷത്തെ ബജറ്റിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയടക്കം 10 പദ്ധതികൾക്ക് പശ്ചാത്തല വികസനത്തിനായി ആകെ 846.03 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും ആവശ്യാനുസരണം തുക ഇതിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതികൾ ഓരോന്നിനും ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചു. വിഴിഞ്ഞം

അന്താരാഷ്ട്ര തുറമുഖം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 250 കോടി രൂപ ബഡ്ജറ്റ് സഹായമായി അനുവദിക്കുന്നതാണെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുള്ള താണെന്നും പ്രസ്തുത ഉറപ്പിന്മേലാണ് പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാകത്തക്കവണ്ണം പദ്ധതിക്കാവശ്യമായ ധനം വിവിധ ബാങ്ക് കൺസോർഷ്യ ങ്ങളിൽ നിന്നും, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും ബോണ്ടുകളായും കമ്പനിക്ക് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ, പ്രസ്തുത പദ്ധതിക്കായി 250 കോടി രൂപ പ്രത്യേകമായി വകയിരുത്തിയില്ലെങ്കിൽ പദ്ധതിക്ക് ആവശ്യമായ ധനസമാഹരണം തീർത്തും സാധ്യമല്ലാതെ വരുമെന്നും ഇത് പദ്ധതിയുടെ നടത്തിപ്പിനെത്തന്നെ ദോഷകരമായി ബാധിക്കുമെന്നും സമിതി വിലയിരുത്തി. ആയതിനാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 250 കോടി രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

5051-02-200-91—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—ഗവേഷണവും വികസനവും

വിവര സാങ്കേതിക വിദ്യയുടെ വർദ്ധിച്ച ഉപയോഗം, നെറ്റ്‌വർക്കിംഗ്, ഓഫീസുകൾ തമ്മിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ബന്ധിപ്പിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ വാങ്ങുകയോ വികസിപ്പിക്കുകയോ ചെയ്യുക, മണ്ണ് മാന്തൽ നടപടിയുമായി ബന്ധപ്പെട്ട ഉപദേശകരെ നിയമിക്കുക, പഠനത്തിനും ഗവേഷണത്തിനുമായി വിദഗ്ദ്ധരെ നിയമിക്കുക, പദ്ധതിരേഖകൾ തയ്യാറാക്കുക, പരിസ്ഥിതി ചൂഷണത്തിനെതിരെ പഠനം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുക, ജേർണലുകൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകളും വർക്ക്ഷോപ്പുകളും കോൺഫറൻസുകളും നടത്തുക, തുറമുഖങ്ങൾ സന്ദർശിക്കുക എന്നീ ആവശ്യങ്ങൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 2.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നു വെങ്കിലും 50 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-86—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തുറമുഖ ങ്ങളുടെ വികസനം

നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപത് തുറമുഖങ്ങളുടെ വികസനത്തിനായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 3.16 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 2.16 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-83—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—അഴീക്കൽ തുറമുഖ വികസനം

അഴീക്കൽ തുറമുഖ വികസനത്തിന് 10 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും അവിടെ ധാരാളം പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ടെന്നും ടഗ്ഗ് നിർമ്മിക്കാൻ ഓർഡർ കൊടുത്തിട്ടുണ്ടെന്നും ആയതിനുവേണ്ട ഫണ്ട് അപര്യാപ്തമാണെന്നും സമിതി വിലയിരുത്തി. സംസ്ഥാന സർക്കാർ മുൻഗണന നൽകുന്ന ഈ തുറമുഖത്തിന്റെ പ്രാരംഭഘട്ടത്തിലെ ജോലികൾ താമസം നേരിടാതെ തീർത്തെങ്കിൽ മാത്രമേ ഇത് പിന്നീട് സെൻട്രൽ പ്രോജക്ടായി വികസിപ്പിക്കാൻ കഴിയുകയുള്ളൂവെന്നും സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 43.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-82—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—വിഴിഞ്ഞം കാർഗോ തുറുമുഖം

വിഴിഞ്ഞം കാർഗോ തുറമുഖത്തിനുവേണ്ടി പ്രസ്തുത ശീർഷകത്തിൽ നടപ്പു വർഷം അനുവദിച്ച 5 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.03 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-81—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തങ്കശ്ശേരി തുറമുഖ വികസനം

തങ്കശ്ശേരി കാർഗോ തുറമുഖത്തിനുവേണ്ടി ഈ ശീർഷകത്തിൽ 14 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തുറമുഖത്തിന്റെ ധാരാളം പ്രവർത്തനങ്ങൾ അവിടെ നടക്കുന്നുണ്ടെന്നും കാർഗോ വാർഫ് നിർമ്മിക്കുക, ഡ്രഡ്ജർ വാങ്ങുക, തുറമുഖ ചാനലിന് ആഴം കൂട്ടുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ സ്ഥാപിക്കുക എന്നിവ ആവശ്യമാണെന്നും തുറമുഖ വകുപ്പു ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. കൂടാതെ കൊല്ലത്ത് കോസ്റ്റൽ ഷിപ്പിംഗിന്റെ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങുകയാണെന്നും പൊതുമേഖലയിൽ നിന്നും ധാരാളം കാർഗോ കിട്ടാൻ സാധ്യതയുള്ള സ്ഥലമാണ് കൊല്ലമെന്നും ആയതിനാൽ തങ്കശ്ശേരി കാർഗോ തുറമുഖത്തിന് മുൻഗണന നൽകി കൂടുതൽ തുക അനുവദിക്കേണ്ടതാണെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 43.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-80—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—ആലപ്പുഴ തുറുമുഖ വികസനം

ആലപ്പുഴ തുറമുഖത്തിലെ കെട്ടിടങ്ങളുടെ നിർമ്മാണം, ബ്രേക്ക് വാട്ടർ നിർമ്മാണം, ഡ്രഡ്ജിംഗ് കടൽപ്പാലങ്ങൾ പണിയുക, ഓഫീസ് ക്വാർട്ടേഴ്സ് നിർമ്മാണം,

പരിപാലനം, സജ്ജീകരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, പട്രോൾ ബോട്ട്, പൈലറ്റ് ബോട്ട് എന്നിവ വാങ്ങുക, ഇൻലന്റ് വെസലുകളിൽ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, ഇന്ധനം എന്നിവ വാങ്ങുക, തുറമുഖ ഭൂമിയെ പച്ചവിരിക്കുക, സൗന്ദര്യവൽക്കരണം, തുറമുഖ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, എസ്.കെ.വി.എ. സൗരോർജ്ജ ഘടകങ്ങൾ എന്നിവ വാങ്ങുന്നതിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുളളത്. പ്രസ്തുത ആവശ്യങ്ങൾക്കായി 38.10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 33.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-74—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—ബേപ്പൂർ കോഴിക്കോട് തുറമുഖ വികസനം

ബേപ്പൂർ കോഴിക്കോട് തുറമുഖ വികസനത്തിന്റെ ഭാഗമായി പാസഞ്ചർ ടെർമിനലിൽ അധിക സൗകര്യങ്ങൾ ഒരുക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, സ്പീഡ് ബോട്ട്, ക്രെയിൻ ഇവ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുളള 6.75 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 64.82 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-73—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റുചെറുകിട തുറമുഖങ്ങൾ—തിരുവനന്തപുരം (വലിയതുറ) തുറമുഖ വികസനം

തിരുവനന്തപുരം നഗരത്തിൽ ചരക്ക് നീക്കത്തിന് ഉതകുന്നവിധം തിരുവനന്തപുരം വലിയതുറ തുറമുഖം വികസിപ്പിക്കുന്നതിന് വേണ്ടി ഇപ്പോഴുള്ള കടൽപ്പാലം പുതുക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നതിനും ചരക്കുനീക്കത്തിന് ഉതകുന്ന വിധം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ഒരുകോടി രൂപ അപര്യാപ്തമായതിനാൽ 4.7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-02-200-72—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം

കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുളള ഒരുകോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-80-800-89—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ജനറൽ—മറ്റു ചെലവുകൾ—കടൽപ്പാലങ്ങളുടെയും മറ്റ് ഘടകങ്ങളുടെയും പ്രധാന അറ്റകുറ്റപ്പണികളും വലിയതോതിലുള്ള നിർമ്മാണങ്ങളും

കേരള തീരത്ത് നിലനിൽക്കുന്ന തുറമുഖങ്ങളുടെയും സ്ട്രക്ച്ചറുകളുടെയും പിയറുകളുടെയും പ്രധാന അറ്റകുറ്റപ്പണികളും കൂട്ടിച്ചേർക്കലുകളും നടത്തുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 1.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5051-80-800-62—തുറമുഖങ്ങൾ—ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—പൊതുവായ മറ്റു ചെലവുകൾ—തീരദേശ കപ്പൽ ഗതാഗത വികസനം.

റോഡിനുപകരം കടലിലൂടെ ചരക്കു കൈകാര്യം ചെയ്യുന്നതു പ്രോത്സാഹിപ്പിക്കുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗത വികസനമെന്ന പദ്ധതി വളരെ പ്രധാനപ്പെട്ടതാണെന്നും ആയത് നല്ല രീതിയിൽ പുരോഗമിച്ചുവരികയാണെന്നും നല്ലൊരുഭാഗം ചരക്ക് കടൽമാർഗ്ഗം തിരിച്ചുവിടുകയാണെങ്കിൽ റോഡിലെ ഗതാഗതക്കുരുക്ക് തടയാനും അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും സാധിക്കുമെന്നും തുറമുഖ വകുപ്പു ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത പദ്ധതി നടപ്പിലാകുന്നതോടുകൂടി അഞ്ചു വർഷത്തിനുള്ളിൽ 20 ശതമാനം ചരക്കു ഗതാഗതം കടലിലൂടെയാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി ഡയറക്ടർ അറിയിച്ചു. കൂടാതെ തീരദേശ കപ്പൽ ഗതാഗത പോയിന്റുകളിലേക്കുള്ള റോഡുകളുടെ വികസനവും ഇതിൽ ഉൾപ്പെടുന്നുവെന്നും ഡയറക്ടർ വ്യക്തമാക്കി. തീരദേശ കപ്പൽ വികസനത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5 കോടി രൂപ അപര്യാപ്തമായതിനാൽ 34.30 കോടി രൂപ അധികമായി അനുവദിക്കണമെന്നു ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 3.55-ന് യോഗം പിരിഞ്ഞു.

## 15-5-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി V, 2013 മെയ് മാസം 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാകോംപ്ലക്സിലെ 'V-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതിയിലെ

എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന സമിതിയംഗങ്ങളും സന്നിഹിതരായിരുന്നു :

1. ശ്രീ. ജോസ് തെറ്റയിൽ
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
3. ശ്രീമതി കെ. കെ. ലതിക
4. ശ്രീ. കെ. രാജു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ 3055-00-800-95 "കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റൽ" എന്ന ശീർഷകം സംബന്ധിച്ച 144-ാം ഖണ്ഡികയ്ക്കുശേഷം 145-ാം ഖണ്ഡികയായി താഴെപ്പറയുന്ന ശുപാർശ ചേർക്കുന്നതിനും ശേഷംവരുന്ന ഖണ്ഡികകളുടെ നമ്പരുകൾ പുനഃക്രമീകരിക്കുന്നതിനും സമിതി തീരുമാനിച്ചു.

"അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങളിലെ റോഡ് എഞ്ചിനീയറിംഗ് പോരായ്മകൾ പരിഹരിക്കുന്നതിന് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പ്രത്യേകം തുക വകയിരുത്തണമെന്ന് സമിതി ശുപാർശചെയ്യുന്നു."

സമിതിയുടെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടിക്കുറിപ്പുകളുടെ പരിഗണനയ്ക്കായി 11-6-2013-ന് സഭ പിരിഞ്ഞതിനു ശേഷം യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു.

സമിതി ഉച്ചയ്ക്ക്ശേഷം 3.30-ന് യോഗം പിരിഞ്ഞു.

## 11-6-2013-ലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ യോഗം 2013 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ

അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ബെന്നി ബെഹനാൻ
2. ശ്രീ. ജോസ് തെറ്റയിൽ
3. ശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
4. ശ്രീമതി. കെ. കെ. ലതിക
5. ശ്രീ കെ. മുരളീധരൻ
6. ശ്രീ. കെ. രാജു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റുദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്.
2. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഏവിയേഷൻ.
3. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
4. ശ്രീ. ജേക്കബ ് തോമസ്, തുറമുഖ വകുപ്പ് ഡയറക്ടർ.
5. ശ്രീ. കെ. സോമരാജൻ, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
6. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ, എൻ. എച്ച്. പൊതുമരാമത്ത് വകുപ്പ്.
7. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്.
8. ശ്രീമതി പെണ്ണമ്മ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്.
9. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ, (ഡിസൈൻ & അഡ്മിനിസ്ട്രേഷൻ) പൊതുമരാമത്ത് വകുപ്പ്.
10. ശ്രീ. കെ. വി. മാത്യൂ, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്.
11. ശ്രീ. പി. കെ. ജയരാജൻ, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്.

12. ശ്രീ. എൻ. കെ. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

13. ശ്രീ. എം. രാജീവ്, ചീഫ് എഞ്ചിനീയർ(ഇൻചാർജ്) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും, ആവശ്യമായ ഘട്ടങ്ങളിൽ സമിതി മുൻപാകെ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും അധിക വിവരങ്ങൾ ആരായുകയും, അംഗീകരിക്കുകയും ചെയ്തു.

**ഗതാഗത വകുപ്പ്**

2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

ഖണ്ഡിക നമ്പർ 1 മുതൽ 6 വരെ 124, 125, 126, 131, 132,133.

**പൊതുമരാമത്ത് വകുപ്പ്**

1. 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15927/സബ്.സി.എ2/2008/ലെജി.)

ഖണ്ഡിക നമ്പർ 37, 38, 39, 40, 41, 42, 43, 81, 82, 83, 90

2. 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13724/സബ്.സി.എ2/2008/ലെജി.)

ഖണ്ഡിക നമ്പർ 59, 60, 61, 62, 68, 75

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ പാലങ്ങളുടെ പുനർ നിർമ്മാണത്തിനായി അധിക തുക വകയിരുത്തണമെന്ന ഖണ്ഡിക 59-ലെ ശുപാർശയ്ക്ക് അധിക തുക ആവശ്യമായി വന്നില്ല എന്ന് മറുപടി നൽകിയതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രൊപ്പോസലിന് അനുമതി ലഭിക്കാതിരുന്നതുകൊണ്ടാണ് തുക ആവശ്യമായി വരാതിരുന്നതെന്ന് പൊതുമരാമത്ത് വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു.

കരിയാട്, കറുകുറ്റി എന്നീ സ്ഥലങ്ങളിൽ സിഗ്നലുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് പരിശോധന നടത്തി റിപ്പോർട്ട് സർക്കാരിലേക്ക് നൽകിയിട്ടുണ്ടെന്നും 99 കോടി രൂപയുടെ പ്രൊപ്പോസലാണ് നൽകിയിട്ടുള്ളതെന്നും എന്നാൽ ധനകാര്യ വകുപ്പ് ഇത് അംഗീകരിച്ചില്ലെന്നും പൊതുമരാമത്തു വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. സർവ്വീസ് റോഡുകൾ പണിയുന്നതിനും ലൈറ്റുകൾ സ്ഥാപിക്കുന്നതിനും പ്രസ്തുത തുക ഉപയോഗിക്കാവുന്നതാണെന്നും

ടി തുക സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നുമാണ് നൽകേണ്ടതെന്നും സമിതി ചൂണ്ടിക്കാണിച്ചു. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ടോൾ പിരിവ് കൺസ്ട്രക്ഷൻ കമ്പനികളെ ഏൽപ്പിച്ചശേഷം മറ്റു വർക്കുകൾക്ക് സംസ്ഥാന ഫണ്ടിൽ നിന്നും തുക ചെലവഴിക്കണമെന്ന് പറയുന്നത് ശരിയല്ലെന്നും ടോൾ പിരിക്കുന്ന തുക കമ്പനിക്കുപോലും കിട്ടുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ടോൾ ആക്ട് പ്രകാരമാണ് ടോൾ പിരിക്കുന്നതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. സർവ്വീസ് റോഡുകളുടെ നിർമ്മാണം, സിഗ്നൽ ലൈറ്റുകളും മറ്റും സ്ഥാപിക്കൽ തുടങ്ങിയവയ്ക്കു വേണ്ടിവരുന്ന തുക നൽകാൻ ധനകാര്യ വകുപ്പിന് ബുദ്ധിമുട്ടുള്ളതായി ടി വകുപ്പ് വ്യക്തമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് ഇതു സംബന്ധിച്ച ചർച്ച നടത്തി ഒരു തീരുമാനത്തിലെത്താവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

നാഷണൽ ഹൈവേ അർബൻ ലിങ്കുകളിലെ പരിഷ്കരണം, സേവന റോഡുകളുടെ നിർമ്മാണം മുതലായവയ്ക്കായി അധിക തുക അനുവദിക്കണമെന്ന ഖണ്ഡിക 60, 61 എന്നിവയിലെ ശുപാർശയ്ക്ക് അധിക തുക ആവശ്യമായി വന്നില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുകയും റോഡുകളുടെ അറ്റകുറ്റപ്പണികൾപോലും നന്നായി നടക്കാത്ത സാഹചര്യത്തിൽ ഇപ്രകാരം മറുപടി നൽകിയതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് എൽ.സി. കിട്ടുന്നതനുസരിച്ചാണ് പ്രവൃത്തികളുടെ പേമെന്റ് നൽകുന്നതെന്നും എന്നാൽ എൽ.സി. സംവിധാനം വർക്കിനെ ബാധിക്കില്ലെന്നും പ്രൊപ്പോസൽ വരുന്നതനുസരിച്ചാണ് വർക്ക് ചെയ്യുന്നതെന്നും പൊതുമരാമത്തു വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു.

3. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

ഖണ്ഡിക നമ്പർ 1 മുതൽ 3 വരെ (പൊതുശുപാർശ), 7 മുതൽ 94 വരെ

## തുറമുഖ വകുപ്പ്

1. വിഷയനിർണ്ണയ സമിതി IX (തദ്ദേശസ്വയംഭരണവും സഹകരണവും)-ന്റെ 2010-11 വർഷത്തെ 5-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15258/സബ്.സി.എ2/2010/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 30-ാം ഖണ്ഡികയിൽ വിഴിഞ്ഞം തുറമുഖത്തിലെ കാർഗോ ബെർത്തിന്റെ നീളം വർദ്ധിപ്പിക്കുന്നതിനായി 400 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന ശുപാർശയിന്മേൽ ലഭിച്ച മറുപടിയിൽ 2010-11 വർഷത്തിൽ അധികതുക ആവശ്യമായി വന്നില്ല എന്നത് സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണത്തോടുകൂടി വിശദമായ മറുപടി സമർപ്പിക്കണമെന്ന 27-10-2011-ലെ യോഗനടപടിക്കുറിപ്പിലെ നിർദ്ദേശത്തിന്മേൽ ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ ആയത് തിരിച്ചടയ്ക്കേണ്ടി വരുമോയെന്നു സമിതി ആരാഞ്ഞതിന് പ്രസ്തുത തുക ധനപുനർവിനിയോഗത്തിലൂടെ ചെലവഴിക്കുന്നുണ്ടെന്നും കൂടാതെ ആയത് carry over ചെയ്യുന്നതിന് സാധിക്കുമെന്നും തുറമുഖ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. വിഷയനിർണ്ണയ സമിതി V-ന്റെ 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച 2-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

ഖണ്ഡിക നമ്പർ 95 മുതൽ 119 വരെ

ചെറുവത്തൂർ തുറമുഖ വികസനം സംബന്ധിച്ച് നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു ചെറുവത്തൂർ തുറമുഖ വികസനത്തിനായി 9.90 കോടി രൂപയുടെ പ്രൊപ്പോസൽ കൊടുത്തിരുന്നെങ്കിലും 2.55 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികളിൽ കാലതാമസം വന്നതുകൊണ്ടാണ് വർക്ക് പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ചെറുവത്തൂരിൽ സ്ഥലം ലഭ്യമല്ലാത്തത് മൂലമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടത്തുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ബേപ്പൂർ-കോഴിക്കോട് തുറമുഖങ്ങളുടെ വികസനത്തിന് തുക വകയിരുത്തുന്ന ശീർഷകത്തിൽ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ തുക വകയിരുത്തിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് ക്രയിൻ, മെറ്റീരിയൽസ് തുടങ്ങിയവ വാങ്ങുന്നതിന് വലിയ തുക ചെലവഴിക്കേണ്ടിവരുന്നുണ്ടെന്നും ധനപുനർവിനിയോഗം വഴി തുക ലഭിക്കാറുണ്ടെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

വലിയതുറ കടൽപ്പാലത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഇതു സംബന്ധിച്ച് പഠനം നടത്താൻ കൊച്ചിൻ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിരുന്നുവെന്നും അവർ പഠനം നടത്തുന്നതിന് കാലതാമസം വരുത്തുകയുണ്ടായെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത പഠനം നടത്തുന്നതിന് മറ്റു സ്ഥാപനങ്ങൾ തെരഞ്ഞെടുക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് ഓഷ്യൻ എഞ്ചിനീയറിംഗിനെ സംബന്ധിച്ച് പഠനം നടത്താൻ കഴിയുന്ന സ്ഥാപനം മദ്രാസ് ഐ.ഐ.റ്റി. മാത്രമാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത സ്ഥാപനത്തിനെ പഠനം നടത്താൻ ചുമതലപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങളും കാലതാമസത്തിനിടയാക്കുമെന്നതിനാലും ഇത്തരത്തിലുള്ള പഠനം നടത്തുന്ന സ്ഥാപനങ്ങൾ കുറവായതിനാലും കൊച്ചിൻ യൂണിവേഴ്സിറ്റിയെ കൊണ്ടുതന്നെ പഠനം നടത്തുന്നതിന് ശ്രമിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ആലപ്പുഴ തുറമുഖ വികസന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ സമിതി ആരാഞ്ഞതിന് ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിക്കാത്തതിനാൽ പ്രസ്തുത വർക്കിന്റെ ടെണ്ടർ വിളിക്കാൻപോലും സാധിച്ചിട്ടില്ലെന്ന് തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

## ഗതാഗത വകുപ്പ്

2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15927/സബ്.സി.എ2/2008/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 17 മുതൽ 22 വരെയുള്ള ഖണ്ഡികകളിലെ കെ.എസ്.ആർ.ടി.സിയുമായി ബന്ധപ്പെട്ട ശുപാർശകൾ സമിതി പരിഗണനയ്ക്കെടുത്തപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരില്ലാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത ശുപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പിന്നീട് പരിഗണിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

വൈകുന്നേരം 5.30-ന് സമിതി യോഗം പിരിഞ്ഞു.

## 2-7-2013-ലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും) 2013 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ബെന്നി ബെഹനാൻ
2. ശ്രീമതി കെ. കെ. ലതിക
3. ശ്രീ. കെ. മുരളീധരൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

സമിതിയുടെ 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിയ്ക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

രാവിലെ 10.30-ന് സമിതി യോഗം പിരിഞ്ഞു.

## 11-9-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി V, 2013 സെപ്റ്റംബർ 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ, സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിത രായിരുന്നു :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) എം.എൽ.എ.
4. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ മറ്റുദ്യോഗസ്ഥർ :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.
2. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്.
4. ഡോ. ജേക്കബ് തോമസ്, തുറമുഖവകുപ്പ് ഡയറക്ടർ.
5. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.
6. ശ്രീ. എം. ഗിരീഷ്കുമാർ, ഒ.എസ്.ഡി, ധനകാര്യവകുപ്പ്.
7. ശ്രീ. കെ. ജി. മോഹൻലാൽ, സി.എം.ഡി., കെ.എസ്.ആർ.ടി.സി.
8. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്
9. ശ്രീമതി പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പ്
10. ശ്രീമതി സൂസൻ ജേക്കബ്, ചീഫ് ആർക്കിടെക്റ്റ്, പൊതുമരാമത്ത് വകുപ്പ്

11. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
12. ശ്രീ. എൻ. കെ. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.
13. ശ്രീ. വി. എസ്. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.
14. ശ്രീ. ജി. ചന്ദ്രമൗലി, എം.ഡി. കെ.ഐ.എ.എൽ.

പൊതുമരാമത്ത്, ഗതാഗതം, തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുടെ 2011-12 വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതി മുൻപാകെ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും താഴെപ്പറയും പ്രകാരം അധിക വിവരങ്ങൾ ആരായുകയും ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളും നടപടി സ്റ്റേറ്റ്മെന്റുകളും അംഗീകരിക്കുകയും ചെയ്തു.

**I. ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളുടെ പരിഗണന**

ഗതാഗത വകുപ്പിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടിന്റെ പരിഗണനാ വേളയിൽ സമിതി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞു.

പ്രസ്തുത പദ്ധതിയുടെ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻസ് (EPC-1) ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും സാങ്കേതിക വിദഗ്ദ്ധർ ബിഡ്ഡുകൾ തുറന്ന് തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്നും സെപ്റ്റംബർ അവസാനത്തോടുകൂടി ഫിനാൻഷ്യൽ ബിഡ്ഡ് ആരംഭിക്കാൻ സാധിക്കുമെന്നും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ എം.ഡി. സമിതിയെ അറിയിച്ചു.

ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് കൺട്രോൾ ടവർ എന്നിവയ്ക്കുവേണ്ടിയുള്ള EPC-II ന്റെ ടെണ്ടർ ഒക്ടോബറിൽ വിളിക്കുന്നതാണെന്നും ഇതിന്റെ RFP (Request for Proposal) 2014 മാർച്ചിൽ വിളിക്കുന്നതാണെന്നും എം.ഡി. അറിയിച്ചു. കൂടാതെ ഷോർട്ട്ലിസ്റ്റ് ചെയ്ത 8 കമ്പനികളിൽ 6 എണ്ണം അവരുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്പനികളുടെ സാങ്കേതിക മികവ് വിലയിരുത്തിവരികയാണെന്നും ഇവരെല്ലാംതന്നെ അടിസ്ഥാനപരമായി ഇന്ത്യൻ കമ്പനികളാണെന്നും EPC യിൽ മുൻ പരിചയമുള്ള ഇവർ വിദേശ കമ്പനികളുമായി സംയുക്ത സംരംഭങ്ങൾ നടത്തി വരികയാണെന്നും എം.ഡി. കൂട്ടിച്ചേർത്തു. സിയാൽ (CIAL) മാതൃകയിലാണ് പ്രസ്തുത വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി KIAL എം.ഡി. അറിയിച്ചു.

തുടർന്ന് തുറമുഖ വകുപ്പിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് പരിഗണിക്കവെ സമിതി ചേറ്റുവ തുറമുഖത്തിന്റെ പണികളുടെ നിലവിലെ സ്ഥിതി ആരായുകയുണ്ടായി. പ്രസ്തുത പണികൾ പുരോഗമിക്കുന്നുണ്ടെന്നും ടി സ്ഥലത്ത് ഐ.ഐ.ടി. ഉദ്യോഗസ്ഥർ പരിശോധന നടത്തുകയുണ്ടായെന്നും ആയതിന്റെ റിപ്പോർട്ട് നൽകുന്നതാണെന്ന്

അറിയിച്ചിട്ടുണ്ടെന്നും ഡിസംബർ മാസത്തിനു മുൻപ് ആയത് കമ്മീഷൻ ചെയ്യുന്നതാണെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുറമുഖങ്ങളിൽ മണ്ണ് അടിയുന്നത് നീക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുംകൂടി 50:50 എന്ന അനുപാതത്തിൽ മുതൽ മുടക്കുന്ന ഒരു പദ്ധതിയുണ്ടെന്നും അതിൻപ്രകാരം മേജർ മത്സ്യബന്ധന തുറമുഖങ്ങളിൽ എല്ലാം ഡ്രഡ്ജിംഗ് നടക്കുന്നുണ്ടെന്നും ചില സ്ഥലങ്ങളിൽ ഇതിനുവേണ്ടി ടെണ്ടർ ചെയ്തിട്ടുണ്ടെന്നും സമിതി എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. ചെറുവത്തൂരിലെ ഡ്രഡ്ജിംഗ് സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞതിന് ചെറുവത്തൂരിൽ ഡ്രഡ്ജിംഗ് നടന്നുവരുന്നതിനാൽ മേല്പറഞ്ഞ പ്രോജക്ടിൽ ചെറുവത്തൂരിനെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മത്സ്യബന്ധന തുറമുഖവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മഞ്ചേശ്വരം ഹാർബറിന്റെ പണികളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞതിന് ഇതിന്റെ വർക്ക് ടെണ്ടർ ചെയ്തെന്നും പ്രീ-ക്വാളിഫിക്കേഷൻ കഴിഞ്ഞുവെന്നും ഫിനാൻഷ്യൽ ബിഡ്സ് കൂടി ഓപ്പൺ ചെയ്താൽ ഈ മാസം ഇതിന്റെ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും സമിതി എക്സ് ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പുമന്ത്രി സമിതിയിൽ വിവരിച്ചു. പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 49 കോടി രൂപയാണെന്ന് സമിതിയുടെ ചോദ്യത്തിനു മറുപടിയായി തുറമുഖവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന് കോട്ടപ്പുറം മുതൽ പൊന്നാനി വരെയുള്ള സ്ഥലത്തെ ഡ്രഡ്ജിംഗ് സംബന്ധിച്ചു നടന്ന ചർച്ചയിൽ പ്രസ്തുത സ്ഥലത്തെ പണി പുരോഗതിയിലാണെന്നും മൂന്നുമാസം മുൻപ് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാപേരെയും ഉൾപ്പെടുത്തി യോഗം ചേരുകയുണ്ടായെന്നും പ്രസ്തുത യോഗത്തിൽ നടന്ന ചർച്ചയുടെ ഫലമായി ഡ്രഡ്ജിംഗ് നടത്തേണ്ട സ്ഥലങ്ങളിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. ഡ്രഡ്ജിംഗ് നടത്തേണ്ട ചാനലിൽ മത്സ്യത്തൊഴിലാളികളുടെ ആയിരത്തോളം ഊന്നിവലകളും കുറ്റിവലകളും ഉള്ളതിനാൽ ഇതു സംബന്ധിച്ച് തർക്കമുണ്ടായിരുന്നെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു ലക്ഷം രൂപ വീതം അവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവായിരുന്നെങ്കിലും ആയത് മത്സ്യത്തൊഴിലാളികൾ അംഗീകരിച്ചില്ലെന്നും തുടർന്ന് ഇപ്പോൾ അവരുമായി നടത്തിയ ചർച്ചയിൽ ലൈസൻസ് ഉള്ളവർക്ക് രണ്ടരലക്ഷം രൂപയും ലൈസൻസ് ഇല്ലാത്തവർക്ക് ഒന്നേകാൽ ലക്ഷം രൂപയും കൊടുക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും ആയതിലേക്ക് വേണ്ടിവരുന്ന ഏകദേശം 18 കോടി രൂപ ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ചു കിട്ടേണ്ടതുണ്ടെന്നും നാഷണൽ വാട്ടർവേയ്സ് അതോറിറ്റി ഫണ്ട് നൽകുമ്പോൾ പ്രസ്തുത പണം ഈടാക്കാവുന്നതാണെന്നും ഇപ്പോൾ സംസ്ഥാന സർക്കാർ തന്നെ തുക കൊടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും നവംബർ മാസത്തോടുകൂടി തുകയുടെ വിതരണം പൂർത്തിയാകുമെന്നും അദ്ദേഹം തുടർന്നറിയിച്ചു.

നെടുമ്പാശ്ശേരി സീ പോർട്ട് എയർപോർട്ടും ഇൻലാന്റ് വാട്ടർവെയ്സുമായി ഉണ്ടായിരുന്ന തർക്കത്തിനു കാരണം ബോട്ട് സർവ്വീസ് നടത്തുമ്പോൾ ഉണ്ടാകുന്ന മലിനീകരണമാണെന്നും എറണാകുളം ജില്ലയിലെ 10 നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള സ്രോതസ്സായതിനാൽ ബോട്ട് സർവ്വീസ് നടത്തുമ്പോൾ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്നും സമിതി വിലയിരുത്തി. മലിനീകരണം കുറയ്ക്കുന്നതിന് ഇലക്ട്രിക്കലി മോട്ടിവേറ്റഡ് ബോട്ട് ഉപയോഗിക്കാവുന്നതാണെങ്കിലും ആയത് ചെലവേറിയതാണെന്നും കൂടാതെ അതിന് വേഗത കുറവാണെന്നും സമിതി അഭിപ്രായപ്പെട്ടു.

**II. സമിതി താഴെപ്പറയുന്ന റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

**പൊതുമരാമത്ത് വകുപ്പ്**

1. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.)

ശുപാർശ ഖണ്ഡിക നമ്പർ 27, 28 എന്നിവ സംബന്ധിച്ച പുതുക്കിയ മറുപടി സമിതി അംഗീകരിച്ചു.

2. 26-10-2005-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ

(ഫയൽ നമ്പർ 10226/സബ്.സി.എ2/2005/ലെജി.)

2004-ലെ കേരള ആർക്കിടെക്ച്ചറൽ സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട് പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി സമർപ്പിക്കണമെന്ന സമിതിയുടെ ശുപാർശയിന്മേൽ പൊതുമരാമത്ത്, നിയമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ ഇടക്കാല മറുപടികൾ സമിതി അംഗീകരിച്ചു.

പ്രസ്തുത സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായക്കുറിപ്പ് ലഭിച്ചിട്ടുണ്ടെന്നും പി.എസ്.സി.യുടെ അഭിപ്രായംകൂടി ലഭ്യമാക്കി രണ്ടുമാസത്തിനകം കരടു ചട്ടം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. 22-4-2008-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ

(ഫയൽ നമ്പർ 12880/സബ്.സി.എ2/2008/ലെജി.)

ഭൂമിയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും നിലവിലുള്ള ജനസാന്ദ്രതയും കണക്കിലെടുത്ത് സംസ്ഥാന പാതകളുടെ ബിൽഡിംഗ് ലൈൻ 20 മീറ്റർ എന്നത് 18 മീറ്ററായും കൺട്രോൾ ലൈൻ 25 മീറ്റർ എന്നത് 23 മീറ്ററായും എം.ഡി.ആർ.-ന്റെ ബിൽഡിംഗ് ലൈൻ 15 മീറ്റർ എന്നത് 12 മീറ്ററായും കൺട്രോൾ ലൈൻ 20 മീറ്റർ എന്നത് 17 മീറ്ററായും പുതുക്കി നിശ്ചയിക്കണമെന്ന സമിതിയുടെ ശുപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

തുടർന്ന് ചേറ്റുവ-ചാവക്കാട് പാതയ്ക്കുവേണ്ടി ടെണ്ടർ ആയിട്ടുള്ള 7 കോടി രൂപയുടെ പണി ആരംഭിക്കുന്നതിന് മുൻപ് ഗുരുവായൂർ കുടിവെള്ള പദ്ധതിക്കുള്ള പൈപ്പ് സ്ഥാപിക്കുകയാണെങ്കിൽ റോഡ് പണിതതിനുശേഷം പൊളിക്കേണ്ടി വരില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. തൃശ്ശൂരിൽ ചേർന്ന അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും അതിൻപ്രകാരം ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും ആയത് എത്രയും വേഗം നടത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണെന്നും പൊതുമരാമത്ത് വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു.

## ഗതാഗത വകുപ്പ്

2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 15927/സബ്.സി.എ2/2008/ലെജി.)

ശുപാർശ ഖണ്ഡിക നമ്പർ 17, 18, 19, 21, 22 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15927/സബ്.സി.എ2/2008/ലെജി)

ശുപാർശ ഖണ്ഡിക നമ്പർ 23, 24, 25, 26 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## ധനകാര്യ വകുപ്പ്

2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ പൊതുശുപാർശ `6' സംബന്ധിച്ച് 13-12-2012-ലെ യോഗനടപടിക്കുറിപ്പിലെ നിർദ്ദേശം.

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

എം.എൽ.എ. മാർക്കുള്ള മുൻഗണനാ മൂലധന പ്രവൃത്തികൾ എന്ന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കണമെന്ന ശുപാർശ സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## തുറമുഖ വകുപ്പ്

ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ ഇംപോർട്ട് ആന്റ് എക്സ്പോർട്ട് ഡ്യൂസ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് ചട്ടം, ലാന്റിംഗ് ആന്റ് ഷിപ്പിംഗ് ഫീസ് പുതുക്കുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ എന്നിവ വിഷയനിർണ്ണയ സമിതി IX-ന്റെ 13-1-2010-ലെ യോഗത്തിൽ സമിതി അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായാണ് അവ

യഥാക്രമം 24/2011, 23/2011 എന്നീ എസ്.ആർ.ഒ. കളായി വിജ്ഞാപനം ചെയ്തത്. അവയിൽ തിരുത്തൽ വരുത്തിക്കൊണ്ട് യഥാക്രമം 431/2013, 430/2013 എന്നീ എസ്.ആർ.ഒ.കൾ പുറപ്പെടുവിച്ച നടപടി സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 6543/സബ്.സി.എ2/2011/ലെജി.)

തുടർന്ന് സമിതി മലയോര ഹൈവേയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിന് ഇതിന്റെ വിശദമായ പഠനം നടത്താൻ NATPAC-യെ ഏൽപ്പിച്ചിരുന്നുവെന്നും ആദ്യത്തെ 300 കി.മീ. റോഡുകളുടെ സ്കെച്ച് മാത്രമേ ആയിട്ടുള്ളൂവെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മലയോര ഹൈവേയുടെ 220 കി.മീറ്ററിന്റെ ഡി.പി.ആർ. (ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കി വരുന്നുണ്ടെന്നും ഇത് പൂർത്തിയാകാൻ ആറുമാസം എടുക്കുമെന്നും പ്രസ്തുത വർക്ക് വകുപ്പ് നേരിട്ടു ചെയ്യുകയാണെന്നും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 3.45-ന് യോഗം പിരിഞ്ഞു.

## 13-11-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V, 2013 നവംബർ മാസം 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബെന്നി ബെഹനാൻ, എം.എൽ.എ.
2. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
4. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റുദ്യോഗസ്ഥർ</u> :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്
2. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

3. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീ. ഋഷിരാജ് സിംഗ്, കമ്മീഷണർ, ഗതാഗത വകുപ്പ്
5. ശ്രീ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. കെ. സോമരാജൻ, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
7. ശ്രീ. വി. എസ്. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
8. ശ്രീ. എൻ. കെ. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
9. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
10. ശ്രീ. സി. എം. സെയ്ത് മുഹമ്മദ്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
11. ശ്രീ. എ. ബാബുരാജ്, മാനേജിംഗ് ഡയറക്ടർ, ആർ.ഐ.സി.കെ.
12. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ (ഡിസൈൻ&അഡ്മിനിസ്ട്രേഷൻ)
13. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ്എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നാഷണൽ ഹൈവേ)
14. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്)
15. ശ്രീമതി പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്)
16. ശ്രീമതി സൂസൻ ജേക്കബ്, ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത് വകുപ്പ്
17. ശ്രീ. എബ്രഹാം ഉമ്മൻ, ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്
18. ശ്രീ. എസ്. സുരേഷ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസ്
19. ശ്രീ. ബി. ആർ. പ്രസന്ന കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, എൻ.എച്ച്. പൊതുമരാമത്ത് വകുപ്പ്
20. ശ്രീ. ആർ. രാജ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്)
21. ശ്രീ. ജി. അനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
22. ശ്രീ എ. ശ്രീകുമാർ, ഇ.ഡി. (എ), കെ.എസ്.ആർ.ടി.സി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി(SRIP) യേയും അതിന്റെ നടത്തിപ്പിനേയും സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. കൂടാതെ സമിതിയുടെ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളി ലേയും ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാനുള്ളവ ഉൾക്കൊള്ളുന്ന

പെൻഡിംഗ് ലിസ്റ്റ് പ്രകാരം ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും സമിതി തെളിവെടുപ്പ് നടത്തുകയും തുടർന്ന് സമിതിയുടെ റിപ്പോർട്ടുകളിലേയും യോഗനടപടി ക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ചെയ്തു.

I. **സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി (SRIP) സംബന്ധിച്ച ചർച്ച**

സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി (SRIP) സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ കുറിപ്പ് സമിതി പരിഗണിക്കുകയും പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ സന്ദർഭങ്ങളിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും അധിക വിവരങ്ങൾ ആരായുകയും ചെയ്തു. റോഡ് പുനരുദ്ധാരണ പദ്ധതിയിൽ (SRIP) ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ ലിസ്റ്റ് പരിശോധിച്ച സമിതി രണ്ട് തീർത്ഥാടന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കാലടി-മലയാറ്റൂർ റോഡിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞു. ശാസ്ത്രീയമായി പഠനം നടത്തി കണക്ടിവിറ്റി ഇൻഡക്സ്, അക്സസെബിലിറ്റി ഇൻഡക്സ്, ബാക്ക്വേർഡ്നെസ്സ് ഇൻഡക്സ്, റോഡ് യൂട്ടിലൈസേഷൻ ഇൻഡക്സ്, കൊമേഴ്സ്യൽ വെഹിക്കിൾ ഡെൻസിറ്റി ഇൻഡക്സ്, എൻവയോൺമെന്റൽ ആന്റ് സോഷ്യൽ ഇൻഡക്സ്, ഗ്രോത്ത് പ്രയോറിറ്റി ഇൻഡക്സ് തുടങ്ങിയ ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിക്ക് മറുപടി നല്കി.

കാലടി-മലയാറ്റൂർ റോഡിന്റെ വിശദമായ പദ്ധതിരേഖ(DPR) തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ സ്റ്റേറ്റ് ഹൈവേ അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയിൽ പ്രസ്തുത റോഡിനെകൂടി ഉൾപ്പെടുത്തണമെന്നും അതിന് മുൻഗണന നല്കി ഭരണാനുമതി നല്കണമെന്നും സമിതി നിർദ്ദേശിച്ചു.

പാലാരിവട്ടത്തുനിന്നും തുടങ്ങുന്ന എറണാകുളം-തേക്കടി റോഡ് വാഴപ്പള്ളിവരെ നീട്ടി കുറച്ചുകൂടി മെച്ചപ്പെടുത്തി ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു. സംസ്ഥാന ഹൈവേയിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ നാദാപുരം മുതൽ വടകര വരെയുള്ള റോഡ് യാത്രചെയ്യാൻ കഴിയാത്ത അവസ്ഥയിലാണെന്ന് വിലയിരുത്തിയ സമിതി ആയതിന് വീതി കൂട്ടുന്നതിന് വസ്തു ഉടമകൾ തയ്യാറാണെന്നതിനാൽ അതിന് മുൻഗണന നല്കി ചെയ്യേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. വളരെയേറെ ഗതാഗതം ഉള്ള റോഡായതിനാൽ റോഡിന് വീതി കൂട്ടേണ്ടതാണെന്നും ടി റോഡിൽ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ധാരാളം വരുമെന്നും റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK) മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. നാദാപുരം മുതൽ കുറ്റ്യാടി വരെയുള്ള റോഡ് അപ്ഗ്രേഡ് ചെയ്ത മാതൃകയിൽ നാദാപുരം-വടകര റോഡ് പുനരുദ്ധരിക്കുന്നതിന് വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി പണികൾ ആരംഭിക്കണമെന്ന് സിമിതി നിർദ്ദേശിച്ചു.

തിരുവനന്തപുരം സിറ്റിയിൽ പൊതു സ്വകാര്യ പങ്കാളിത്തതോടെ (PPP) നടപ്പിലാക്കിയ "സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനെ" പ്രകീർത്തിച്ചുകൊണ്ട് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കത്തയച്ചിട്ടുണ്ടെന്നും പ്രസ്തുത മാതൃകയിലുള്ള

പ്രോജക്ട് എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര നഗരവികസന മാന്ത്രാലയം എല്ലാ സംസ്ഥാനങ്ങളുടെയും ചീഫ് സെക്രട്ടറിമാർക്കും കേന്ദ്രഭരണ പ്രദേശങ്ങളുടെ അഡ്മിനിസ്ട്രേറ്റർമാർക്കും കത്തയച്ചിട്ടുണ്ടെന്നും സമിതി ചെയർമാനായ പൊതുമരാമത്ത് വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. CRIP കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ചെയർമാൻ തുടർന്ന് അറിയിച്ചു. TCRIP-യുടെ വിജയത്തിൽ സമിതി അംഗങ്ങൾ ചെയർമാനെ അഭിനന്ദനം അറിയിച്ചു.

**II. സമിതിയുടെ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാനുള്ളവ ഉൾക്കൊള്ളുന്ന പെൻഡിംഗ് ലിസ്റ്റ് പ്രകാരമുള്ള തെളിവെടുപ്പ്**

**പൊതുമരാമത്ത് വകുപ്പ്**

1. 26-10-2005-ലെ യോഗനടപടിക്കുറിപ്പിലെ സമിതി നിർദ്ദേശം (2004-ലെ കേരള ആർക്കിടെക്ചർ സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട് സംബന്ധിച്ച്)

(ഫയൽ നമ്പർ 10226/സബ്.സി.എ2/2005/ലെജി.)

2004-ലെ കേരള ആർക്കിടെക്ചർ സർവ്വീസ് സ്പെഷ്യൽ റൂൾസ് പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി കരടു ചട്ടം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്ന് 26-10-2005-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരായുകയുണ്ടായി. സമിതി നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും സ്പെഷ്യൽ റൂൾസ് ആയതിനാൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടിയതിനുശേഷം പി.എസ്.സി.യുടെ അഭിപ്രായംകൂടി ആരായുന്നതിനു വേണ്ടി അയച്ചിരിക്കുകയാണെന്നും ആയത് ലഭ്യമായാലുടൻ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നല്കിയതിനെത്തുടർന്ന് കരട് ചട്ടം താമസംവിനാ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 134-ലെ തിരുവനന്തപുരം മോണോറെയിലുമായി ബന്ധപ്പെട്ട ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് അന്തിമ റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും ആയത് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നല്കി.

ശബരിമല മണ്ഡലകാലം തുടങ്ങാറായ സാഹചര്യത്തിൽ റോഡിന് നല്ല റൈഡിംഗ് ഗുണനിലവാരം ഉള്ളതിനാൽ, വാഹനങ്ങൾ അമിത വേഗതയിൽ പോകാൻ സാധ്യത കൂടുതലാണെന്ന് സമിതി വിലയിരുത്തുകയും റോഡ് സുരക്ഷാ വിഭാഗം

അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ശബരിമലയിലേക്കുള്ള പുതിയ റോഡിന്റെ വശത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## ഗതാഗത വകുപ്പ്

1. 2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്-റോഡ് സുരക്ഷാ നടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ 12482/സബ്.സി.എ2/2006/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ 14-ാം ഖണ്ഡികയിലെ റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ഗതാഗത വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു.

റോഡ് സുരക്ഷാ നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും ആയത് ഉടൻ തന്നെ സമിതിക്ക് സമർപ്പിക്കുന്നതാണെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിക്ക് മറുപടി നല്കി. പ്രസ്തുത റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് സമിതി വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കി.

2. 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 12-ാം ഖണ്ഡികയിലെ ശുപാർശ സംബന്ധിച്ച്-7-2-2011-ലെ യോഗത്തിലെ അധിക നിർദ്ദേശം

(ഫയൽ നമ്പർ 13724/സബ്.സി.എ2/2007/ലെജി.)

12-ാം ഖണ്ഡികയിലെ ശുപാർശ സംബന്ധിച്ച് 7-2-2011-ലെ സമിതി യോഗനിർദ്ദേശത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ഗതാഗത വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. മോണോറെയിൽ സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പായതിനാൽ 24-10-2013-ലെ അനൗദ്യോഗിക കുറിപ്പു പ്രകാരം പൊതുമരാമത്ത് വകുപ്പിനോട് അന്തിമ മറുപടി സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മോണോറെയിൽ സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും ആയത് അടിയന്തരമായി സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. 2009-2010 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച പൊതു ശുപാർശ സംബന്ധിച്ച് 12-6-2012-ലെ യോഗത്തിലെ അധിക നിർദ്ദേശം

(ഫയൽ നമ്പർ 2574/സബ്.സി.എ2/2012/ലെജി.)

2009-10-ലെ നാലാമത് റിപ്പോർട്ടിലെ കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച പൊതുശുപാർശ സംബന്ധിച്ച് 12-6-2012-ലെ സമിതി യോഗനിർദ്ദേശത്തിന്മേലുള്ള

നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ഗതാഗത വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം നല്കേണ്ടത് റവന്യൂ വകുപ്പ് ആയതിനാൽ പ്രസ്തുത വകുപ്പിൽനിന്നും മറുപടി ലഭ്യമായെങ്കിൽ മാത്രമേ അക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാൻ കഴിയുകയുള്ളൂവെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി മറുപടി നൽകി. റവന്യൂ വകുപ്പിൽനിന്നും മറുപടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഗതാഗത വകുപ്പ് സെക്രട്ടറി തുടർന്ന് സമിതിയെ അറിയിച്ചു. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സിമിതി നിർദ്ദേശിച്ചു.

4. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.)

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 139, 144 എന്നീ ഖണ്ഡികകളിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ഗതാഗത വകുപ്പ് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞതിന് കൊച്ചി ട്രക്ക് ടെർമിനലുമായി ബന്ധപ്പെട്ട 139-ാം ഖണ്ഡികയിലെ ശുപാർശ നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുള്ളതിനാലും അതിനാവശ്യമായ ഫണ്ട് ഗതാഗത വകുപ്പിന് ലഭ്യമല്ലാത്തതിനാലും അതുമായി ബന്ധപ്പെട്ട ഫയൽ 27-12-2011-ന് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

139-ാം ഖണ്ഡികയിൽ എറണാകുളത്ത് കളമശ്ശേരിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രക്ക് പാർക്കിംഗ് ഏരിയയുടെ നിർമ്മാണത്തിനായി 7 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത തുക അപര്യാപ്തമായതിനാൽ 5055-00-800-84 എന്ന ശീർഷകത്തിലേക്ക് അഞ്ചുകോടി രൂപ അനുവദിക്കണമെന്നാണ് സമിതി ശുപാർശ ചെയ്തിരുന്നതെന്നും പ്രസ്തുത ബഡ്ജറ്റ്ഹെഡ് കൊച്ചി ട്രക്ക് ടെർമിനലിന്റെ നിർമ്മാണത്തിനായി 2011-12 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഗതാഗത വകുപ്പിന്റെ ശുപാർശ അനുസരിച്ചുവന്ന പുതിയ പദ്ധതി പ്രകാരമുള്ളതാണെന്നും, പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതല്ലാത്തതിനാൽ ഇതു സംബന്ധിച്ച് യാതൊരുവിധ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊച്ചിയിൽ ട്രക്ക് ടെർമിനൽ നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമുള്ളതും സമയബന്ധിതമായി ചെയ്യേണ്ടതുമാണെന്ന് സമിതി വിലയിരുത്തി. ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും റോഡ് സുരക്ഷയ്ക്കും അത്യന്താപേക്ഷിതമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി. അക്കാര്യത്തിൽ സമിതി ശുപാർശ ചെയ്യുന്നപക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൊച്ചി ട്രക്ക് ടെർമിനൽ നിർമ്മാണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കണ

മെന്നും ട്രക്ക് ടെർമിനലിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും സമിതി ശുപാർശ ചെയ്തു. ട്രക്ക് ടെർമിനൽ നിർമ്മാണം പൂർത്തിയാകുന്നതുവരെ കളമശ്ശേരിയിലും ഇടപ്പള്ളി മുതൽ അങ്കമാലി വരെയുള്ള ഭാഗങ്ങളിലും കണ്ടെയ്നറുകളും മറ്റും അനധികൃതമായി പാർക്ക് ചെയ്യുന്നതിനെ നിയന്ത്രിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സമിതി നിർദ്ദേശം നൽകി.

ഖണ്ഡിക 144-ലെ ശുപാർശ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിരിക്കുകയാണെന്നും ആയത് ലഭിച്ചാലുടൻ നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുന്നതാണെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

5. 8-3-2007-ലെ യോഗനടപടിക്കുറിപ്പിലെ ചങ്ങനാശ്ശേരി ബോട്ട്ജെട്ടി കെട്ടിടത്തിന്റെ പണി പുനർടെണ്ടർ ചെയ്യണമെന്ന സമിതി നിർദ്ദേശം

(ഫയൽ നമ്പർ 13974/സബ്.സി.എ2/2006/ലെജി.)

ചങ്ങനാശ്ശേരി ബോട്ട് ജെട്ടി കെട്ടിടം പൊളിച്ചിട്ട് വർഷങ്ങളായിട്ടും അതിന്റെ പണി തുടങ്ങിയിട്ടില്ലാത്തതിനാൽ അതിന്റെ പണി ഉടനെ പുനർടെണ്ടർ ചെയ്യണമെന്ന് 8-3-2007-ലെ സമിതി യോഗം ശുപാർശ ചെയ്തിരുന്നുവെങ്കിലും അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തതു സംബന്ധിച്ച് സമിതി ഗതാഗതം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരോട് വിശദീകരണം ആരാഞ്ഞു. ചങ്ങനാശ്ശേരി ബോട്ട് ജെട്ടി കെട്ടിടത്തിന്റെ നിർമ്മാണം കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പ്രോജക്ടായിരുന്നില്ലെന്നും ആയത് കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കി ജലഗതാഗത വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും എന്നാൽ അവിടേക്ക് ബോട്ട് അടുപ്പിക്കുവാൻ കഴിയില്ലെന്നും ബോട്ട് ജെട്ടിക്ക് സമീപത്തുള്ള പാലം ഉയർത്തിപ്പണിതാൽ മാത്രമേ ബോട്ട് അടുപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ ഗതാഗത വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് ഗതാഗത വകുപ്പ് സെക്രട്ടറിക്ക് സമിതി നിർദ്ദശം നൽകി.

## തുറമുഖ വകുപ്പ്

കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ്, 2010 സംബന്ധിച്ച് 7-2-2011-ലെ യോഗനടപടിക്കുറിപ്പിലെ അധിക നിർദ്ദേശം

(ഫയൽ നമ്പർ 16396/സബ്.സി.എ2/2010/ലെജി.)

2010-ലെ കേരള ഇൻലാന്റ് വെസ്സൽസ് റൂൾസിന് 7-2-2011-ലെ യോഗം സാധൂകരണം നൽകുകയും ടി റൂൾസിൽ തുറമുഖ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെ ഒഴിവാക്കിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ നൽകുകയും ചെയ്തിരുന്നുവെങ്കിലും അതിന്മേലുള്ള നടപടി

സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി മത്സ്യബന്ധന തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരിൽനിന്നും വിശദീകരണം ആരായുകയും ടി വകുപ്പുകൾ ലഭ്യമാക്കിയ ഇടക്കാല മറുപടികൾ പരിഗണിക്കുകയും ചെയ്തു.

തുറമുഖ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെകൂടി "പ്രസ്തുത സ്പെഷ്യൽ റൂൾസിൽ" ഉൾപ്പെടുത്തണമെന്ന 7-2-2011-ലെ സമിതിയോഗത്തിന്റെ ശുപാർശ കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ്, 2010-ഉം ആയി ബന്ധപ്പെട്ടതല്ലെന്നും ആയത് 1998-ലെ കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ടതാണെന്നും എന്നാൽ മിനിട്ട്സിൽ കേരള ഇൻലാന്റ് വെസ്സൽ റൂൾസുമായി ബന്ധപ്പെട്ടതാണെന്നാണ് ചേർത്തിട്ടുള്ളതെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് തുറമുഖ വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെകൂടി കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തണമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് സെക്രട്ടറിക്കും സമിതി നിർദ്ദേശം നൽകി. സ്പെഷ്യൽ റൂൾസ് നടപടിക്രമം അനുസരിച്ച് ഭേദഗതി വരുത്തുവാൻ ആറ് മാസത്തെ സമയംകൂടി അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിക്കുകയും അതിനുള്ളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കാമെന്ന് അറിയിക്കുകയും ചെയ്തു. കൂടാതെ 7-2-2011-ലെ യോഗനടപടിക്കുറിപ്പിൽ കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ്, 2010 എന്ന് തെറ്റായി രേഖപ്പെടുത്തിയ ഭാഗം 1998-ലെ കേരള പോർട്ട് സർവ്വീസ് റൂൾസ് എന്ന് ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചു.

**III. സമിതിയുടെ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു**

**പൊതുമരാമത്ത് വകുപ്പ്**

1. 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ 83, 84, 85, 86 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 15898/സബ്.സി.എ2/09/ലെജി.)

83, 84, 85, 86 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ 32-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 13724/സബ്.സി.എ2/07/ലെജി.)

ഖണ്ഡിക 32-ലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

3. സമിതിയുടെ 17-7-2012-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 6308/സബ്.സി.എ2/2012/ലെജി.)

2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ 26, 27, 28 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച വേളയിൽ 17-7-2012-ലെ യോഗം നൽകിയിരുന്ന ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ പൊതുശുപാർശ 3 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

പൊതുശുപാർശ 3-ന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 66,89,90 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.)

66,89 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5054-03 എന്ന ശീർഷകത്തിലെ 'സംസ്ഥാന രാജപാതകൾ' എന്ന വാക്കുകൾക്ക് പകരം ഭാവിയിൽ 'സംസ്ഥാന പാതകൾ' എന്ന് ചേർക്കണമെന്ന 90-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ 'സംസ്ഥാന രാജപാതകൾ' എന്ന വാക്കുകൾക്ക് പകരം 'സംസ്ഥാന പാതകൾ' എന്ന് ചേർക്കാൻ 2013 -14 വർഷത്തെ ബഡ്ജറ്റിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും 2013-14-ലെ ബഡ്ജറ്റിലും സംസ്ഥാന രാജപാതകൾ എന്നാണ് ചേർത്തിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽനിന്നും വിശദീകരണം ആരാഞ്ഞു. അക്കാര്യം സംബന്ധിച്ച് ധനകാര്യ വകുപ്പിന് വീണ്ടും പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നല്കിയതിനെ തുടർന്ന് അടുത്ത വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന പാതകൾ എന്ന് തന്നെ ചേർക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകി.

6. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ 28-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

ഖണ്ഡിക 28-ലെ ശുപാർശയിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

7. 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിലെ 73-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ വ്യത്യസ്തമായ മറുപടികൾ ലഭ്യമാക്കിയതിനുള്ള വിശദീകരണം.

(ഫയൽ നമ്പർ 13724/സബ്.സി.എ2/2007/ലെജി.)

ഖണ്ഡിക 73-ലെ ശുപാർശയിന്മേൽ വ്യത്യസ്തമായ മറുപടികൾ ലഭ്യമാക്കിയതിനുള്ള വിശദീകരണമടങ്ങിയ സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**ഗതാഗത വകുപ്പ്**

1. 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ 146, 159,160 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 2787/സബ്.സി.എ2/2013/ലെജി.)

146,159,160 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 143-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.)

ഖണ്ഡിക 143-ലെ ശുപാർശയിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

3. 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 97-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 15927/സബ്.സി.എ2/2008/ലെജി.)

97-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 134, 137, 138 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് 12-6-2012-ലെ യോഗനടപടിക്കുറിപ്പിലെ നിർദ്ദേശത്തിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 2574/സബ്.സി.എ2/2012/ലെജി.)

ഖണ്ഡിക 134, 137, 138 എന്നിവയിലെ ശുപാർശകൾ സംബന്ധിച്ച് നല്കിയിരുന്ന അധിക നിർദ്ദേശങ്ങളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. 7-2-2011-ലെ സമിതി യോഗനടപടിക്കുറിപ്പിലെ ശുപാർശ സംബന്ധിച്ചും 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 7, 79, 85, 86 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് 27-10-2011-ലെ യോഗനടപടിക്കുറിപ്പിലെ അധിക നിർദ്ദേശങ്ങൾ സംബന്ധിച്ചുമുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 15009/സബ്.സി.എ2/2010/ലെജി.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**ധനകാര്യ വകുപ്പ്**

2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 76-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 13724/സബ്.സി.എ2/2007/ലെജി.)

ഖണ്ഡിക 76-ലെ ശുപാർശയിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 2.45-ന് യോഗം പിരിഞ്ഞു.

## 18-12-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V, 2013 ഡിസംബർ 18-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V എ' കോൺഫറൻസ് ഹാളിൽ, സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
2. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ഡോ. ജേക്കബ് തോമസ്, ഡയറക്ടർ, തുറമുഖ വകുപ്പ്.

4. ശ്രീ. ഋഷിരാജ് സിംഗ്, കമ്മീഷണർ, ഗതാഗത വകുപ്പ്.

5. ശ്രീമതി എസ്. രൂപകല ജഗത്, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

6. ശ്രീ. പി. സി. ഹരികേഷ്, മാനേജിംഗ് ഡയറക്ടർ, കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ്.

7. ശ്രീ. വി. എസ്. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

8. ശ്രീമതി ടി. എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്.

9. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, എസ്.ഡബ്ല്യൂ.റ്റി.ഡി., ആലപ്പുഴ.

10. ശ്രീ. എസ്. മാധവൻ പിള്ള, ചീഫ് ജനറൽ മാനേജർ (കൺസ്ട്രക്ഷൻ), കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ്.

11. ശ്രീ. പി. കെ. ജയരാജൻ, സീനിയർ ഫിനാൻസ് ഓഫീസർ, പി.ഡബ്ല്യൂ.ഡി. (റോഡ്സ് ആന്റ് ബ്രിഡ്ജസ്)

12. ശ്രീ. എസ്. സുരേഷ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 'മാരിടൈം എഡ്യൂക്കേഷൻ പരിശീലന പരിപാടികളും കപ്പാസിറ്റി ബിൽഡിംഗും' എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. കൂടാതെ സമിതിയുടെ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പിലെയും ശുപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ചെയ്തു.

## I. മാരിടൈം എഡ്യൂക്കേഷൻ പരിശീലന പരിപാടികളും കപ്പാസിറ്റി ബിൽഡിംഗും എന്ന വിഷയം സംബന്ധിച്ച ചർച്ച

മത്സ്യബന്ധന തുറമുഖ വകുപ്പ് സെക്രട്ടറിയുടെ അഭാവത്തിൽ പ്രസ്തുത വിഷയം വിശദീകരിക്കുവാൻ സമിതി തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. മാരിടൈം എഡ്യൂക്കേഷൻ പരിശീലന പരിപാടികൾക്കും കപ്പാസിറ്റി ബിൽഡിംഗിനുമായി സംസ്ഥാന സർക്കാർ 'കേരള മാരിടൈം സൊസൈറ്റി' രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത സൊസൈറ്റിയുടെ കീഴിൽ രണ്ട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ നീണ്ടകര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും തുറമുഖ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. നീണ്ടകരയിൽ 36 കോടി രൂപ ചെലവിലും കൊടുങ്ങല്ലൂരിൽ 10 കോടി രൂപ ചെലവിലുമാണ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതെന്നും നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിന്റെ സബ്സെന്ററായാണ് കൊടുങ്ങല്ലൂരിൽ ഇൻസ്റ്റിറ്റ്യൂട്ട്

സ്ഥാപിക്കുന്നതെന്നും അവയുടെ നിർമ്മാണം 2015-ഓടുകൂടി പൂർത്തിയാകുമെന്നും തുറമുഖ ഡയറക്ടർ സമിതിയെ അറിയിച്ചു. അവയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരത്തോടെ '25' കോഴ്സു കളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാരിടൈം യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ '17' കോഴ്സുകളും ഉൾപ്പെടെ '42' കോഴ്സുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്ന തെന്നും, ഇതിനാവശ്യമായ തുകയുടെ 75% നബാർഡാണ് ധനസഹായമായി നൽകുന്ന തെന്നും അദ്ദേഹം തുടർന്നറിയിച്ചു. നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിലും നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഉൾനാടൻ ജലയാനങ്ങളുടെ ബോട്ട് ക്രൂവിലെ 7000-ത്തോളം പേർക്ക് നിലവിൽ പരിശീലനം നൽകിയിട്ടുണ്ടെന്നും തുറമുഖ ഡയറക്ടർ അറിയിച്ചു.

നീണ്ടകര, കൊടുങ്ങല്ലൂർ എന്നീ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ആരംഭിക്കുന്ന കോഴ്സുകൾ മാരിടൈം യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്താണോ ആരംഭിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ആണ് റെഗുലേറ്ററി അതോറിറ്റിയെന്നും അവരുടെ അംഗീകാരമുള്ള 25 കോഴ്സുകളും ചെന്നൈയിലുള്ള ഇൻഡ്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള 17 കോഴ്സുകളുമാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് തുറമുഖ ഡയറക്ടർ മറുപടി നൽകി. പ്രസ്തുത കോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുമോയെന്ന് സമിതി ആരാഞ്ഞതിന് ഷിപ്പിംഗ് മേഖല നിലവിൽ മാന്ദ്യത്തിലാണെന്നും, "ബൂം പീരിയഡിൽ" ജോലി സാദ്ധ്യത കൂടുതലായി ഉണ്ടാകുമെന്നും അല്ലാത്ത സമയത്ത് ജോലിസാദ്ധ്യത കുറവാണെന്നും തുറമുഖ ഡയറക്ടർ മറുപടി നൽകി. ലോകത്ത് മാരിടൈം മേഖല യിലെ മനുഷ്യവിഭവശേഷിയുടെ 18%-ഉം ഫിലിപ്പീൻസാണ് നിലവിൽ പ്രദാനം ചെയ്യുന്ന തെന്നും അതിൽ ഇന്ത്യയുടെ പങ്ക് 6% മാത്രമാണെന്നും തുറമുഖ ഡയറക്ടർ അറിയിച്ചു. സമുദ്ര സാമീപ്യം കൂടുതലായി ഉള്ള സ്ഥലമെന്ന നിലയിൽ ഇന്ത്യയിൽ കേരളമാണ് മാരിടൈം വിദ്യാഭ്യാസത്തിന് അനുയോജ്യമായ സംസ്ഥാനമെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

മാരിടൈം മേഖലയിൽ സംസ്ഥാനത്ത് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് സ്വകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെങ്കിലും ഒരു കോഴ്സിന് അംഗീകാരം നേടിയശേഷം അംഗീകൃതമാണെന്ന പേരിൽ പല കോഴ്സുകളും നടത്തുന്നുണ്ടെന്നും തുറമുഖ ഡയറക്ടർ മറുപടി നൽകി.

നീണ്ടകര, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ എത്ര തുകയാണ് ചെലവാക്കേണ്ടതെന്ന് സമിതി ആരാഞ്ഞതിന് പ്രാഥമിക മുതൽ മുടക്ക് സംസ്ഥാനം വഹിക്കേണ്ടതാണെന്നും, മൊത്തം ചെലവിന്റെ 75% നബാർഡിന്റെ ധനസഹായമാണെന്നും, ബാക്കിവരുന്ന തുകയാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതെന്നും തുറമുഖ ഡയറക്ടർ മറുപടി നൽകി. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കോഴ്സുകൾ ആരംഭിക്കുമ്പോൾ സ്വന്തം ചെലവിൽ

തന്നെ പരിശീലനം നല്കാനാണ് ഉദ്ദേശിക്കുന്നതെന്നും തുറമുഖ ഡയറക്ടർ അറിയിച്ചു. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സമയം നിശ്ചയിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കെട്ടിട നിർമ്മാണത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായാൽ മാത്രമേ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ഇൻസ്പെക്ഷൻ നടത്തി ഡീപ്പ് സീ ഷിപ്പിംഗിനുള്ള അനുമതി നല്കുകയുള്ളൂവെന്നും, അതിനായി സംസ്ഥാന സർക്കാർ അപേക്ഷ നൽകിയിട്ടുണ്ടെന്നും, ഒന്നാംഘട്ട നിർമ്മാണം 2014-ഓടുകൂടി പൂർത്തിയാകുമെന്നും അതിനു ശേഷം കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും തുറമുഖ ഡയറക്ടർ അറിയിച്ചു.

നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനോദ്ഘാടനം 2010 മേയ് 3-ാം തീയതി നടന്നതിനെത്തുടർന്ന് ഹൗസ് ബോട്ടുകളിലേയും ടൂറിസം ബോട്ടുകളിലേയും തൊഴിലാളികൾക്ക് പ്രസ്തുത മേഖലയിലുള്ള അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനും, ടി മേഖലയിലെ പ്രവർത്തനങ്ങൾക്ക് അവശ്യം അറിഞ്ഞിരിക്കേണ്ട ചട്ടങ്ങളേയും നിയമങ്ങളേയും കുറിച്ച് ബോധവൽക്കരിക്കുന്നതിനുമായി ഒരു കോഴ്സ് ആരംഭിക്കുകയുണ്ടായെന്നും, അവിടെയുള്ള ഒരു താത്കാലിക കെട്ടിടത്തിൽ വച്ചാണ് നാലു ദിവസത്തെ ടി കോഴ്സ് നടത്തുന്നതെന്നും, ഇതിനോടകം 7000-ഓളം പേർക്ക് പരിശീലനം നല്കിക്കഴിഞ്ഞുവെന്നും, ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തം നിലയിൽ നടത്തുന്ന പ്രസ്തുത കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നല്കുന്നുണ്ടെന്നും, ഹൗസ് ബോട്ട് മേഖലയിൽ സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്നതിനാൽ ബോട്ട് ഉടമകളുടെ സംഘടനകൾ നല്കുന്ന തുക ഉപയോഗിച്ചാണ് പ്രസ്തുത കോഴ്സ് നടത്തുന്നതെന്നും തുറമുഖ ഡയറക്ടർ അറിയിച്ചു.

വെസ്റ്റ്കോസ്റ്റ് മാരിടൈം സർവ്വകലാശാലയുടെ പ്രവർത്തനം എപ്രകാരമാണെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത സർവ്വകലാശാലയെക്കുറിച്ച് ഒരു ഏകദേശ ധാരണമാത്രമേ ആയിട്ടുള്ളൂവെന്ന് തുറമുഖ ഡയറക്ടർ മറുപടി നൽകി. പ്രസ്തുത സർവ്വകലാശാല കേരളത്തിലാണോ ആരംഭിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് അത് കേരളത്തിലാണ് ആരംഭിക്കുന്നതെന്നും, നിലവിൽ ഇന്ത്യയിൽ ഒരു മാരിടൈം സർവ്വകലാശാല മാത്രമാണുള്ളതെന്നും അത് ചെന്നൈയിൽ പ്രവർത്തിക്കുന്ന ഈസ്റ്റ് കോസ്റ്റ് മാരിടൈം സർവ്വകലാശാലയാണെന്നും തുറമുഖ ഡയറക്ടർ മറുപടി നൽകി. ഇന്ത്യാ ഗവൺമെന്റിന്റെ ഷിപ്പിംഗ് മന്ത്രാലയം നടത്തുന്ന പ്രസ്തുത സർവ്വകലാശാലയ്ക്ക് വിശാഖപട്ടണത്തും കൊച്ചിയിലും കാമ്പസുകളുണ്ടെന്ന് ഡയറക്ടർ തുടർന്ന് അറിയിച്ചു. കേരള സർക്കാരിന്റേതായി വെസ്റ്റ്കോസ്റ്റ് മാരിടൈം സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണെന്നും, അതിന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ലഭിക്കേണ്ടതുണ്ടെന്നും, അതിനാവശ്യമായ അടിസ്ഥാന സൗകര്യവികസനവും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യുന്നപക്ഷം അംഗീകാരം ലഭിക്കുന്നതാണെന്നും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

## II. സമിതിയുടെ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പിലെയും ശുപാർശ കളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

1. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 139-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 4930/സബ്.സി.എ2/2011/നി.സെ.)

കൊച്ചി ട്രക്ക് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രസ്തുത ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽനിന്നും വിശദീകരണം ആരായുകയും ചെയ്തു. കൊച്ചി ട്രക്ക് ടെർമിനൽ നിർമ്മാണം അടുത്ത ബഡ്ജറ്റിലെ ഒരു പ്രധാന ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിലേക്ക് 10 കോടി രൂപ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് കൊച്ചി ട്രക്ക് ടെർമിനൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കി.

2. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 134-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയിൽനിന്നും വിശദീകരണം ആരായുകയും ചെയ്തു. തിരുവനന്തപുരം മോണോറെയിലിന്റെ പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും കൂടാതെ സ്ഥലമെടുപ്പിനാവശ്യമായ തുക കോമൺപൂളിൽ നിന്നും ലഭിക്കുമെന്നും അതിനാൽ 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന 134-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ നടപടി സ്വീകരിക്കേണ്ടിവന്നില്ലെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് സമിതി പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

3. 8-3-2007-ലെ യോഗനടപടിക്കുറിപ്പിലെ ചങ്ങനാശ്ശേരി ബോട്ട് ജെട്ടി കെട്ടിടത്തിന്റെ പണി പുനർ ടെണ്ടർ ചെയ്യണമെന്ന ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 13974/സബ്.സി.എ2/2006/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

4. 2006-07 വർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ 14-ാം ഖണ്ഡികയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 12482/സബ്.സി.എ2/2006/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 19-2-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V, 2014 ഫെബ്രുവരി മാസം 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'III എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബെന്നി ബെഹനാൻ, എം.എൽ.എ.
2. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
4. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. ബാലകിരൺ, കളക്ടർ, കണ്ണൂർ
2. ശ്രീ. കെ. ജി. സുരേഷ് കുമാർ, സ്പെഷ്യൽ സെക്രട്ടറി, എച്ച്.ഇ.ഡി.
3. ശ്രീമതി രൂപകല ജഗത്, സ്പെഷ്യൽ സെക്രട്ടറി, പി.ഡബ്ല്യൂ.ഡി.
4. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. സണ്ണി ജോൺ, അഡീഷണൽ സെക്രട്ടറി, പി.ഡബ്ല്യൂ.ഡി.
6. ശ്രീ. സുരേഷ് കുമാർ, യു.എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.
7. ശ്രീമതി ടി. എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി, തുറമുഖ വകുപ്പ്

8. ശ്രീമതി ആനിജൂലാ തോമസ്, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

9. ശ്രീ. മുഹമ്മദ് ഹനീഷ്, എം.ഡി., ആർ.ബി.ഡി.സി.

10. ശ്രീ. ബാബുരാജ്, എം.ഡി., ആർ.ഐ.സി.കെ.

11. ശ്രീ. കെ. എസ്. രാജു, എം.ഡി., കെ.എസ്.സി.സി.

12. ശ്രീ. ജേക്കബ് തോമസ്, ഡയറക്ടർ ഓഫ് സ്പോർട്സ്

13. ശ്രീമതി പെണ്ണമ്മ, സി.ഇ., പി.ഡബ്ല്യൂ.ഡി.

14. ശ്രീ. പി. കെ. സതീശൻ, സി.ഇ., പി.ഡബ്ല്യൂ.ഡി, റോഡ്സ് & ബിൽഡിംഗ്സ്

15. ശ്രീ. പി. ജി. സുരേഷ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.എസ്.ടി.പി.

16. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ

17. ശ്രീ. പി. കെ. ജയരാജൻ, സീനിയർ എഫ്.ഒ., പി.ഡബ്ല്യൂ.ഡി.

18. ശ്രീ. ടി. എം. മാത്യൂകുട്ടി, സീനിയർ എ.ഒ., കെ.എസ്.ഡി.സി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XV—പൊതുമരാമത്ത്, XL—തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിൽവരുന്ന കണക്കിനങ്ങളെ സംബന്ധിച്ച സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ശിപാർശകൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

1. 2059-01-051—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം

നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കുള്ള തുകയാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. 41.27 ലക്ഷം ച.വിസ്തീർണ്ണം വരുന്ന 6351 ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെന്നും, ഓഫീസ് കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾക്കായി 340 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 157 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2. 2059-01-053—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപണികളും.

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50.50 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 35.69 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3. 2059-60-051—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി എന്നീ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കുമുള്ള തുക, വി.ഐ.പി. വിസിറ്റ്, കേരള ഹൗസ്, ന്യൂഡൽഹിയിലെ പണികൾക്കുള്ള തുക എന്നിവയിലേക്കായി 14.48 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന 6.25 കോടി രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4. 2059-60-053—പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 34.24 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5. 2059-80-003-99—പൊതുമരാമത്ത്—ജനറൽ—പരിശീലനം

ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പരിശീലനത്തിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ടി തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ 1.4 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6. 2059-80-053—പൊതുമരാമത്ത് —ജനറല്—സംരക്ഷണവും അറ്റകുറ്റപണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കലും സംരക്ഷണവും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 32.76 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഡൽഹിയിലെ ട്രാവൻകൂർ പാലസിന്റെയും കപൂർത്തല പാലസിന്റെയും നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി വകുപ്പിനോട് ആരായുകയുണ്ടായി. ട്രാവൻകൂർ പാലസിനെ മ്യൂസിയമാക്കാനുള്ള നടപടികളും, കപൂർത്തല പ്ലോട്ടിൽ ഗസ്റ്റ് ഹൗസും ഡോർമെറ്ററിയും പണിയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നതായി വകുപ്പ് സമിതിയെ അറിയിച്ചു. തുടർന്ന് ട്രാവൻകൂർ പാലസും കപൂർത്തല കൊട്ടാരവും നവീകരിക്കുന്നത് സംബന്ധിച്ച ഒരു പ്രസന്റേഷൻ നടത്തണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

7. 3054-01-001-99—റോഡുകളും പാലങ്ങളും— നാഷണൽ ഹൈവേയ്സ് ഭരണവും നടത്തിപ്പും —ചീഫ് എഞ്ചിനീയർ,നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയര്, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകള്, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. യാത്രാബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

8. 3054-01-001-98—റോഡുകളും പാലങ്ങളും— നാഷണൽ ഹൈവേ— ഭരണവും നടത്തിപ്പും— മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയര്, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകള്, ഡിവിഷണൽ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വാടകക്കരം ഇനത്തിൽ 10 ലക്ഷം രൂപ അധികമായും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 4.50 ലക്ഷം രൂപ അധികമായും കറന്റ് ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് 5 ലക്ഷം രൂപ അധികമായും ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

9. 3054-01-800-99—റോഡുകളും പാലങ്ങളും നാഷണൽ ഹൈവേകള്—മറ്റ് ചെലവുകള്— മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

പ്രസ്തുത ശീർഷകത്തിൽ നിന്നും നിലവിൽ 150 ലക്ഷം രൂപയുടെ ബില്ല് കൊടുക്കാനുണ്ടെന്നും ധാരാളം അപകടങ്ങൾ മുനിസിപ്പൽ അതിർത്തിക്കുള്ളിൽവരുന്ന ഹൈവേകളിൽ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വന്നിരിക്കുകയാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 5 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

10. 3054-03-337-99—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—സാധാരണ അറ്റകുറ്റ പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ബിറ്റുമിന്റെ വില നൽകാനും അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 365 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. ഈ ശീർഷകത്തിൽ തുക അനുവദിക്കുന്നതിന് പ്ലാനിംഗ് ബോർഡ് എന്തെങ്കിലും നിയന്ത്രണം വച്ചിട്ടുണ്ടോയെന്ന സമിതി ചോദ്യത്തിന് കഴിഞ്ഞ വർഷം അനുവദിച്ച തുകയേക്കാൾ 10% കൂടുതലായിട്ടാണ് അടുത്ത വർഷം അനുവദിച്ച് വരുന്നതെന്ന് വകുപ്പുദ്യോഗസ്ഥന്മാർ മറുപടി പറഞ്ഞു.

11. 3054-03-337-98—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 501.20 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

12. 3054-03-337-97—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—ഗതാഗത സൗകര്യങ്ങളുടെ സ്പെഷ്യൽ അറ്റകുറ്റപ്പണികൾ

റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 200 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

13. 3054-03-337-96—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികള്.

പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 360.30 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

14. 3054-03-337-95—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/ സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

15. 3054-03-337-94—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂര്, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

16. 3054-03-337-93—റോഡുകളും പാലങ്ങളും സംസ്ഥാന ഹൈവേകള്—റോഡുപണികള്—ശബരിമല വർക്കുകൾ

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 140 കോടി രൂപ കൂടി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

17. 3054-04-105-97—റോഡുകളും പാലങ്ങളും ജില്ലാതല റോഡുകളും മറ്റു റോഡുകളും സംരക്ഷണവും അറ്റകുറ്റപ്പണികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുന്ന പ്രസ്തുത ശീർഷകത്തിൽ തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18. 3054-80-001-99—റോഡുകളും പാലങ്ങളും ജനറല്—ഭരണവും നടത്തിപ്പും നടത്തിപ്പ്

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 2,00,000 രൂപയും വൈദ്യുതി ചെലവിന്

11,50,000 രൂപയും ടെലഫോൺ ചെലവിന് 4,50,000 രൂപയും മറ്റിനങ്ങൾക്ക് 15,00,000 രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 4,00,000 രൂപയായും മറ്റ് ചെലവുകൾ 5,00,000 രൂപയായും പി.ഒ.എല്. ഇനത്തിൽ 6,00,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19. 3054-80-001-98—റോഡുകളും പാലങ്ങളും ജനറല്—ഭരണവും നടത്തിപ്പും-മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ മറ്റിനങ്ങളിൽ 6,00,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 3,00,000 രൂപയും പി.ഒ.എല്. ഇനത്തിൽ 5,00,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

20. 3054-80-001-97—റോഡുകളും പാലങ്ങളും ജനറല്—ഭരണവും നടത്തിപ്പും നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നായതിനാൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 10,00,000 രൂപയും വൈദ്യുതി ചെലവിന് 15,00,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 10,00,000 രൂപയും പി.ഒ.എല്. ഇനത്തിൽ 10,00,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21. 3054-80-004-99—റോഡുകളും പാലങ്ങളും ജനറല്—ഗവേഷണവും പരിഷ്ക്കരണവും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 25,000 രൂപയും വൈദ്യുതി ചെലവിന് 50,000 രൂപയും ടെലഫോൺ ചെലവിന് 25,000 രൂപയും പി.ഒ.എല്. ഇനത്തിന് 50,000 രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ

ചെയ്യുവാൻ തീരുമാനിച്ചു.

22. 3054-80-004-98—റോഡുകളും പാലങ്ങളും ജനറല്—ഗവേഷണവും പരിഷ്കരണവും പബ്ലിക്ക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾക്ക് 40,000 രൂപയും പി. ഒ. എല്. ഇനത്തിൽ 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

23. 3054-80-004-96—റോഡുകളും പാലങ്ങളും ജനറല്—ഗവേഷണവും പരിഷ്കരണവും പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം

പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായ പഠനം നടത്താൻ വേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

24. 3054-80-052-98—റോഡുകളും പാലങ്ങളും ജനറല്—യന്ത്രോപകരണങ്ങള്—വാഹനങ്ങളും അറ്റകുറ്റപ്പണികളും

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡു റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും റോഡ് റോളറുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ പേയ്മെന്റ് നൽകാനും വിവിധ വർക്ക്ഷോപ്പുകളിൽ പണി ചെയ്യാൻ കിടക്കുന്ന റോളറുകൾക്കായി 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

25. 3054-80-107-97—റോഡുകളും പാലങ്ങളും ജനറല്—റെയിൽവേ സുരക്ഷിതത്വ പണികള്—കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കുടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന്

സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

26. 3054-80-800-95—റോഡുകളും പാലങ്ങളും ജനറല്—മറ്റ് ചെലവുകള്—റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകള്, ട്രാഫിക് ഐലന്റുകള്, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കണ്ണൂര്, ചാല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷാ പദ്ധതികൾക്കായി 71.48 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

27. 3054-80-800-94(03)—റോഡുകളും പാലങ്ങളും ജനറല്—മറ്റ് ചെലവുകള്—വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 24 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

28. 3054-80-800-92—റോഡുകളും പാലങ്ങളും ജനറല്—മറ്റ് ചെലവുകള്—കേരള റോഡ് ഫണ്ട്

കേരള റോഡ് ഫണ്ട് ബോർഡ് ആക്ട് പ്രകാരം മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിലേക്ക് സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകേണ്ടതാണ്. ഈയിനത്തിൽ നിലവിലുള്ള കുടിശ്ശിക തുക ഉൾപ്പെടെ 500 കോടി രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

29. 4059-01-051-99—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം—സംസ്ഥാന നിയമസഭ

കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

30. 4059-01-051-96-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം—ഭൂനികുതി—വൻകിട മരാമത്തു പണികൾ

ഭൂനികുതി വകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.94 കോടി രൂപ അധികമായി ധനപുനർവിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

31. 4059-01-051-95-16—പൊതുമരാമത്ത് മൂലധനചെലവ്– ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം– മുദ്രപത്രുങ്ങള്, രജിസ്ട്രേഷന്, വൻകിട മരാമത്ത് പണികൾ

പ്രസ്തുത ശീർഷകത്തിൽ 4.9620 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1.9 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടത്തിന് 9.0969 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ 3.0620 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

32. 4059-01-051-94-16—പൊതുമരാമത്ത് മൂലധനചെലവ്– ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം– സ്റ്റേറ്റ് എക്സൈസ്– വൻകിട മരാമത്തു പണികൾ

എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ ഉൾപ്പെടെയുള്ള പല മേജർ പണികളും പൂർത്തിയാക്കേണ്ടതുള്ളതിനാലും തൃശ്ശൂർ അക്കാഡമിയുടെ പണി പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിൽ 2.429 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

33. 4059-01-051-93-16—പൊതുമരാമത്ത് മൂലധനചെലവ്– ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം– വിൽപ്പന നികുതി– വൻകിട മരാമത്തു പണികൾ

കണ്ണൂര്, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകുപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ 1.42 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34. 4059-01-051-92-16—പൊതുമരാമത്ത് മൂലധനചെലവ്– ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം– പബ്ലിക് സർവ്വീസ് കമ്മീഷന്—വൻകിട മരാമത്തു പണികൾ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാലും ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗതിയിലായതിനാലും കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാലും 3.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന്

സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

35. 4059-01-051-91-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്—വൻകിട മരാമത്തുപണികൾ

സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ 13.6685 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

36. 4059-01-051-90-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം ട്രഷറിയും അക്കൗണ്ട് ഭരണവും—വൻകിട മരാമത്തുപണികൾ

ട്രഷറികളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

37. 4059-01-051-89-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം—പോലീസ്—വൻകിടമരാമത്തുപണികൾ

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

38. 4059-01-051-88-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം—ജയില്—വൻകിട മരാമത്തുപണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. എന്നീ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച 4 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. പ്രസ്തുത ഓഫീസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പല പണികളും ചെയ്യാനുള്ളതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

39. 4059-01-051-86-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം—പൊതുമരാമത്ത് (സിവിൽ പണികള്)—വൻകിട മരാമത്ത് പണികൾ

സിവിൽ സ്റ്റേഷന്, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള

അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 10 കോടി രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

40. 4059-01-051-85-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം- അഗ്നിപ്രതിരോധവും നിയന്ത്രണവും- വൻകിട മരാമത്തു പണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുവാനും പുതിയ ജോലികൾക്കുമായി അധിക തുക ആവശ്യമായതിനാൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

41. 4059-01-051-75-16—പൊതുമരാമത്ത് മൂലധനചെലവ്- ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം- വാണിജ്യനികുതി വകുപ്പ്—വൻകിട മരാമത്ത് പണികൾ

വാണിജ്യവകുപ്പിന്റെ പണികൾക്കായി 50 ലക്ഷം രൂപ പ്ലാൻ ഇനത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങിയവ അവരവരുടേതായ ഏജൻസികളെക്കൊണ്ട് ടി വകുപ്പ് കെട്ടിടങ്ങൾ നിർമ്മിക്കാറുണ്ടെന്നും അറ്റകുറ്റപ്പണികൾ പോലുള്ള പണികൾക്കും പന്തൽ ഇടുന്നതിനും മാത്രമാണ് തങ്ങളെ സമീപിക്കാറുള്ളതെന്നും ചീഫ് എഞ്ചിനീയര്, ബിൽഡിംഗ് സമിതി മുൻപാകെ അറിയിച്ചു. ആരോഗ്യം, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകള്, അവരുടെ ബഡ്ജറ്റ് വിഹിതം, ഓരോ പ്രോജക്ടിനും ഓരോ സ്പെഷ്യൽ ആഫീസറെ വച്ച് മുൻകൂറായി പിൻവലിച്ച് അവരുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണെന്നും എഞ്ചിനീയറിംഗ് വിദഗ്ധരെ അക്കൗണ്ട് കരാറുകൾ ഏൽപ്പിച്ച് നടപടിയുടെ നൂലാമാലകളോ ധനകാര്യ അച്ചടക്കങ്ങളോ പാലിക്കാതെ കെട്ടിടങ്ങൾ നിർമ്മിക്കുകയാണെന്നും പറഞ്ഞു. എന്നാൽ പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിലുള്ള തുകയ്ക്കു അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും ടെക്നിക്കൽ സാങ്ഷനും വേണമെന്നും 10 കോടിക്ക് മുകളിലുള്ള തുകയ്ക്ക് ടി.എസ്. കൊടുക്കാൻ ചീഫ് എഞ്ചിനീയേഴ്സിന് അധികാരമില്ലായെന്നും എഞ്ചിനീയറിംഗ് എക്സ്പേർട്ടിനെ കരാറേൽപ്പിക്കാൻ പ്രൊവിഷൻ അനുവദിക്കുന്നില്ലായെന്നും വകുപ്പ് ഉദ്യോഗസ്ഥ സമിതി മുമ്പാകെ ബോധിപ്പിച്ചു.

42. 4059-01-051-72—പൊതുമരാമത്ത് മൂലധനചെലവ്- ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം- വില്ലേജാഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജാഫിസുകൾക്കുവേണ്ടിയുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക

അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

43. 4059-01-051-71—പൊതുമരാമത്ത് മൂലധനചെലവ്- ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങള്)—വൻകിട മരാമത്തു പണികൾ

മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

44. 4059-01-051-67—പൊതുമരാമത്ത് മൂലധനചെലവ്- ഓഫീസ് കെട്ടിടങ്ങള്—നിർമ്മാണം സർക്കാരിന്റെ കീഴിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം

പൈതൃകകെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ആരംഭിച്ച ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുവാൻ 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45. 4059-60-051-99-16—പൊതുമരാമത്ത് മൂലധനചെലവ്- മറ്റ് കെട്ടിടങ്ങൾ നിർമ്മാണം- സംസ്ഥാന നിയമസഭ—വൻകിട മരാമത്തുപണികൾ

സംസ്ഥാന നിയമസഭയിലെ പണികൾക്കായി അനുവദിച്ച ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ ഹാളിനകത്തെ സൗണ്ട് സിസ്റ്റം മാറ്റി സ്ഥാപിക്കേണ്ടതിനാൽ 50 ലക്ഷം രൂപ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

46. 4059-60-051-88-16—പൊതുമരാമത്ത് മൂലധനചെലവ്- മറ്റ് കെട്ടിടങ്ങള്നിർമ്മാണം- ജയില്—വൻകിട മരാമത്തുപണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം എന്നീ കണക്കിനങ്ങൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ

ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

47. 4059-60-051-86-16—പൊതുമരാമത്ത് മൂലധനചെലവ്- മറ്റ് കെട്ടിടങ്ങള്—നിർമ്മാണം പൊതുമരാമത്ത് പണികൾ (സിവിൽ പണികള്)—വൻകിട മരാമത്തുപണികൾ

സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നു കൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

48. 4059-60-051-85-16—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങള്—നിർമ്മാണം—അഗ്നിപ്രതിരോധവും നിയന്ത്രണവും വൻകിട മരാമത്ത് പണികൾ

ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 7.14 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ നടപ്പുപണികൾക്കും പുതിയ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുമായി 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

49. 4059-60-051-77-16—പൊതുമരാമത്ത് മൂലധനചെലവ്- മറ്റ് കെട്ടിടങ്ങള്—നിർമ്മാണം നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം.

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

50. 4059-80-051-79—പൊതുമരാമത്ത് മൂലധനചെലവ്- ജനറല്—നിർമ്മാണം ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം

ഭരണാനുമതി കൊടുത്ത പണികൾ ചെയ്തു തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

51. 4059-80-051-78-16—പൊതുമരാമത്ത് മൂലധനചെലവ്- ജനറല്—നിർമ്മാണം സൈനിക സ്കൂള്—വൻകിട മരാമത്ത് പണികൾ

സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി 2 കോടി

രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

52. 5054-01-337—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകള്—നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—റോഡു പണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. കുറ്റിപ്പുറം—പുതുപൊന്നാനി റോഡ് താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പുരോഗതിയിലായതിനാൽ 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. ബൈലൈനുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദേശീയപാതയ്ക്ക് സമാന്തരമായി കടന്നുപോകുന്ന റോഡുകൾ ആണെന്നും താഴെ ചൊവ്വാ ഉൾപ്പെടെ രണ്ടു ൗണുകളിലാണ് ഇപ്പോൾ ചെയ്യുന്നതെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

53. 5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകള്—നാഷണൽ ഹൈവേകൾ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെവികസനം—വൻകിടമരാമത്തു പണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവനറോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന—കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാംഘട്ടം കരമന—പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

54. 5054-01-337-96—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്— നാഷണൽ ഹൈവേകള്—നാഷണൽ ഹൈവേ കടന്ന പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്—ദേശീയ പാതയിലെ ബൈപ്പാസുകളുടെ നിർമ്മാണം

കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പണി ഫിഫ്റ്റി-ഫിഫ്റ്റി എന്നുള്ള രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും, ഇതിനുവേണ്ടി ടെണ്ടർ വിളിച്ചു കഴിഞ്ഞെന്നും ഏകദേശം 600 കോടി രൂപയുടെ വർക്കാണെന്നും അതിൽ 300 കോടി പി.ഡബ്ല്യു.ഡി. നൽകേണ്ടതാണെന്നും വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ബില്ല് കൊടുത്ത് കഴിഞ്ഞതിനുശേഷം 30-ാമത്തെ ദിവസം പേയ്മെന്റ് കൊടുത്തില്ലെങ്കിൽ അടുത്ത ദിവസം മുതൽ ഫൈൻ ഉൾപ്പെടെ കൊടുക്കേണ്ടിവരുമെന്നും അതുകൊണ്ട് ഒരു പ്രത്യേക ലൈനിൽ കൂടി പെയ്മെന്റ് കൊടുക്കാനുള്ള സംവിധാനം ഉണ്ടാകുന്നത് നന്നായിരിക്കുമെന്ന് ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.

അങ്കമാലി ബൈപ്പാസിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കഴിഞ്ഞ ഒരു മാസമായി ഫീൽഡ് വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നും, ചാലക്കുടി—കരയാമ്പറമ്പ് പാലത്തിന്റെ അടുത്തുനിന്നും പടിഞ്ഞാറോട്ടുപോയി പാടശേഖരത്തിലൂടെ അങ്കമാലി റെയിൽവെസ്റ്റേഷന്റെ പരിസരത്തുകൂടി സൂര്യ ഇന്റർനാഷണൽ ജംഗ്ഷനിൽ എത്തിയിട്ട് ക്രോസ്സ് ചെയ്ത് പോകുമെന്നും ഇതിനെ എയർപോർട്ട് റോഡുമായി ചേർത്താൽ മാത്രമേ പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂവെന്നും ആര്.ബി.ഡി.ഡി. (Roads & Bridges Development Corporation) എം.ഡി. സമിതിയെ അറിയിച്ചു. എയർപോർട്ട്-സീപോർട്ട് റോഡ് വന്നുചേരുന്ന ജംഗ്ഷനിലേയ്ക്ക് അങ്കമാലി ബൈപ്പാസ് കൊണ്ടുവരാൻ കഴിയില്ലെന്നും രണ്ടും തമ്മിൽ കണക്ട് ചെയ്യാൻ ഫ്ലൈഓവർ പോലുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താനേ നിവർത്തിയുള്ളൂ എന്നും എം.ഡി. സമിതിയെ അറിയിച്ചു. ഇതിനെക്കുറിച്ച് എയർപോർട്ടുകാരുമായി ചർച്ച ചെയ്തതിനുശേഷമേ എന്തെങ്കിലും തീരുമാനമെടുക്കാവൂയെന്നും അല്ലെങ്കിൽ എയർപോർട്ട് റോഡിൽ Congestion ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പണിതുടങ്ങിക്കഴിഞ്ഞതിനാൽ ഇവയുടെ സംസ്ഥാന വിഹിതമായ 260 കോടി രൂപയും, കോഴിക്കോട് ബൈപ്പാസിന്റെ ബാക്കി ഭാഗം, തലശ്ശേരി-മാഹി ബൈപ്പാസ്സ് തുടങ്ങിയവയ്ക്കും തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

55. 5054-01-800-99—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് സംബന്ധിച്ച—നാഷണൽഹൈവേകള്—മറ്റ് ചെലവുകള്—ദേശീയ പാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വനടപടികള്.</u>

റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ

വകയിരുത്തിയ തുക 5 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

56. 5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—സംസ്ഥാന രാജപാതകള്—പാലങ്ങള്—പാലങ്ങളും കലുങ്കുകളും വൻകിട മരാമത്ത് പണികൾ

സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 20 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

57. 5054-03-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് സംസ്ഥാന രാജപാതകള്—പാലങ്ങൾ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി—വൻകിട മരാമത്ത് പണികൾ

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികളുടെ പൂർത്തീകരണത്തിനും പുതിയ ജോലികൾക്കുമായി 60 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

58. 5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്— സംസ്ഥാന രാജപാതകള്—റോഡുപണികള്—വികസനവും പരിഷ്കരണവും വൻകിടമരാമത്തുപണികൾ

സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കു തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാനുമായി 129.41 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

59. 5054-03-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്— സംസ്ഥാന രാജ പാതകള്—റോഡുപണികൾ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോകബാങ്ക് സഹായിക്കുന്നത്)

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ റോഡ് പണികൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പ്രധാന ജോലികൾ പൂർത്തിയാക്കാനും മറ്റ് അനുബന്ധ ജോലികൾക്കുമായി 431 കോടി രൂപ ധനപുനർവിനിയോഗം/

ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

60. 5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്— സംസ്ഥാന രാജപാതകള്—റോഡുപണികള്—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും ഉപരിതല പുനരുദ്ധാരണത്തിന് അധികതുക വേണ്ടിവരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

61. 5054-03-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാന രാജപാതകര്—റോഡുപണികൾ കാലാടിസ്ഥാനത്തിലുള്ള റോഡുകളുടെ പുനരുദ്ധാരണ പണികൾ (ലോക ബാങ്ക് സഹായത്തോടെയുള്ളത്)

ഈ ശീർഷകത്തിൽ നടപ്പുവർഷം തുക വകയിരുത്തിയിട്ടില്ല. ദീർഘകാല അടിസ്ഥാനത്തിലുള്ള റോഡുകളുടെ പുനരുദ്ധാരണ പണികൾക്കായി 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

62. 5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികള്—പ്രധാന ജില്ലാതല റോഡുകള്—പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി 155 കോടി രൂപയാണ് ആവശ്യപ്പെട്ടതെങ്കിലും 12.36 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണ്. 2013-14 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2014-15 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി 142.64 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

63. 5054-04-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികള്—മറ്റു ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്ത് പണികൾ

ഈ ശീർഷകത്തിൽവരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയം നിർമ്മാണം,

പരിഷ്കരണം തുടങ്ങിയ പണികൾക്കായി നടപ്പുവർഷം തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ 5 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

64. 5054-04-101-96-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികള്—പാലങ്ങളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികള്—വൻകിട മരാമത്തുപണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. RIDF XII മുതൽ XIX വരെയുള്ള പ്രവൃത്തികൾക്കും പുതിയ പദ്ധതികൾക്കുമായി 88.22 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

65. 5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികള്—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികള്—പൊതുമരാമത്തു പണികൾ (പാലങ്ങള്)

പാലങ്ങളുടെ വികസനത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കുടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി പ്ലാനിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

66. 5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—പ്രധാന—ജില്ലാതല റോഡുകള്—വികസനവും പരിഷ്കരണവും—വൻകിട മരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കായി 585 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 61.78 കോടി രൂപയാണ് അനുവദിച്ചത്. 2013-14 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2014-15 വർഷം പുതിയ ഭരണാനുമതി നൽകാനുമായി ബാക്കി 523.22 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

67. 5054-04-337-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും—മറ്റു ജില്ലാതല റോഡുകൾ പുതിയ പണികൾ

നടപ്പു സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

68. 5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-മറ്റു ജില്ലാതല റോഡുകൾ വികസനവും പരിഷ്ക്കരണവും

2014-15 വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 3 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

69. 5054-04-337-94-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികള്—വൻകിട മരാമത്തു പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. RIDF XII മുതൽ XIX വരെയുള്ള പണികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതി നടത്തിപ്പിനുംവേണ്ടി 84.70 കോടി രൂപ കൂടി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

70. 5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—തീരദേശ ഹൈവേ

തീരദേശ ഹൈവേ നിർമ്മാണത്തിന് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നടപ്പ് വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2013-14 വർഷം ആവിഷ്കരിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാനായി 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

71. 5054-04-337-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—മലയോര ഹൈവേ

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക

അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി 100 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

72. 5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—തിരുവനന്തപുരം കൊച്ചി കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം—വൻകിട മരാമത്തു പണികൾ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി 11.71 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

73. 5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—ശബരിമല റോഡ് പ്രോജക്ട്—വൻകിട മരാമത്തു പണികൾ

ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് വികസന പണികൾക്കായി 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 8.24 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ബാക്കി തുകയായ 41.76 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

74. 5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികള്—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികള്—പൊതുമരാമത്ത് പണികൾ (പാതകള്)

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 60 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

75. 5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും മറ്റുറോഡുപണികള്—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികള്—ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപ്പണികൾക്കു വേണ്ടി ഈ

ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

76. 5054-04-337-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—റോഡു പണികൾ പൊന്നാനി—വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം

പൊന്നാനി—വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിനുവേണ്ടി പുതിയതായി ആരംഭിച്ച ഈ ശീർഷകം 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതിയ്ക്ക് 117 കോടി രൂപയുടെ ഭരണാനുമതിയും 25 കോടി രൂപയുടെ ജോലികൾ ആരംഭിച്ചിട്ടുണ്ടെന്നും 50 കോടി രൂപയുടെ അടുത്തഭാഗംകൂടി 2014-15-ൽ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നും വകുപ്പ് സെക്രട്ടറി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ 75 കോടി രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

77. 5054-05-337-99 (01)—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകള്-റോഡു പണികള്-പ്രധാന സംസ്ഥാനാന്തര റോഡുകള്—സാമ്പത്തികമായോ സംസ്ഥാനന്തരമായോ പ്രാധാന്യമുള്ള റോഡുകൾ (100% കേന്ദ്ര, സഹായ പദ്ധതി)

പ്രധാന സംസ്ഥാനാന്തര റോഡുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

78. 5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്-സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകള്-റോഡു പണികള്-സി.ആര്.എഫ് റോഡുകൾ (സാധാരണ വിഹിതം) വൻകിട മരാമത്ത് പണികൾ

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50.60 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

79. 5054-80-190-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്-ജനറല്—പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം—പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനുള്ള സഹായം

ഈ ശീർഷകത്തിൽ നിലവിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ കമ്പനിയുടെ

പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന് 5 കോടി രൂപയും ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

80. 5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറല്—മറ്റ് ചെലവുകള്—റെയിൽവെ സുരക്ഷിതത്വ പണികൾ

റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച 40 പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി 90 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

81. 5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറല്—മറ്റ് ചെലവുകള്—മേൽപ്പാലങ്ങളുടെ പൂർത്തീകരണം

മുടങ്ങിക്കിടക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 14 മേൽപാലങ്ങൾ പണിതീർത്ത് ഗതാഗതത്തിന് തുറന്നുകൊടുക്കേണ്ടതിനാൽ 49 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

82. 5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറല്—മറ്റ് ചെലവുകള്—കൊച്ചിയിൽ സീ പോർട്ട്—എയർ പോർട്ട് റോഡ് നിർമ്മാണം.

കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് നിലവിലുള്ള 2 ലെയിൻ സീപോർട്ട്-എയർപോർട്ട് റോഡ് നാലു വരിയാക്കുന്നതിന് 55 കോടി രൂപയും രണ്ടാം ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും രണ്ട് പാലങ്ങളുടെ നിർമ്മാണത്തിന് 113 കോടി രൂപയും ആവശ്യമുണ്ട്. ആയതിനാൽ 92.41 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

83. 5054-80-800-70—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറല്—മറ്റ് ചെലവുകള്—മുൻഗണനാ പ്രവൃത്തികൾ

മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനായി 50 കോടി രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

84. 5054-80-800-68—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറല്—മറ്റ് ചെലവുകള്—പി.പി.പി. (ആന്വിറ്റി) നടപ്പിലാക്കല്—റോഡു സംരക്ഷണം.

നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ 300 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 17 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 283 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.